©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2023

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

(2022 ഡിസംബർ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണം, ഉന്നത വിദ്യാഭ്യാസം, സാംസ്കാരികകാര്യം, റവന്യൂ (ദേവസ്വം) എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2023

പതിനഞ്ചാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## ഇരുപത്തിയെട്ടാമത് റിപ്പോർട്ട്

(2022 ഡിസംബർ മാസം 6-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണം, ഉന്നത വിദ്യാഭ്യാസം, സാംസ്കാരികകാര്യം, റവന്യൂ (ദേവസ്വം) എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കിയുള്ളത്]

34/2023.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/ശിപാർശകളും | .. | 57 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 64 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എ. എം. ബഷീർ, സെക്രട്ടറി

ശ്രീ. ഷാജി സി. ബേബി, ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി അനിത ഇ., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2021-23) യുടെ ഇരുപത്തിയെട്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-2012 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട തദ്ദേശസ്വയംഭരണം, ഉന്നതവിദ്യാഭ്യാസം, സാംസ്കാരികകാര്യം, റവന്യൂ (ദേവസ്വം) എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 നവംബർ മാസം 30-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ഡിസംബർ 6.

# റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട സാംസ്കാരികകാര്യം, റവന്യൂ (ദേവസ്വം), തദ്ദേശസ്വയംഭരണം, ഉന്നതവിദ്യാഭ്യാസം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങളെ അടിസ്ഥാനമാക്കിയുള്ളത്.

## സാംസ്കാരികകാര്യ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

### സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

മലയാള ഭാഷയുടെ സർവ്വതോന്മുഖമായ വളർച്ച ലക്ഷ്യമാക്കിയാണ് 1955-ലെ തിരു.കൊച്ചി ലിറ്റററി സയന്റിഫിക് ആന്റ് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം 1968-ൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിതമായത്. ആധുനിക വിജ്ഞാനത്തിന്റെ എല്ലാ മേഖലകളിലും ആധികാരിക ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതോടൊപ്പം ഭരണഭാഷയെന്ന നിലയിൽ മലയാളഭാഷയുടെ ഉന്നമനവും ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്ഥാപിത ലക്ഷ്യമാണ്.

18-8-1999-ലെ ജി.ഒ.(പി)35/99 സി.എ.പി. പ്രകാരം ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിലെ നിയമനങ്ങളെല്ലാം പബ്ലിക് സർവ്വീസ് കമ്മിഷന് നൽകിയിരുന്നു. സർക്കാരിന്റെ അനുമതിയില്ലാതെ താൽക്കാലികമായി നിയമിച്ച ജീവനക്കാർ ഇപ്പോഴും സേവനത്തിൽ തുടരുന്നുണ്ട്. വിജ്ഞാനമുദ്രണം പ്രസ്സിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിന്റെ അംഗീകാരം തേടിയിട്ടില്ല. പുസ്തക പ്രസാധന പദ്ധതിയുമായി ബന്ധപ്പെട്ട ചെലവുകൾക്ക് മാത്രമേ റിവോൾവിംഗ് ഫണ്ടിൽ നിന്നും തുക ചെലവഴിക്കാവൂ എന്ന നിബന്ധനയിരിക്കെ ഇൻസ്റ്റിറ്റ്യൂട്ട് റിവോൾവിംഗ് ഫണ്ടിൽ നിന്നും ഭീമമായ തുക മറ്റ് കാര്യങ്ങൾക്കായി വകമാറ്റി ചെലവഴിക്കുകയും ആയത് തിരിച്ചടയ്ക്കാതിരിക്കുകയും ചെയ്യുന്ന പ്രവണതയുണ്ട്. വളരെ അശ്രദ്ധമായി റ്റി.എ. ബിൽ തയ്യാറാക്കി അനർഹമായി റ്റി.എ. കൈപ്പറ്റുന്നതായും ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്ഥാപനത്തിന്റെ ഭാഗത്തുനിന്നുള്ള വീഴ്ചമൂലം ചില ജീവനക്കാരുടെ പെൻഷൻ വൈകിയതിനാൽ കോടതി ഉത്തരവു പ്രകാരം അമിതമായ പലിശ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഫണ്ടിൽ നിന്നും നൽകേണ്ടി വന്നിട്ടുണ്ട്. ഓഡിറ്റിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിലും ഇൻസ്റ്റിറ്റ്യൂട്ട് കാലതാമസം വരുത്തുന്നുണ്ട്.

2007-08 സാമ്പത്തിക വർഷത്തിൽ കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് സർക്കാർ ധനസഹായം പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ യഥാക്രമം 35,00,000 രൂപയും 1,18,87,737 രൂപയും ലഭിച്ചിട്ടുണ്ട്. കൂടാതെ സ്പെഷ്യൽ ഗ്രാന്റായി പ്ലാൻ ഇനത്തിൽ

കേന്ദ്രസർക്കാരിന്റെ മാനവശേഷി വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള കമ്മീഷൻ ഫോർ സയന്റിഫിക് ആന്റ് ടെക്നിക്കൽ ടെർമിനോളജിയിൽ നിന്നും 30,00,000 രൂപയും ലഭിച്ചിട്ടുണ്ട്. 27-3-2007-ൽ കേന്ദ്ര സർക്കാർ അനുവദിച്ച സ്പെസിഫിക് പർപ്പസ് ഗ്രാന്റ് 6,20,375 രൂപ 2007-08 ൽ വരവ് വന്നിട്ടുണ്ട്.

ഫണ്ട് വിനിയോഗത്തിലും മറ്റ് ഓഫീസ് പ്രവർത്തനങ്ങളിലും വരുത്തുന്ന വീഴ്ചകൾ ഒഴിവാക്കിക്കൊണ്ട് മലയാള ഭാഷാശാഖയെ സമ്പന്നമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ശക്തിപ്പെടുത്തേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 6.3)

ഓഡിറ്റ് ഖണ്ഡികയ്ക്ക് സാംസ്കാരികകാര്യ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. വിജ്ഞാനമുദ്രണം പ്രസ്സിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിന്റെ അംഗീകാരം തേടിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശത്തെക്കുറിച്ചുള്ള സമിതിയുടെ ചോദ്യത്തിന് ഓഡിറ്റ് പരാമർശം 2011-12 വർഷത്തേതാണെന്നും 2018-ൽ വിജ്ഞാനമുദ്രണം പ്രസ്സിലെ താൽക്കാലിക ജീവനക്കാരെ കാബിനറ്റിന്റെ അംഗീകാരത്തോടുകൂടി സ്ഥിരപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

2. റിവോൾവിംഗ് ഫണ്ട് വകമാറ്റി ചെലവഴിച്ചതിനെ കുറിച്ച് സമിതി ആരാഞ്ഞതിന് പ്ലാൻ/നോൺ പ്ലാൻ ഫണ്ട് തികയാതെ വരുന്ന സന്ദർഭങ്ങളിൽ അത്യാവശ്യകാര്യങ്ങൾക്ക് റിവോൾവിംഗ് ഫണ്ടിൽ നിന്നും പണം ചെലവാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ടിന് അനുമതി ഉണ്ടെന്നും അങ്ങനെ ചെലവാക്കുന്ന തുക പിന്നീട് സർക്കാരിൽ നിന്നും ഗ്രാന്റ് ലഭിച്ചാലുടൻ റീക്കൂപ്പ് ചെയ്യുമെന്നും അതൊരു തുടർ പ്രക്രിയയാണെന്നുമുള്ള കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

3. രജിസ്റ്ററുകൾ പരിശോധനയ്ക്ക് നൽകുന്നില്ലെന്ന ഓഡിറ്റ് പരാമർശം 2011-12 ലേതാണെന്നും നിലവിൽ അത്തരത്തിലുള്ള പ്രശ്നങ്ങൾ ഇല്ലെന്നുമുള്ള കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടി സമിതി അംഗീകരിച്ചു.

4. പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ വൈകിയതിനാൽ അമിതമായ പലിശ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽനിന്നും നൽകേണ്ടി വന്നിട്ടുണ്ടെന്നുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ചുള്ള

സമിതിയുടെ ചോദ്യത്തിന്, പെൻഷൻ അനുകൂല്യങ്ങൾ നൽകുന്നതിന് കാലതാമസം വന്നതിന്റെ പേരിൽ വിരമിച്ച വ്യക്തി കോടതിയിൽ പോവുകയും കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉത്തരവാദിയായ ജീവനക്കാരിൽ നിന്ന് തുക ഈടാക്കുകയും ചെയ്തിട്ടുണ്ടെന്നും പലിശയിനത്തിൽ ചെറിയൊരു തുക ഗവേണിങ് ബോഡിയിൽ വച്ച് എഴുതി തള്ളാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടി സമിതി അംഗീകരിക്കുകയും ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ തീരുമാനിക്കുകയും ചെയ്തു.

5. റ്റി.എ. അനുവദിച്ചതിലുള്ള അപാകതകൾ സംബന്ധിച്ച പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന്, റ്റി.എ. ഇനത്തിൽ കൈപ്പറ്റിയ 1300 രൂപയും 955 രൂപയും തിരിച്ചടയ്ക്കാൻ തയ്യാറാണെന്ന് പരാമർശ വിധേയനായ ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുണ്ടെന്നും എന്നാൽ 12,259 രൂപ കൈപ്പറ്റിയെന്നത് ഒരേ സമയം രണ്ട് റ്റി.എ. കൈപ്പറ്റിയെന്ന ആക്ഷേപത്തിന്മേലുണ്ടായതും ടിയാൻ കോഴിക്കോടായിരുന്ന സമയത്ത് ഔദ്യോഗിക വാഹനം തിരുവനന്തപുരത്ത് ഉപയോഗിച്ചത് സംബന്ധിച്ചാണെന്നും തിരുവനന്തപുരത്തുള്ള ഉദ്യോഗസ്ഥരാരെങ്കിലും ഔദ്യോഗികാവശ്യത്തിന് വാഹനം ഉപയോഗിച്ചിട്ടുണ്ടാകാമെന്നാണ് പ്രസ്തുത ഉദ്യോഗസ്ഥൻ അറിയിച്ചിട്ടുള്ളതെന്നും കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമിതിയെ അറിയിച്ചു. തദവസരത്തിൽ ആദ്യത്തെ രണ്ട് പരാമർശത്തിലും തുക ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് തിരിച്ചടപ്പിക്കണമെന്നും മൂന്നാമത്തെ കേസിൽ വാഹനം എന്താവശ്യത്തിനുപയോഗിച്ചു എന്നത് സംബന്ധിച്ച് പരിശോധിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനമെടുക്കുന്നതായിരിക്കും ഉചിതമെന്നും പ്രിൻസിപ്പൽ സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് എത്രയും വേഗം വിഷയം പരിശോധിച്ച് തീരുമാനം കൈക്കൊള്ളാൻ സമിതി നിർദ്ദേശിച്ചു. ആയതിന്, ഒരു മാസത്തിനകം പരിശോധിച്ച് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരാമെന്ന് കേരള ഭാഷ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ സമിതി മുമ്പാകെ ഉറപ്പുനൽകി.

## നിഗമനങ്ങളും ശിപാർശകളും

**6. വിജ്ഞാനമുദ്രണം പ്രസ്സിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിന്റെ അംഗീകാരം തേടിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു.**

**7. റിവോൾവിംഗ് ഫണ്ട് വകമാറ്റി ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**8. രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശത്തിന് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**9. പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ വൈകിയതിനാൽ അമിതമായ പലിശ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നും നൽകേണ്ടി വന്നിട്ടുണ്ടെന്നുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**10. റ്റി.എ. അനുവദിച്ചതിലുള്ള അപാകതകൾ സംബന്ധിച്ച പരാമർശങ്ങളിൽ അധികമായി കൈപ്പറ്റിയ തുക പരാമർശവിധേയനായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. ഔദ്യോഗിക വാഹനം ഉപയോഗിച്ചിട്ടുള്ളതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ദിവസങ്ങളിൽ മറ്റു യാത്രയുടെ പേരിൽ ടി.എ. അനുവദിച്ചുവെന്ന പരാമർശം സംബന്ധിച്ച് ഔദ്യോഗിക വാഹനം എന്താവശ്യത്തിനു പയോഗിച്ചു എന്നതു സംബന്ധിച്ച് പരിശോധിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാനമെടുക്കു ന്നതായിരിക്കും ഉചിതമെന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം അടിയന്തരമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളാൻ സമിതി നിർദ്ദേശിക്കുന്നു.**

## റവന്യൂ (ദേവസ്വം) വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

**മലബാർ ദേവസ്വം ബോർഡ്**

മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ഓഡിറ്റ് നടത്തി 2011-12 വർഷം പുറപ്പെടുവിച്ച റിപ്പോർട്ടിൽ പരാമർശിച്ച പൊതു അപാകങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേത്രങ്ങളിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിലെ അപാകതകൾ

**1. ഇൻവെന്ററി രജിസ്റ്റർ**

1951-ലെ മദ്രാസ് ഹിന്ദുമതധർമ്മ സ്ഥാപന നിയമത്തിലെ 36-ാം വകുപ്പിലും 100-ാം വകുപ്പിലെ 2(എൽ) ഉപവകുപ്പിലും ക്ഷേത്രങ്ങളിലെ വിലപിടിപ്പുള്ള വസ്തുക്കളുടെ സൂക്ഷിപ്പിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. മിക്ക ക്ഷേത്രങ്ങളിലും പത്തോ പതിനഞ്ചോ വർഷം മുമ്പ് വരെ ലഭിച്ച വിലപിടിപ്പുള്ള വസ്തുക്കളുടെ വിവരങ്ങൾ മാത്രമാണ് ഇൻവെന്ററി രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുന്നത്. ലഭിച്ച സാധനങ്ങളുടെ കൃത്യമായ തൂക്കം, വില തുടങ്ങിയ വിവരങ്ങൾ പലപ്പോഴും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. പഴയ രജിസ്റ്ററുകൾ നശിച്ചു പോയാൽ ക്ഷേത്രത്തിന് മുൻകാലങ്ങളിൽ ലഭിച്ച ആഭരണങ്ങൾക്ക് കണക്കില്ലാതാവുകയും വിലപിടിപ്പുള്ള വസ്തുക്കൾ നഷ്ടപ്പെടാനിടയാക്കുകയും ചെയ്യും. ഇൻവെന്ററി രജിസ്റ്ററിന് വോള്യം നമ്പർ നൽകി മുൻകാല രജിസ്റ്ററുകൾ പ്രകാരമുള്ള

ആഭരണങ്ങളുടെ ആകെ തൂക്കം മുൻബാക്കിയായ പുതിയ രജിസ്റ്ററിൽ രേഖപ്പെടുത്തുകയോ പഴയ രജിസ്റ്ററിലെ വിവരങ്ങൾ പുതിയതിലേയ്ക്ക് ക്യാരി ഓവർ ചെയ്യുകയോ വഴി മുൻകാലങ്ങളിൽ ലഭിച്ച ആഭരണങ്ങളുടെ വിവരം കൈമോശം വരാതെ സൂക്ഷിക്കാവുന്നതാണ്.

### 2. ഭണ്ഡാരം സൂക്ഷിപ്പ് രജിസ്റ്റർ

ക്ഷേത്രങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ഭണ്ഡാരങ്ങളുടെ എണ്ണം സൂചിപ്പിക്കുന്ന ഭണ്ഡാരം സ്ഥാപിത രജിസ്റ്റർ പല ക്ഷേത്രങ്ങളിലും എഴുതി സൂക്ഷിക്കുന്നില്ല. രജിസ്റ്റർ പ്രകാരമുള്ള ഭണ്ഡാരങ്ങളുടെ എണ്ണവും യഥാർത്ഥത്തിൽ സ്ഥാപിച്ചിരിക്കുന്ന ഭണ്ഡാരങ്ങളുടെ എണ്ണവും തമ്മിൽ പൊരുത്തപ്പെടാറില്ല. ക്ഷേത്ര ഭണ്ഡാരങ്ങൾ തുറന്നെണ്ണുന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഒ.പി.630/90 തീയതി 20-1-1990 വിധിയിലെ നിർദ്ദേശങ്ങൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 3. ഡിറ്റം രജിസ്റ്റർ

ഹിന്ദുമത ധർമ്മ സ്ഥാപന നിയമത്തിലെ 51-ാം വകുപ്പ് പ്രകാരം ക്ഷേത്രങ്ങളിലെ നിത്യത, ആനുകാലികം, വാർഷികോത്സവം എന്നിവയ്ക്കാവശ്യമായ സാധന സാമഗ്രികളുടെയും മറ്റു സേവനങ്ങളുടെയും അളവ് തുക്കങ്ങൾ രേഖപ്പെടുത്തിയ ഡിറ്റം തയ്യാറാക്കി കമ്മീഷണറിൽ നിന്നും അംഗീകാരം വാങ്ങുകയും അതു പ്രകാരം മാത്രം ചെലവ് ചെയ്യേണ്ടതുമാണ്. എന്നാൽ മിക്ക ക്ഷേത്രങ്ങളിലും ഡിറ്റം തയ്യാറാക്കി അതിനനുസൃതമായി ചെലവ് ചെയ്യുന്നില്ല. ഡിറ്റത്തിന്റെ അഭാവത്തിൽ ക്ഷേത്രത്തിൽ ആവശ്യത്തിലും അധികമായി സാധനങ്ങൾ വാങ്ങുന്നുണ്ടോയെന്നും സേവനങ്ങൾക്ക് കൂടുതൽ പണം ചെലവഴിക്കുന്നുണ്ടോയെന്നും പരിശോധിക്കുവാൻ സാധിക്കില്ല.

### 4. വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിലും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിലും ഏകീകൃത രൂപമില്ല

ദേവസ്വങ്ങൾ എഴുതി സൂക്ഷിക്കുന്ന രജിസ്റ്ററുകൾ, പരിശോധനയ്ക്ക് സമർപ്പിക്കുന്ന വാർഷിക കണക്കുകൾ എന്നിവയ്ക്ക് ഏകീകൃത രൂപമില്ല. സ്പെഷ്യൽ ഗ്രേഡ്, എ ഗ്രേഡ് ക്ഷേത്രങ്ങൾ മാത്രമാണ് താരതമ്യേന മെച്ചപ്പെട്ട രീതിയിൽ കണക്കുകൾ എഴുതി സൂക്ഷിക്കുന്നത്. വാർഷിക കണക്കുകളിൽ മുന്നിരിപ്പായും നീക്കിയിരിപ്പായും കാണിക്കുന്നത് കയ്യിരിപ്പ് തുക മാത്രമാണ്. ബാങ്ക് ബാലൻസ് വാർഷിക കണക്കുകളിൽ പലപ്പോഴും ഉൾപ്പെടുത്താത്തതിനാൽ ക്ഷേത്രത്തിന്റെ സാമ്പത്തികസ്ഥിതി വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല. വരവ് ചെലവ് പത്രികകൾ പരിശോധിച്ചതിൽ ബാങ്കിൽ നിന്ന് പിൻവലിക്കുന്ന തുക വരവായും ബാങ്കിൽ നിക്ഷേപിക്കുന്ന തുക ചെലവായും കാണിക്കുന്ന പ്രവണത വ്യാപകമാണ്. സ്ഥിര നിക്ഷേപങ്ങൾ ചെലവായി

എഴുതുകയും പിൻവലിക്കുന്നത് വീണ്ടും വരവായി രേഖപ്പെടുത്തുകയും ചെയ്യുന്നു. ആയതിനാൽ പരിശോധനയ്ക്ക് സമർപ്പിച്ച വാർഷിക കണക്കുകൾ ക്ഷേത്രങ്ങളുടെ ശരിയായ സാമ്പത്തിക നില പ്രതിഫലിപ്പിക്കുന്നില്ല.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 6.4)

ഓഡിറ്റ് ഖണ്ഡികകൾക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

11. മലബാർ ദേവസ്വം ബോർഡിന്റെ വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിലും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിലും ഏകീകൃത സ്വഭാവമില്ല, ഇൻവെന്ററി രജിസ്റ്റർ സൂക്ഷിക്കുന്നതിലെ അപാകതകൾ, ഭണ്ഡാരം സൂക്ഷിപ്പ് രജിസ്റ്റർ, ഡിറ്റം രജിസ്റ്റർ തുടങ്ങിയവ സംബന്ധിച്ച ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞു. ഓഡിറ്റ് പരാമർശം വന്നതിനുശേഷം കൃത്യമായി രജിസ്റ്ററുകൾ സൂക്ഷിക്കണമെന്ന് ദേവസ്വം ബോർഡ് സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ടെന്നും 1798 ക്ഷേത്രങ്ങളുള്ളതിൽ തൊള്ളായിരത്തോളം ക്ഷേത്രങ്ങളിൽ ട്രസ്റ്റിമാരാണ് ഭരണം നടത്തുന്നതെന്നും രണ്ട് വർഷമാണ് കാലാവധിയെന്നും രണ്ട് വർഷം കഴിയുമ്പോൾ അവർക്കുപകരം ചുമതലയേൽക്കുന്നവർക്ക് രജിസ്റ്റർ കൈകാര്യം ചെയ്യുന്നതിനുള്ള പരിചയക്കുറവാണ് പ്രധാന പ്രശ്നമെന്നും അപാകതകൾ പരിഹരിക്കുന്നതിന് ഓഡിറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടെന്നും നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് മൂന്ന് വെരിഫിക്കേഷൻ ഓഫീസർമാർ പരിശോധിക്കുന്നുണ്ടെന്നും അതിനു പുറമേ ഓഡിറ്റ് വകുപ്പും വെരിഫിക്കേഷൻ നടത്തുന്നുണ്ടെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ വിശദീകരിച്ചു.

12. ട്രസ്റ്റിമാരുടെ നിയന്ത്രണത്തിലുള്ള ക്ഷേത്രങ്ങളിലെ അക്കൗണ്ട് പരിശോധിക്കുന്നതിന് മലബാർ ദേവസ്വം ബോർഡിൽ സ്ഥിരം സംവിധാനമില്ലെന്ന് ബോധ്യപ്പെട്ട സമിതി, ക്ഷേത്രങ്ങളുടെ എണ്ണം കൂടുതലാണെങ്കിലും ക്ഷേത്രങ്ങളെല്ലാം മലബാർ ദേവസ്വം ബോർഡിന്റെ കീഴിലായതുകൊണ്ടുതന്നെ അക്കൗണ്ടുകൾ പരിശോധിക്കാനുള്ള സ്ഥിരം സംവിധാനം ബോർഡുണ്ടാക്കണമെന്നും ക്ഷേത്രങ്ങളുടെ വരുമാനത്തിൽ വലിയ അന്തരമുള്ളതിനാൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങൾക്ക് നിലനിന്നുപോകാൻ സഹായകരമായ നിലപാട് സ്വീകരിക്കണമെന്നും നിയമാനുസൃതം കാര്യങ്ങൾ നടത്തുന്നതിനും പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിന് ദേവസ്വം ബോർഡ് നടപടി സ്വീകരിക്കണമെന്നും ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചു.

13. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സർക്കാരിന്റെ നിലപാടെന്താണെന്ന് സമിതി തുടർന്ന് ആരായുകയുണ്ടായി. ദേവസ്വം ബിൽ പ്രാബല്യത്തിൽ വന്നുകഴിഞ്ഞാൽ ഇത് സംബന്ധിച്ച വിഷയങ്ങൾക്ക് പരിഹാരം കണ്ടെത്താൻ സാധിക്കുമെന്നും പ്രസ്തുത ബിൽ ഫൈനൽ സ്റ്റേജിലാണെന്നും റവന്യൂ (ദേവസ്വം) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി വിശദീകരിച്ചു. മലബാർ ദേവസ്വത്തിന് കീഴിലുള്ള ഏതാണ്ട് 90 ശതമാനം ക്ഷേത്രങ്ങളും കൈകാര്യം ചെയ്യുന്നത് സ്വകാര്യ ട്രസ്റ്റുകളാണെന്നും സ്വകാര്യ ട്രസ്റ്റുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളിലെ ഒരു എക്സിക്യൂട്ടീവ് ഓഫീസർക്ക് 30 മുതൽ 40 വരെ ക്ഷേത്രങ്ങളുടെ ചുമതലയുണ്ടായിരിക്കുമെന്നും എക്സിക്യൂട്ടീവ് ഓഫീസർമാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നത് വരുമാനമുള്ള ക്ഷേത്രങ്ങളെ സംബന്ധിച്ചായതിനാൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങളിൽ അവരുടെ ശ്രദ്ധ പതിയുന്നില്ലെന്നും സമിതി അംഗം ചൂണ്ടിക്കാട്ടിയപ്പോൾ നാനൂറിൽത്താഴെ ക്ഷേത്രങ്ങൾ മാത്രമാണ് എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിയന്ത്രണത്തിൽ വരുന്നതെന്നും ആകെ 63 എക്സിക്യൂട്ടീവ് ഓഫീസർമാർ മാത്രമാണുള്ളതെന്നും തൊള്ളായിരത്തിലധികം ക്ഷേത്രങ്ങളിൽ അധികവും ട്രസ്റ്റിമാർ തന്നെ നേരിട്ട് ഇടപെടുന്നവയാണെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ സമിതിയെ ബോധ്യപ്പെടുത്തി.

14. സ്വർണ്ണം ഉൾപ്പെടെയുള്ള ക്ഷേത്ര സ്വത്തുക്കളുടെ കണക്ക് എടുക്കുന്നതിന് സംവിധാനം ഇല്ലെന്ന പ്രശ്നത്തെ മറികടക്കുന്നതിന് എന്താണ് പരിഹാരമെന്ന് സമിതി ആരാഞ്ഞതിന് ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ സ്വത്തുക്കളുടെ കണക്കെടുപ്പ് നടത്തിയതുപോലെ ചെയ്യാനായി നിർദേശം നൽകിയിരുന്നുവെങ്കിലും കോവിഡിന്റെ സാഹചര്യത്തിൽ അത് മുന്നോട്ടുപോയില്ലെന്ന് റവന്യൂ (ദേവസ്വം) വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി വിശദീകരിച്ചു. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ കൊണ്ടുപോകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നും നിർദ്ദേശിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിനും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനും ഏകീകൃത രൂപം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിച്ചു. വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിനും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനും ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നയച്ച ഫോർമാറ്റ് എല്ലാ ക്ഷേത്രങ്ങൾക്കും നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്ന് മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചതിനെത്തുടർന്ന് ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**15. മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ട്രസ്റ്റിമാരുടെ നിയന്ത്രണത്തിലുള്ളവയിൽ കണക്കുകൾ പരിശോധിക്കുന്നതിന് ബോർഡിൽ സ്ഥിരം സംവിധാനമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ക്ഷേത്രങ്ങളുടെ എണ്ണം കൂടുതലാണെങ്കിലും**

**ക്ഷേത്രങ്ങളെല്ലാം മലബാർ ദേവസ്വം ബോർഡിന്റെ കീഴിലായതുകൊണ്ടുതന്നെ കണക്കുകൾ പരിശോധിക്കാനുള്ള സ്ഥിരം സംവിധാനം ബോർഡുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ക്ഷേത്രങ്ങളുടെ വരുമാനത്തിൽ വലിയ അന്തരമുള്ളതിനാൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങൾക്ക് നിലനിന്നുപോകാൻ സഹായകരമായ നിലപാട് സ്വീകരിക്കണമെന്നും നിയമാനുസൃതം കാര്യങ്ങൾ നടത്തുന്നതിനും പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിന് ദേവസ്വം ബോർഡ് നടപടി സ്വീകരിക്കണമെന്നും ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

**16. മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ കൊണ്ടു പോകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നും നിർദ്ദേശിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിനും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനും ഏകീകൃത രൂപം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**17. ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നയച്ച ഫോർമാറ്റ് എല്ലാ ക്ഷേത്രങ്ങൾക്കും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പ്രാദേശിക നിരക്കിന്മേൽ ടെണ്ടർ എക്സസ് നൽകി - അധിക ചെലവ് 5.66 ലക്ഷം**

എച്ച്.ആർ.ഇ. പാലക്കാട്

◆ ക്ഷേത്രം നേരിട്ട് നിർവഹിക്കണമെന്ന വ്യവസ്ഥയിൽ പ്രാദേശിക നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് ഭരണവകുപ്പ് അംഗീകാരം നൽകിയെങ്കിലും പ്രവൃത്തികൾ നിർവഹിച്ചത് കരാറുകാർ മുഖേന

◆ മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രാദേശിക നിരക്കിൽ ടെണ്ടർ എക്സസ് ഇനത്തിൽ അധികം ചെലവഴിച്ചത് 5,66,369 രൂപ

2008-ൽ മലപ്പുറം ജില്ലയിലെ കാടാമ്പുഴ ദേവസ്വം നേരിട്ട് നിർവഹണം നടത്തിയ 3 മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് പ്രാദേശിക നിരക്കിലാണ് തയ്യാറാക്കിയത്. മൂന്നിന്റെയും ഫൈനൽ പേമെന്റ് നടത്തിയിട്ടുമുണ്ട്. ക്ഷേത്രം നേരിട്ട് നിർവഹിക്കണമെന്ന വ്യവസ്ഥയോടെയാണ് പ്രാദേശിക നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റുകൾക്ക് ഭരണവകുപ്പ് അംഗീകാരം നൽകിയത് (ദേവസ്വം കമ്മീഷണറുടെ 12-4-2005-ലെ

എച്ച്.ആർ.ജെ.6-2437/05(ഡി.ഡിസ്). എന്നാൽ പിന്നീട് ട്രസ്റ്റിബോർഡ് യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പ്രവൃത്തികൾ കരാറുകാർ മുഖേന നിർവഹിക്കുന്നതിനു ടെണ്ടർ ക്ഷണിക്കുകയും ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തി ക്വട്ടേഷൻ നൽകിയവർക്ക് കരാർ ഉറപ്പിച്ച് നൽകുകയും ചെയ്തു. പ്രവൃത്തി കരാറുകാരെക്കൊണ്ട് നിർവഹിക്കുവാൻ തീരുമാനിച്ചപ്പോൾ, പൊതുമരാമത്ത് വകുപ്പിന്റെ അംഗീകൃത നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി ആയതിന് ഭരണവകുപ്പിന്റെ അംഗീകാരം വാങ്ങാതെ പ്രാദേശിക നിരക്കിൽ തയ്യാറാക്കിയ എസ്റ്റിമേറ്റിന് ടെണ്ടർ അധികം അനുവദിച്ച ക്ഷേത്രം അധികാരികളുടെയും ആയതിന് അംഗീകാരം നൽകിയ ഭരണവകുപ്പിന്റെയും നടപടി ക്രമവിരുദ്ധമാണ്. പ്രവൃത്തികളുടെയും വിനിയോഗിച്ച തുകയുടെയും വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രവൃത്തിയുടെയും കരാറുകാരന്റെയും പേര് | എസ്റ്റിമേറ്റ് തുക | ടെണ്ടർ എക്സസ് | പ്രവൃത്തി യുടെ മൂല്യം | ടെണ്ടർ എക്സസ് തുക | ആകെ തുക | കരാറുകാരന് നൽകിയത് |
|---|---|---|---|---|---|---|
| ദേവസ്വം ഓഫീസ് കെട്ടിടത്തിന്റെ 3 -ാം നിലയുടെ നിർമാണം, കെ. കെ. സൈനുദ്ദീൻ | 1160000 | 36% | 973499 | 350459 | 1323958 | *1299185.00 (ചെക്ക് നം. 612532/21.06.07 523573.00) (നം. 433007/6.3.08 766612.00) (നികുതികൾ കിഴിച്ച്) |
| കോമ്പൗണ്ട് വാൾ പുനർ നിർമ്മാണം, കെ.പി. വിനോദ് കുമാർ | 615000 | 30% | 404631 | 121389 | 526020 | ** 505909.00 (ചെക്ക് നം. 432526/9.10.07 226993.00) (ചെക്ക് നം. 433018/14.3.08 278916.00) |
| ദേവസ്വം റോഡിൽ തെരുവ് വിളക്കുകൾ സ്ഥാപിക്കൽ, ശങ്കുണ്ണി സി. | 357000 | 59% | 160205 | 94521 | 254726 | *** 286369.00 (ചെക്ക് നം. 433133/27.3.08 286360.00) |

| ആകെ ടെണ്ടർ അധികം അനുവദിച്ചത് 566369 |
| --- |
| * കരാറുകാരന് നൽകിയ ആകെ തുകയിൽ എക്സ്ട്രാ ഇനമായി ചെയ്തതിന്റെ തുകയായ 82642 കൂടി ഉൾപ്പെട്ടിട്ടുണ്ട്.<br>** കരാറുകാരന് നൽകിയ ആകെ തുകയിൽ എക്സ്ട്രാ ഇനമായി ചെയ്തതിന്റെ തുകയായ 24094 കൂടി ഉൾപ്പെട്ടിട്ടുണ്ട്.<br>*** കരാറുകാരന് നൽകിയ ആകെ തുകയിൽ എക്സ്ട്രാ ഇനമായി ചെയ്തതിന്റെ തുകയായ 53933 കൂടി ഉൾപ്പെട്ടിട്ടുണ്ട്. |

മരാമത്ത് ചട്ടങ്ങൾക്ക് വിരുദ്ധമായി പ്രാദേശിക നിരക്കിന്മേൽ ടെണ്ടർ എക്സസ് ഇനത്തിൽ ആകെ 566369 രൂപ അധികം ചെലവഴിച്ചു.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്ത വിവരം പാലക്കാട് എച്ച്.ആർ.ഇ. ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 21-5-2012-ലെ എൽ.എഫ്.എച്ച്. ആർ.ഇ.പി.4-228/2012 നമ്പർ കത്ത് പ്രകാരം കാടാമ്പുഴ ഭഗവതി ദേവസ്വത്തെ അറിയിച്ചിരുന്നു. ആയതിന് മറുപടിയായി മേൽപ്പറഞ്ഞ പ്രവൃത്തികൾക്ക് അന്നത്തെ ലോക്കൽ റേറ്റ് പ്രകാരമാണ് എസ്റ്റിമേറ്റ് ഉണ്ടാക്കിയിരുന്നതെങ്കിലും അന്നത്തെ ട്രസ്റ്റി ബോർഡിന്റെ നിർദ്ദേശമനുസരിച്ചും ക്ഷേത്രത്തിന്റെ ഉത്തമ താൽപ്പര്യപ്രകാരവുമാണ് പ്രവൃത്തി ടെണ്ടർ ചെയ്തിട്ടുള്ളതെന്നും എസ്റ്റിമേറ്റുകൾ പുതുക്കി അംഗീകാരം ലഭിക്കുന്നതിന് കാലവിളംബം വരുമെന്നതിനാലാണ് എസ്റ്റിമേറ്റ് പുതുക്കാതിരുന്നത് എന്നുമാണ് കാടാമ്പുഴ ഭഗവതി ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിട്ടുള്ളത്.

(സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 6.4.1)

ഓഡിറ്റ് ഖണ്ഡികയ്ക്ക് റവന്യൂ (ദേവസ്വം) വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

18. ഓഡിറ്റ് പരാമർശത്തെക്കുറിച്ചും ഏത് നിയമത്തിന്റെ അടിസ്ഥാനത്തിലാണ് ഇപ്രകാരം ചെയ്തതെന്നും സമിതി ആരാഞ്ഞതിന്, റേറ്റ് സംബന്ധിച്ച പി.ഡബ്ല്യു.ഡി. ചട്ടം വരുന്നതിന് മുൻപ് നടത്തിയ പ്രവൃത്തി സംബന്ധിച്ചുള്ളതാണ് ഓഡിറ്റ് പരാമർശമെന്നും

മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നതിനുള്ള 100(2)(ക്യൂ)(ആർ)(എസ്) ചട്ടത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് ടെണ്ടറും പ്ലാനും എസ്റ്റിമേറ്റുമെല്ലാം അന്നത്തെ കമ്മീഷണർ അംഗീകരിച്ചതെന്നും പ്രവൃത്തി ഓപ്പൺ ടെണ്ടർ ചെയ്ത് അതിൽ ഏറ്റവും കുറഞ്ഞ നിരക്കാണ് അംഗീകരിച്ചതെന്നും എസ്റ്റിമേറ്റ് തുകയേക്കാൾ കൂടുതലുള്ള ടെണ്ടറാണ് ഏറ്റവും കുറഞ്ഞതായി വന്നതെന്നും അതാണ് അംഗീകരിച്ചതെന്നും മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണർ അറിയിച്ചു.

19. വകുപ്പ് ഉദ്യോഗസ്ഥർക്ക് ടെണ്ടർ എക്സസ് എത്ര ലിമിറ്റ് വരെ അംഗീകരിക്കാം എന്നത് സംബന്ധിച്ച് പി.ഡബ്ല്യു.ഡി. യുടെ ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനമാക്കി 2017-ൽ ജി.ഒ.(പി)നം.16/17 ആയി ഒരു സർക്കാർ ഉത്തരവ് ധനകാര്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ടെന്നും പി.ഡബ്ല്യു.ഡി.യുടെ ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമുള്ള എസ്റ്റിമേറ്റ് ആയിരുന്നു തയ്യാറാക്കേണ്ടിയിരുന്നതെന്നും മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം ക്വാട്ടഡ് റേറ്റ്/എൽ.എം.ആർ/ DSR+10% ഇതിൽ ഏതാണോ കുറവ് അതാണ് അംഗീകരിക്കേണ്ടിയിരുന്നതെന്നും അതിന് മുകളിലുള്ള തുക വന്നാൽ, നിയമ പ്രകാരം ഗവൺമെന്റിൽ നിന്നും അനുമതി വാങ്ങേണ്ടതാണെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി. നിയമം 2017 ലാണ് വന്നതെന്നും ഓഡിറ്റ് പരാമർശത്തിൽ പറയുന്ന കാര്യങ്ങൾ 2011 ലേതാണെന്നും ചൂണ്ടിക്കാണിച്ച സമിതി ഇപ്പറഞ്ഞ കാര്യങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശദീകരണം സമർപ്പിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ തീരുമാനമെടുക്കാമെന്നും തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**20. മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് ഹിന്ദുമതധർമ്മ സ്ഥാപന നിയമത്തിലെ ചട്ടം 100(2)(q)(r)(s) പ്രകാരമാണെന്നും പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് മേൽപ്രവൃത്തി നടത്തിയതെന്നും വകുപ്പ് ഉദ്യോഗസ്ഥർക്ക് അംഗീകരിക്കാവുന്ന ടെണ്ടർ എക്സസിന്റെ പരിധി സംബന്ധിച്ച് PWD യുടെ ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചത് 2017 ലാണെന്നും പരാമർശവിധേയമായ പ്രവൃത്തി നടത്തിയത് ധനകാര്യ വകുപ്പിന്റെ ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പാണെന്നുമുള്ള മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ആയതു സംബന്ധിച്ച വിശദീകരണം ഉൾപ്പെടെയുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

## തദ്ദേശസ്വയംഭരണ വകുപ്പ്

ഓഡിറ്റ് ഖണ്ഡിക

### പാർക്കിംഗ് ഏരിയ നിർമ്മാണം -19,90,752 രൂപ പാഴ്ചെലവ്

തിരുവനന്തപുരം നഗരസഭ

ഓഡിറ്റ് റിപ്പോർട്ട് വർഷം 2010-2011

ഖണ്ഡിക 3 -4

- മേയറുടെ മുൻകൂർ അനുമതിയോടെ നിർമ്മാണം
- കൗൺസിൽ അംഗീകാരമില്ലാതെ അടിയന്തിരമായി നിർമ്മിച്ച പാർക്കിംഗ് ഏരിയ ഉപയോഗശൂന്യം

ഉള്ളൂർ റസ്റ്റ് ഹൗസിന് സമീപം നഗരസഭയുടെ സ്ഥലത്ത് കാർ പാർക്കിംഗ് ഏരിയ നിർമ്മിക്കുന്നതിനുള്ള 9,05,000 രൂപയുടെ എസ്റ്റിമേറ്റിന് 24-9-2009-ന് മേയർ മുൻകൂർ അനുമതി നൽകി. തുടർന്ന് 13-10-2009-ന് നടന്ന ടെണ്ടറിൽ ശ്രീ.കെ.മധു എന്ന കരാറുകാരൻ മാത്രം പങ്കെടുക്കുകയും എസ്റ്റിമേറ്റ് തുകയുടെ 1% കുറഞ്ഞ നിരക്കിലുള്ള ഇയാളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 2-11-2009 ൽ വർക്ക് ഓർഡർ നൽകിയതിനെ തുടർന്ന് ശ്രീ.കെ.മധു നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചു.

വേസ്റ്റ് സാധനങ്ങൾ ഡംപ് ചെയ്തു കിടന്ന സ്ഥലം വൃത്തിയാക്കി പുതിയ മണ്ണിട്ടുയർത്തുക, കൗണ്ടർ റൂം പണിയുക, പെയിന്റിംഗ് നടത്തുക തുടങ്ങിയ അധിക ജോലികൾ വേണ്ടിവന്നതിനാൽ 11,86,447 രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് നടപടി സ്വീകരിക്കാൻ 3-12-2009-ന് മരാമത്ത് സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ നിർദ്ദേശിച്ചു. തുടർന്ന് 11,59,174 രൂപയ്ക്ക് (പുതുക്കിയ നിരക്കിൽ) 10-12-2009-ന് പണി പൂർത്തിയാക്കി.

കാർ പാർക്കിംഗ് ഏരിയയ്ക്കു സമീപം സ്കൂട്ടർ പാർക്കിംഗ് ഏരിയ കൂടി നിർമ്മിക്കാൻ 5,80,000 രൂപയുടെ എസ്റ്റിമേറ്റിന് 6-10-2009-ന് മേയർ മുൻകൂർ അനുമതി നൽകി. എസ്റ്റിമേറ്റ് നിരക്കിൽ പണി പൂർത്തിയാക്കാം എന്ന വ്യവസ്ഥയോടെ ശ്രീ.കെ.മധു എഗ്രിമെന്റ് ഒപ്പുവച്ചെങ്കിലും 8,53,111 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലാണ് 30-1-2010-ന് പണി പൂർത്തിയാക്കിയത്.

എസ്റ്റിമേറ്റ് നിരക്കിലോ അതിൽ കുറഞ്ഞ നിരക്കിലോ ഒറ്റ ടെണ്ടർ ലഭിക്കുന്ന അവസരത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ എഞ്ചിനീയറുടെ കാര്യകാരണ സഹിതമുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ടെണ്ടർ സ്വീകരിച്ച് കരാർ നൽകാമെന്ന് സ.ഉ.(പി) നം.322/03 തസ്വഭവ. തീയതി 31-11-2003-ൽ പരാമർശിക്കുന്നുണ്ട്. മേൽ

പരാമർശിച്ച രണ്ടു പ്രവൃത്തികളിലും "അടിയന്തിരമായി ചെയ്തു തീർക്കേണ്ടതിനാൽ ടെണ്ടർ അംഗീകരിക്കാവുന്നതാണ്" എന്ന് പ്രോജക്റ്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പ്രവൃത്തി പൂർത്തിയായ ശേഷം തുടർനടപടികൾ സ്വീകരിക്കാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല. പ്രോജക്റ്റ് തയ്യാറാക്കുകയോ, ആസൂത്രണ സമിതിയുടെയും സാങ്കേതിക സമിതിയുടെയും അംഗീകാരം ലഭിക്കുകയോ ചെയ്തിട്ടില്ലാത്ത ഒരു നിർമ്മാണ പ്രവൃത്തിയാണ് ഇപ്രകാരം അടിയന്തിര സ്വഭാവം ഉള്ളതായി എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതും കൗൺസിലിന്റെ അംഗീകാരം പോലും തേടാതെ മേയറുടെ മുൻകൂർ അനുമതിയോടെ നടപ്പാക്കിയതും.

രണ്ടു പ്രവൃത്തികളിലും അധികമായി ചെയ്യേണ്ടി വന്ന പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ എഞ്ചിനീയറും, ഡെപ്യൂട്ടി മേയറും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനു മുമ്പ് സൈറ്റ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളതിനാൽ ഇപ്രകാരമുള്ള (അധിക) പ്രവൃത്തികൾക്കും ആവശ്യമായ തുക വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാമായിരുന്നു.

പ്രവൃത്തി ആരംഭിക്കുന്നതിനു മുമ്പ് ക്ഷമതയുള്ള അധികാരസ്ഥാപനങ്ങളിൽ നിന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയും തേടണമെന്നും വിശദമായ പ്രോജക്റ്റ് തയ്യാറാക്കണമെന്നുമുള്ള 1997-ലെ കേരള മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ 6-ാം ചട്ടം നഗരസഭ പാലിച്ചിട്ടില്ല. സാങ്കേതിക അനുമതി നൽകിയിരിക്കുന്നത് പ്രവൃത്തി പൂർത്തീകരിച്ച് 8 മാസത്തിനുശേഷമാണ്.

ഉദ്ഘാടനം കഴിഞ്ഞ പാർക്കിംഗ് ഏരിയ ലേലത്തിന് നൽകാൻ 3 തവണ ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് 23-1-2010-ന് കെറ്റ്കോ എന്ന സഹകരണ സ്ഥാപനം ലേലം സ്വീകരിക്കുകയും പ്രസ്തുത സ്ഥാപനത്തിന് ലേലം നൽകികൊണ്ട് 8-3-2010-ന് നഗരസഭാ അഡീഷണൽ സെക്രട്ടറി ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെറ്റ്കോയുമായി ഇതു സംബന്ധിച്ച ഔദ്യോഗികമായ കരാർ രേഖകളൊന്നും നഗരസഭ ഒപ്പുവച്ചിട്ടില്ല. ലേല വ്യവസ്ഥ പ്രകാരം ഒടുക്കേണ്ടിയിരുന്ന ഡെപ്പോസിറ്റ് തുകയായ 1,00,000 രൂപയും ലേല തുകയുടെ 1/3 ഭാഗമായ 85,038 രൂപയും അടയ്ക്കാതെ കെറ്റ്കോയെ 24-3-2010 മുതൽ 10-4-2010 വരെ പാർക്കിംഗ് ഫീസ് പിരിക്കുന്നതിന് അനുവദിച്ചു.

വാഹനങ്ങളൊന്നും പാർക്കിംഗ് ഏരിയയിൽ കയറുന്നില്ലെന്നും അതിനാൽ റോഡിലെ അനധികൃത പാർക്കിംഗ് ഒഴിവാക്കി വാഹനങ്ങൾ കയറ്റുന്നതിന് നഗരസഭയുടെയും പോലീസിന്റെയും ഭാഗത്തുനിന്ന് നടപടികളുണ്ടാവണമെന്ന് "കെറ്റ്കോ"യുടെ മാനേജർ സെക്രട്ടറിയെ അറിയിച്ചെങ്കിലും നഗരസഭ ഒരു നടപടിയും സ്വീകരിച്ചില്ല. 10-4-2010-നു ശേഷം പാർക്കിംഗ് ഫീസ് പിരിവ് നടത്താൻ കഴിയില്ലെന്ന് അറിയിച്ചുകൊണ്ട് കെറ്റ്കോ ലേലവ്യവസ്ഥയിൽ നിന്ന് പിൻമാറുകയും ചെയ്തു. എഗ്രിമെന്റ് വയ്ക്കാതെയും ലേല വ്യവസ്ഥകൾ പാലിക്കാതെയും കെറ്റ്കോയ്ക്ക് പാർക്കിംഗ് ഏരിയ ലേലത്തിന് നൽകിയതിനാൽ നഷ്ടം ഈടാക്കാനും നഗരസഭയ്ക്ക് സാധിക്കുന്നില്ല.

നഗരസഭയ്ക്ക് പാർക്കിംഗ് ഏരിയ നിർമ്മാണം വഴി നാളിതുവരെ വരുമാനമൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത നിർമ്മാണങ്ങൾക്ക് ചെലവഴിച്ച 19,90,752 രൂപ (11,59,174+8,31,578) പാഴ്ചെലവായി മാറുകയാണുണ്ടായത്. പ്രോജക്ട് തയ്യാറാക്കാതെയും കൗൺസിൽ അനുമതി വാങ്ങാതെയുമുള്ള ഈ നിർമാണത്തിന് മുൻകൂർ അനുമതി നൽകിയ മേയർ, ഡെപ്യൂട്ടി മേയർ, നഗരസഭാ സെക്രട്ടറി, അഡീഷണൽ സെക്രട്ടറി, കോർപ്പറേഷൻ എഞ്ചിനീയർ എന്നിവരിൽ നിന്നും ഈ നഷ്ടം ഈടാക്കേണ്ടതാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 8-5-2012-ന് അയച്ച എൽ.എഫ്.സി.എ. 7/286/12 നമ്പർ കത്തിന് നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഉത്തരവാദികളായ വ്യക്തികൾ

1. ശ്രീ. ജയൻ ബാബു (മേയർ) റ്റി.സി.26/2063 ,

   സെന്റ് ജോസഫ് ലെയ്ൻ

   എ.കെ.ജി സെന്ററിന് എതിർവശം

   തിരുവനന്തപുരം

2. ശ്രീ. വി. ജയപ്രകാശ്,

   (ഡെപ്യൂട്ടി മേയർ)

   പീകിംഗ്, ചിത്രാ ഗാർഡൻസ്,

   ചാവടിമുക്ക്, പാങ്ങപ്പാറ പി.ഒ.,

   തിരുവനന്തപുരം

3. ശ്രീ. കെ. ബിജു, ഐ.എ.എസ്.,

   (നഗരസഭാ സെക്രട്ടറി),

   വിന്റർ മിസ്റ്റ് ഡി/13,

   കുറവൻകോണം,

   കവടിയാർ പി.ഒ.,

   തിരുവനന്തപുരം.

4. ശ്രീ. സി. രാധാകൃഷ്ണക്കുറുപ്പ്,

(നഗരസഭാ അഡീഷണൽ സെക്രട്ടറി),

ചിറകരത്ത്, അയിക്കുന്നം,

ശാസ്താംകോട്ട പി.ഒ.,

കൊല്ലം

5. ശ്രീ. ബി. എസ്. ജയകുമാർ,

(കോർപ്പറേഷൻ എൻജിനീയർ),

മംഗല്യ, റ്റി.സി. 25/77, OR

ശാരദാ മന്ദിരം,

തമ്പാനൂർ,

വെൺപകൽ പി.ഒ.,

തിരുവനന്തപുരം.

ആറാല്യംമൂട്,

നെയ്യാറ്റിൻകര.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.1]

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

21. പാർക്കിംഗ് ഏരിയ നിർമാണത്തിനായി വർക്ക് ലേലം ചെയ്തു കൊടുത്തെങ്കിലും ലാഭമല്ല എന്ന കാരണത്താൽ ലേലം എടുത്തയാൾ തിരികെ നൽകിയതായും രണ്ടാം തവണ ലേലം ചെയ്യാൻ ശ്രമിച്ചെങ്കിലും ഏറ്റെടുക്കാൻ ആളില്ലായിരുന്നുവെന്നും നിലവിൽ അവിടെ ടോയ്‌ലറ്റ് കോംപ്ലക്സ് പണിത് ഉദ്ഘാടനം കഴിഞ്ഞിട്ടുള്ളതായും ആയത് ലേലത്തിന് കൊടുക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി സമിതി മുൻപാകെ ബോധിപ്പിച്ചു.

22. വാഹനങ്ങൾ പാർക്കിംഗ് ഏരിയയിൽ കയറ്റാൻ പറ്റുന്നില്ല എന്നതിന് എന്ത് വിശദീകരണമാണ് നൽകാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് പാർക്കിംഗ് ഏരിയയിൽ

പാർക്ക് ചെയ്യാൻ സൗകര്യമുണ്ടെങ്കിലും റോഡ് സൈഡിൽ പാർക്ക് ചെയ്യാൻ കഴിയുന്നതു കൊണ്ടാണ് പാർക്കിംഗ് ഏരിയ ഉപയോഗിക്കാത്തതെന്നാണ് ലേലത്തിന് എടുത്തവർ അറിയിച്ചതെന്ന് തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയും വാഹനബ്ലോക്ക് ഉള്ളതുകൊണ്ടാണ് വാഹനങ്ങൾ പാർക്കിംഗ് ഏരിയയിൽ കയറാത്തതെന്ന അഭിപ്രായം സ്വീകാര്യമല്ലെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും സമിതി മുൻപാകെ ബോധിപ്പിച്ചു. സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച വിശദീകരണം പരിശോധിച്ചാൽ വാഹനങ്ങൾ പാർക്ക് ചെയ്യാത്തതുകൊണ്ട് ലേലം കൊണ്ട ആൾക്ക് വരുമാനം ഇല്ലാത്തതിനാൽ പദ്ധതി ഉപേക്ഷിച്ചുവെന്നും പിന്നെ കോർപ്പറേഷൻ മാലിന്യ സംസ്കരണത്തിനുള്ള എയ്റോ ബിന്നുകൾ സ്ഥാപിക്കുകയും ശുചിമുറി പണിയുകയും അത് പൊതുജനങ്ങൾക്ക് തുറന്നുകൊടുത്തിട്ടില്ലെന്നുമാണ് മനസ്സിലാക്കാൻ കഴിയുന്നതെന്നും സമിതി വിലയിരുത്തി. തുടർന്ന് കോർപ്പറേഷൻ സെക്രട്ടറിയിൽ നിന്നും സമിതി വിശദീകരണം ആവശ്യപ്പെട്ടു. ആയതിന് അടിയന്തരമായി ടോയ്‌ലറ്റ് കോംപ്ലക്സ് പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുന്നതാണെന്ന് തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

23. 2009-ൽ പാർക്കിംഗ് ഏരിയ നിർമ്മാണത്തിനുവേണ്ടി ചെലവാക്കിയ 19,90,752 രൂപയിൽ നിന്ന് ആകെ ലഭിച്ച വരുമാനം 101 രൂപ മാത്രമാണെന്നും ഇത്തരത്തിൽ വരുമാനം ഇല്ലാതാകാൻ എന്താണ് തടസ്സമായത് എന്നും സമിതി ആരാഞ്ഞതിന് പ്രസ്തുത പാർക്കിംഗ് ഏരിയയിൽ വാഹനം പാർക്ക് ചെയ്യാൻ ആളുകൾ തയ്യാറാകാത്തതാണ് വരുമാനം ഇല്ലാതാകാൻ കാരണമെന്നും തിരുവനന്തപുരത്ത് തന്നെ തമ്പാനൂർ ഉള്ള പാർക്കിംഗ് ഏരിയയിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നതിനാൽ അവിടെ നിന്നും വരുമാനം ലഭിക്കുന്നുണ്ടെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. ഇതിന് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് തുടക്കത്തിൽ കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടില്ലായിരുന്നുവെന്നും പിന്നീട് അംഗീകാരം വാങ്ങിയതായും നഗരസഭ അഡീഷണൽ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രശ്ന പരിഹാരത്തിനായി കോർപ്പറേഷൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പ്രസ്തുത സ്ഥലത്ത് തുമ്പൂർമൂഴി പ്ലാന്റ് മോഡലിൽ മാലിന്യ സംസ്കരണത്തിന് എയ്റോ ബിന്നുകൾ സ്ഥാപിക്കുകയും പൊതുജനങ്ങൾക്കായി ശുചിമുറി പണിയുകയും ചെയ്തിട്ടുണ്ടെന്നും ഉടൻ തന്നെ അത് ലേലം ചെയ്തുകൊടുക്കുന്നതാണെന്നും എയ്റോബിന്നിനും ശൗചാലയത്തിനുമിടയിൽ സ്ഥലം ഉള്ളതിനാൽ അവ ഒരിടത്ത് പ്രവർത്തിക്കുന്നതിന് തടസ്സമില്ലെന്നും നഗരസഭ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

24. ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ നിലപാട് എന്താണെന്ന് സമിതി ആരാഞ്ഞു. പ്രസ്തുത സ്ഥലത്തെ ട്രാഫിക് ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനായി പാർക്കിംഗ് സംവിധാനം യാഥാർത്ഥ്യമാക്കുകയെന്നത് നഗരസഭയുടെയും കൂടി ആവശ്യമാണെന്നും പോലീസിന്റെ സഹായത്തോടെ നഗരസഭ ഇനിഷ്യേറ്റീവ് എടുത്ത് പാർക്കിംഗ് ഏരിയ വീണ്ടും ലൈവാക്കാനുള്ള ശ്രമം നടത്തേണ്ടതാണെന്നും അനധികൃതമായി വാഹനങ്ങൾ റോഡരികിൽ പാർക്ക് ചെയ്യുന്നതിന് ഫൈൻ ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്നും 50 രൂപ പാർക്കിംഗ് ഫീ കൊടുക്കാൻ തയ്യാറാകാത്തവരിൽ നിന്ന് അനധികൃതമായി വാഹനങ്ങൾ പാർക്ക് ചെയ്താൽ 1000 രൂപ ഫൈൻ ഈടാക്കുമെന്ന അവസ്ഥ വന്നാൽ എല്ലാവരും പാർക്കിംഗ് ഏരിയ ഉപയോഗപ്പെടുത്തുമെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അഭിപ്രായപ്പെട്ടു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിഷയം പരിഹരിക്കുന്നതിന് നഗരസഭ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമായശേഷം നടപടി സ്വീകരിക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

25. **പ്രസ്തുത പാർക്കിംഗ് ഗ്രൗണ്ട് നിലവിൽ ഇല്ലെന്നും ടി സ്ഥലത്ത് മാലിന്യ സംസ്കരണത്തിനുള്ള എയ്റോബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും കൂടാതെ പൊതുജനങ്ങൾക്ക് ശുചിമുറികൾ പണിതിട്ടുണ്ടെന്നും ഓഡിറ്റിന്റെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, പ്രസ്തുത പ്രദേശത്തെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി ടി പാർക്കിംഗ് സംവിധാന യാഥാർത്ഥ്യമാക്കേണ്ടതുണ്ടെന്നും റോഡരുകിൽ അനധികൃതമായി വാഹനം പാർക്ക് ചെയ്യുന്നവരിൽ നിന്ന് ഫൈൻ ഈടാക്കുമെന്ന അവസ്ഥ വന്നാൽ എല്ലാവരും പാർക്കിംഗ് ഏരിയ ഉപയോഗപ്പെടുത്തുമെന്നും ആയത് നടപ്പിലാക്കുന്നതിന് പോലീസിന്റെ സഹായത്തോടെ നഗരസഭ മുൻകൈ എടുക്കണമെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനായി നഗരസഭ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വാംബേ പദ്ധതിക്ക് പല അക്കൗണ്ടുകൾ - ഒരു കോടി രൂപ ചെലവഴിച്ചില്ല**

തിരുവനന്തപുരം നഗരസഭ ഓഡിറ്റ് റിപ്പോർട്ട് വർഷം 2010-11

ഖണ്ഡിക 3 - 27

■ സർക്കാർ അനുവദിച്ച തുക വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്തു

■ പദ്ധതി തുക ഒരു കോടി രൂപ പൂർണ്ണമായും ചെലവഴിച്ചില്ല

നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന ദാരിദ്ര്യരേഖക്ക് താഴെയുള്ളവർക്ക് വാസഗൃഹം നിർമ്മിക്കുന്നതിനും നിലവിലുള്ളവ പുനർനിർമ്മിക്കുന്നതിനുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വാത്മീകി അംബേദ്കർ ആവാസ് യോജന (വാംബേ). ഭവന നിർമ്മാണത്തിന് ലഭിക്കുന്ന കേന്ദ്രസഹായം ഒരു ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങി നിക്ഷേപിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ തിരുവനന്തപുരം നഗരസഭയിൽ ഈ പദ്ധതിക്കായി 03/10 മുതൽ 3/11 വരെയുള്ള കാലയളവിൽ സി.ഡി.എസ്. ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം മൂന്ന് അക്കൗണ്ടുകൾ തുടങ്ങുകയും പദ്ധതിക്കായി ലഭിച്ച തുക വിവിധ ബാങ്ക് അക്കൗണ്ടുകളിൽ മാറി മാറി നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്തതായി കാണുന്നു. അക്കൗണ്ടുകൾ ചുവടെചേർക്കുന്നു.

1. കാനറാ ബാങ്ക്, പുത്തൻ ചന്ത,(അക്കൗണ്ട് നം. 0822101023572)
2. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, മണക്കാട്,

   (അക്കൗണ്ട് നം.: 40322100102926)
3. കാനറാ ബാങ്ക്, മൈക്രോഫിനാൻസ് ബ്രാഞ്ച്, പുത്തൻചന്ത,

   (അക്കൗണ്ട് നം.: 3343101000501)

ഇതിൽ ക്രമ നം.1 (കാനറാ ബാങ്ക് പുത്തൻ ചന്ത)-ൽ നിന്നും മാത്രമാണ് വാംബേ ഗുണഭോക്താക്കൾക്ക് 2010-2011-ൽ ആനുകൂല്യം നൽകിയിട്ടുള്ളത്. ഭവന നിർമ്മാണത്തിനുവേണ്ടിയുള്ള വാംബേ പദ്ധതിക്കു ലഭിച്ച കേന്ദ്ര സഹായം സർക്കാർ നിർദ്ദേശത്തിനുവിരുദ്ധമായി വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 1,00,00,000 രൂപയും പലിശയും കൂടി ഉൾപ്പെടുന്ന തുക ഇപ്രകാരം വിവിധ അക്കൗണ്ടിലേക്ക് മാറ്റുന്നതും ശരിയായ നടപടിയല്ല. അർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ആനുകൂല്യം നൽകാതെയും പദ്ധതി തുക പൂർണ്ണമായി ചെലവഴിക്കാതെയും ബാങ്കിൽ വർഷങ്ങളായി സൂക്ഷിക്കുന്നത് നിരുത്തരവാദപരമാണ്.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 8-5-2012- ലെ എൽ.എഫ്.സിഎ. 7/286/12-ാം നമ്പർ കത്തിന് നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല.

ഉത്തരവാദിത്വം:

നഗരസഭ കൗൺസിൽ

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.2)

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും ലഭിച്ച മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

26. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി വിശദീകരണം ആവശ്യപ്പെട്ടതിന് ഭവന നിർമ്മാണ പദ്ധതിക്കായി മൂന്ന് അക്കൗണ്ടുകളാണ് ഉണ്ടായിരുന്നതെന്നും നിലവിൽ അത് ഒറ്റ അക്കൗണ്ടായി മാറ്റിയിട്ടുണ്ടെന്നും 160 ഫ്ലാറ്റുകൾ നിർമ്മിക്കാനാണ് തീരുമാനം എടുത്തിരുന്നതെന്നും ഫ്ലാറ്റുകളുടെ നിർമ്മാണത്തിനായി കോസ്റ്റ് ഫോർഡിനെയാണ് ചുമതലപ്പെടുത്തിയിരുന്നതെന്നും എന്നാൽ 2008-ലെ പി.ഡബ്ല്യു.ഡി. ഷെഡ്യൂൾ നിരക്ക് പ്രകാരം 90 ഫ്ലാറ്റുകളുടെ പണി പൂർത്തീകരിച്ച ശേഷം കോസ്റ്റ് ഫോർഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഉപേക്ഷിക്കുകയാണുണ്ടായതെന്നും നിലവിൽ സ്മാർട്ട് സിറ്റിയുടെ കീഴിൽ ബാക്കിയുള്ള ഫ്ലാറ്റുകൾ നിർമ്മിക്കാനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

27. ഓഡിറ്റ് വകുപ്പ് മുൻപാകെ ബാങ്ക് അക്കൗണ്ട് സംബന്ധിച്ച രേഖകൾ നൽകിയിട്ടില്ലെന്ന് സമിതി ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ 29-12-2021-ന് രേഖകൾ ഓഡിറ്റ് വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ടെന്ന് തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി. ആയത് 3-1-2022-ന് മാത്രമാണ് ലഭിച്ചത് എന്ന് തിരുവനന്തപുരം നഗരസഭാ ഓഡിറ്റ് അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ ബോധിപ്പിച്ചു. സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിലുണ്ടായിരുന്ന അക്കൗണ്ട് ക്ലോസ് ചെയ്തിട്ട് മൈക്രോ ഫിനാൻസ് ബാങ്കിലേക്ക് മാറ്റിയിട്ടുള്ളതായും മറ്റൊരു അക്കൗണ്ട് കൂടിയുണ്ടെന്ന് നഗരസഭ അറിയിച്ചിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ലെന്നും നിലവിൽ 2,18,42,095 രൂപ ബാങ്കിലുള്ളതായാണ് സ്റ്റേറ്റ്മെന്റിൽ കാണുന്നതെന്നും എന്നാൽ ഗുണഭോക്താക്കൾക്ക് തുകയൊന്നും നൽകിയതായി കാണുന്നില്ലെന്നും മൂന്നാമത്തെ അക്കൗണ്ട് സംബന്ധിച്ച രേഖകൾ ലഭ്യമല്ലെന്നും അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു. തദവസരത്തിൽ ബെനിഫിഷ്യറി കോൺട്രിബ്യൂഷൻ എത്രയാണെന്ന തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ചോദ്യത്തിന് തുക

ലഭിച്ചിട്ടില്ലെന്നും അക്കൗണ്ട് ഓപ്പൺ ചെയ്തിട്ടേയുള്ളൂവെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി മറുപടി നൽകി. ഈ വിവരം ഓഡിറ്റ് വകുപ്പിനെ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

28. പ്രസ്തുത ഓഡിറ്റ് പരാമർശത്തിൽ രണ്ട് പ്രശ്നങ്ങളാണ് ഉള്ളതെന്നും മൂന്ന് അക്കൗണ്ടുകൾ ഉണ്ടെന്നുള്ളതും ആയതിന്റെ വിവരങ്ങൾ ലഭ്യമല്ലെന്നുള്ളതുമാണ് ഒന്നാമത്തെ പ്രശ്നമെന്നും ചെലവഴിക്കാത്ത തുക ഉണ്ടായിരുന്നുവെന്നുള്ളതാണ് രണ്ടാമത്തെ പ്രശ്നമെന്നും രാജാജി നഗറിൽ പ്രോജക്ട് മുന്നോട്ടുകൊണ്ടുപോകുമ്പോൾ തന്നെ ഗുണഭോക്താക്കളെ തെരഞ്ഞ് എടുക്കുന്നതിന് തർക്കങ്ങളും പ്രശ്നങ്ങളും ഉണ്ടായതിന്റെ ഭാഗമായി ലിസ്റ്റിൽ ഉൾപ്പെട്ട എല്ലാവർക്കും എതിർപ്പില്ലാത്ത ആളുകൾക്ക് മാത്രമായി വീടുകൾ അനുവദിക്കേണ്ടി വന്നതാണ് അൺസ്പെന്റ് ബാലൻസ് ഉണ്ടായതിന് കാരണമെന്നും ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ തന്നെ കണ്ടിന്യൂയിങ് അസിസ്റ്റന്റ്സ് പ്രോജക്ട് ആയതുകൊണ്ട് ഈ ഫണ്ട് വാംബേയിൽ നിന്ന് ആദ്യം സി.എച്ച്.പി. (കോസ്റ്റ്ഫോർഡ് ഹൗസിംഗ് പ്രോജക്ട്) യിലേക്കും പിന്നീട് സ്മാർട്ട് സിറ്റിയിലേക്കും വന്നിരിക്കുന്നതായാണ് കാണുന്നതെന്നും അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

29. അനധികൃതമായി കയ്യേറിയ ആളുകളെ ഒഴിപ്പിക്കാനുള്ള തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് സമിതി തുടർന്ന് ആരാഞ്ഞതിന് ലിസ്റ്റ് നഗരസഭയുടെ പക്കലുണ്ടെന്നും അനധികൃതമായി കയ്യേറിയവരെ ഒഴിപ്പിക്കാൻ രണ്ടുമൂന്ന് തവണ ശ്രമിച്ചിരുന്നെങ്കിലും നടന്നില്ലെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി വിശദീകരിച്ചു. കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് നഗരസഭയിലെ ക്ഷേമകാര്യ സമിതി നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് സമിതി ആരാഞ്ഞതിന് അങ്ങനെ ചർച്ച നടന്നുവെങ്കിലും ഫലവത്തായില്ലെന്നും നഗരസഭാ കൗൺസിൽ തീരുമാനിച്ച് സത്വര നടപടികൾ എടുക്കുമെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു. ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്മേലുള്ള പോരായ്മകൾ പരിഹരിച്ച് ആവശ്യമായ വിശദീകരണം നൽകിയതിനുശേഷം ഇതു സംബന്ധിച്ച് അന്തിമ തീരുമാനം എടുക്കാമെന്ന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

30. **ഓഡിറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച രേഖകൾ ഉൾപ്പെടെയുള്ള വിശദീകരണം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**മാർഗ്ഗ നിർദ്ദേശം ലംഘിച്ച് ധനവിനിയോഗം - അക്ഷയ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.**

തിരുവനന്തപുരം നഗരസഭ ഓഡിറ്റ് റിപ്പോർട്ട് വർഷം 2009-10

ഖണ്ഡിക 3 - 7

■ അംഗീകാരം ലഭിച്ച പ്രോജക്ടിലെ നിബന്ധനകൾക്ക് വിരുദ്ധമായ കമ്പ്യൂട്ടർ സ്പെയർ പാർട്ട്സുകൾ വാങ്ങി അസംബിൾ ചെയ്തു

■ 40 ലക്ഷം രൂപയോളം വിലയുള്ള കമ്പ്യൂട്ടർ ഉപകരണങ്ങൾ വിവിധ സെന്ററുകളിലായി ഉപയോഗിക്കാതെ സൂക്ഷിക്കുന്നു

■ സ്റ്റോക്ക് പരിശോധനയിൽ 8,12,585 രൂപ വില വരുന്ന ഉപകരണങ്ങൾ കുറവുള്ളതായി കണ്ടെത്തി

തിരുവനന്തപുരം നഗരസഭ 2007-2008-ലെ ജനകീയാസൂത്രണ പദ്ധതിയിൽ വനിതാ ശിശുക്ഷേമ മേഖലയിൽ ഉൾപ്പെടുത്തി അക്ഷയ സേവന കേന്ദ്രങ്ങൾ (ടെക്നോളജി സെന്ററുകൾ) സ്ഥാപിക്കുന്നതിന് 1,09,15,000 രൂപ വകയിരുത്തി.

| | |
|---|---|
| വികസനഫണ്ട് | 97,00,000 |
| ഗുണഭോക്തൃ വിഹിതം | 15,000 |
| മറ്റിനം/ലോൺ | 12,00,000 |
| **ആകെ** | **1,09,15,000** |

ഈ പ്രോജക്ടിന്റെ ഭാഗമായി നഗരസഭ 12 പ്രധാന സെന്ററുകളിലും 31 സബ് സെന്ററുകളിലും അക്ഷയ സെന്ററുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. നഗരസഭയ്ക്ക് സ്ഥിരം ആസ്തികൾ ആർജ്ജിക്കുന്നതാണെന്നും വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ സബ്സിഡി നൽകുന്നതല്ലെന്നും യൂസർ ഫീ/സർവ്വീസ് ചാർജ്ജ് കളക്ഷൻ നടത്തുന്നതാണെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിലൂടെ ഉണ്ടാകുന്ന സ്ഥിരം ആസ്തികൾ നഗരസഭയിൽ നിക്ഷിപ്തമായിരിക്കണം എന്ന വ്യവസ്ഥയോടെയാണ് ഡി.പി.സി. ഈ പ്രോജക്ടിന് അംഗീകാരം നൽകിയത്. ഡി.പി.സി. അംഗീകാരം ലഭിച്ച പദ്ധതിയിൽ കമ്പ്യൂട്ടറുകൾ, സോഫ്റ്റ്വെയർ എന്നിവ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ ഇതിന് വിരുദ്ധമായി വിവിധ സ്ഥാപനങ്ങളിൽ നിന്നും കമ്പ്യൂട്ടർ പാർട്സ് വാങ്ങി

കമ്പ്യൂട്ടറുകൾ അസംബിൾ ചെയ്യുകയാണ് ചെയ്തത്. ഇത് അധിക ചെലവ് ഉണ്ടാകാൻ ഇടയായിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 2009-2010 വരെ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 59,81,714 രൂപയിൽ കമ്പ്യൂട്ടറുകൾ അസംബിൾ ചെയ്തതിന് ചെലവാക്കിയ 1,62,000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

തിരഞ്ഞെടുത്ത 12 സെന്ററുകളിലും 31 സബ് സെന്ററുകളിലും സ്ഥാപിക്കാനായി 2007-2008, 2008-2009, 2009-2010 വർഷങ്ങളിലായി 59,81,174 രൂപ ചെലവഴിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങിയെങ്കിലും 4 സെന്ററുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. മറ്റുള്ള കേന്ദ്രങ്ങളിലേയ്ക്ക് വാങ്ങിയ നാല്പതു ലക്ഷം രൂപയുടെ ഉപകരണങ്ങൾ വിവിധ സെന്ററുകളിലും ഓഫീസുകളിലുമായി 3 വർഷങ്ങളായി ഉപയോഗിക്കാതെ സൂക്ഷിച്ചിരിക്കുകയാണ്. ഇവ വിവിധ സെന്ററുകൾക്ക് ഇഷ്യൂ ചെയ്ത വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായ മുന്നൊരുക്കങ്ങളും പശ്ചാത്തല സൗകര്യ മൊരുക്കലും ഇല്ലാതെ ഉപകരണങ്ങൾ വാങ്ങിയതാണ് ഇത്തരമൊരവസ്ഥയ്ക്കു കാരണമായത്. പല ഉപകരണങ്ങളുടെയും ഗ്യാരന്റി കാലാവധി ഒരു വർഷം, രണ്ട് വർഷം എന്നിങ്ങനെയാണ് കമ്പനിയുടെ ബ്രോഷറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവ ഇനി പ്രവർത്തനക്ഷമമാകുമോ എന്ന് വ്യക്തമല്ല. വാറന്റി പിരീഡ് കഴിഞ്ഞതിനാൽ റിപ്പയറിംഗിനും മറ്റും നഗരസഭ പണം ചെലവഴിക്കേണ്ടതായും വരും.

തെരഞ്ഞെടുത്ത 12 അക്ഷയ സെന്ററുകളിൽ ഒന്നായ മുട്ടട ടെക്നിക്കൽ സ്കൂളിൽ അക്ഷയ സെന്റർ പ്രവർത്തന സജ്ജമാക്കുന്നതിന് മുന്നോടിയായി ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്ക് 19,950 രൂപ ചെലവഴിച്ചു. എന്നാൽ ഇതിനായി സ്കൂൾ അധികാരികളിൽ നിന്നും അനുമതി നേടിയിരുന്നില്ല. അക്ഷയ സെന്റർ പബ്ലിക് സെക്ടർ ആയതിനാൽ മുട്ടട സ്കൂളിൽ നിന്നും മാറ്റി പുതിയ സ്ഥലം കണ്ടെത്താൻ വനിതാ ശിശുക്ഷേമ വർക്കിംഗ് ഗ്രൂപ്പിനോട് 9/2010-ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ മുട്ടട സ്കൂളിൽ ഇലക്ട്രിഫിക്കേഷ നായി ചെലവഴിച്ച 19,950 രൂപ ശ്രീ.ശൈലേന്ദ്ര പ്രസാദ്, പ്രോജക്ട് ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

ബഹുമാനപ്പെട്ട ഓംബുഡ്സ്മാനിൽ കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ടതിനെ തുടർന്ന് നഗരസഭ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം 9-11-2010-ൽ കമ്പ്യൂട്ടറിന്റെയും അനുബന്ധ ഉപകരണങ്ങളുടെയും സ്റ്റോക്ക് പരിശോധന നടത്തിയപ്പോൾ 8,12,585 രൂപ വില വരുന്ന വിവിധ ഉപകരണങ്ങൾ കുറവുള്ളതായി കണ്ടെത്തി. നഷ്ടപ്പെട്ട ഉപകരണങ്ങളുടെ വിലയായ 8,12,585 രൂപ നഗരസഭ സെക്രട്ടറിയായ ശ്രീ.ജോൺസൺ കെ. ജോർജ്ജിൽ നിന്നും ഈടാക്കേണ്ടതാണ്.

12 സെന്ററുകളിൽ നിന്നുമായി കമ്പ്യൂട്ടർ പരിശീലനം നൽകുന്ന വകയിൽ 50,00,000 രൂപയും പ്രസിദ്ധീകരണങ്ങളിൽ നിന്നും 1,20,000 രൂപയും മറ്റിനങ്ങളിൽ നിന്നും 40,000 രൂപയും ഉൾപ്പെടെ 51,60,000 രൂപയാണ് വാർഷിക പ്രതീക്ഷിത വരവായി പ്രോജക്റ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്. എന്നാൽ ഈ ഇനത്തിൽ നാളിതുവരെ നഗരസഭയിലേക്ക് തുകയൊന്നും വരവില്ല. സെന്ററുകളുടെ പ്രവർത്തനം തുടങ്ങിയതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഫയലിലില്ല. ഗ്രൂപ്പ് സംരംഭം എന്ന നിലയിൽ ബി.പി.എൽ. വനിതകളുടെ സ്വയംസഹായ സംഘങ്ങൾക്കായിരിക്കും പ്രവർത്തന ചുമതല എന്ന് പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ഇത്തരത്തിലുള്ള സംഘങ്ങൾ രൂപീകരിച്ചതായി കാണുന്നില്ല.

പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അയച്ച 8-5-2012-ലെ എൽ.എഫ്.സി.എ. 7/286/12-ാം നമ്പർ കത്തിന് നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല.

ഉത്തരവാദികളായ ഉദ്യോഗസ്ഥർ

1. ശ്രീ. ജോൺസൺ കെ. ജോർജ്ജ്, IAS, സെക്രട്ടറി,

   കല്ലുംപുറത്ത് വീട്, വി.എസ്.എൻ.എൽ. റോഡ്,

   കാക്കനാട്, കൊച്ചി പി.ഒ.

2. ശ്രീ. ശൈലേന്ദ്രപ്രസാദ്, പ്രോജക്ട് ഓഫീസർ,

   മാലതി സദനം, വെണ്ണിയൂർ,

   വെങ്ങാനൂർ, തിരുവനന്തപുരം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.3)

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

31. പന്ത്രണ്ട് അക്ഷയ കേന്ദ്രങ്ങളിൽ ഏഴെണ്ണം പ്രവർത്തനമാരംഭിച്ചെങ്കിലും നിലവിൽ നാലെണ്ണം മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്നും സ്റ്റോക്ക് പരിശോധനയിൽ കുറവ് വന്ന ഉപകരണങ്ങൾ കണ്ടെത്തിയിരുന്നെന്നും ആയതിന്റെ വിശദാംശം ഓഡിറ്റിന് നൽകിയിരുന്നുവെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. സ്റ്റോക്ക് രജിസ്റ്റർ പരിശോധന ഓഡിറ്റ് വകുപ്പ് പൂർത്തിയാക്കിയതിനുശേഷം പ്രസ്തുത പരാമർശത്തിന്മേൽ തീരുമാനമെടുക്കാമെന്ന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും/ശിപാർശകളും**

32. **സ്റ്റോക്ക് പരിശോധനയിൽ കുറവ് വന്ന ഉപകരണങ്ങൾ കണ്ടെത്തിയതായും ആയതിന്റെ വിശദാംശം ഓഡിറ്റിന് കൈമാറിയതായിട്ടുള്ള തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ പരിശോധന ഓഡിറ്റ് വകുപ്പ് പൂർത്തിയാക്കിയ ശേഷം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**നഗരസഭയുടെ അലംഭാവം - വിളപ്പിൽശാലയിൽ ശുദ്ധജലപദ്ധതി നടപ്പായില്ല**

തിരുവനന്തപുരം നഗരസഭ ഓഡിറ്റ് റിപ്പോർട്ട് വർഷം 2010-11

ഖണ്ഡിക 3 - 6

■ പദ്ധതി നടത്തിപ്പിന് നഗരസഭ നൽകിയ 2 കോടി രൂപ കേരള വാട്ടർ അതോറിറ്റിയുടെ പക്കൽ നിൽക്കുന്നു

■ ആവശ്യമായ തുക ലഭ്യമായിരുന്നിട്ടും വാട്ടർ അതോറിറ്റി നൽകിയ പുതുക്കിയ നിരക്കുകൾ അംഗീകരിച്ച് യഥാസമയം അനുവദിച്ചു നൽകുന്നതിൽ നഗരസഭ കാലതാമസം വരുത്തി

■ നഗരസഭയുടെയും കേരള വാട്ടർ അതോറിറ്റിയുടെയും തികഞ്ഞ ഉദാസീനത പദ്ധതി നിർവ്വഹണത്തിനുവേണ്ട നിർണ്ണായകമായ ഒരു കാലയളവ് നഷ്ടമാക്കി

വിളപ്പിൽ ഗ്രാമപഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പ്ലാന്റിൽ നിന്നുള്ള ലീച്ചേറ്റ് (വിഷലിപ്തമായ മലിന ജലം) കാരണം പ്രദേശത്തെ ജലസ്രോതസ്സുകൾ മലിനമായതിനെ തുടർന്ന് നഗരസഭ ഈ പ്രദേശത്തെ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണത്തിനും നവീകരണത്തിനുമായി കേരള വാട്ടർ അതോറിറ്റിയെ നിർവ്വഹണ ഏജൻസിയാക്കി 2 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചു. 2 കോടി രൂപ നഗരസഭ 11-9-2010-ന് വാട്ടർ അതോറിറ്റിയ്ക്ക് നൽകിയതല്ലാതെ തുടർനടപടികളൊന്നും സ്വീകരിച്ചില്ല.

ഷെഡ്യൂൾ ഓഫ് റേറ്റ്സിലെ വർദ്ധനവിനെത്തുടർന്ന് കേരള വാട്ടർ അതോറിറ്റി 28-12-2010-ൽ 2,76,10,000 രൂപയുടെയും 28-6-2011-ൽ 3,00,00,000 രൂപയുടെയും റിവൈസ്ഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കുകയും യഥാക്രമം 76,10,000 രൂപയും 1,00,00,000 രൂപയും അധികമായി ആവശ്യപ്പെടുകയും ചെയ്തു. സത്വരനടപടികൾ സ്വീകരിച്ച് പ്രസ്തുത തുക അനുവദിക്കുന്നതിന് പകരം മാസങ്ങൾ കഴിഞ്ഞ് യഥാക്രമം 22-2-2011, 25-1-2012 തീയതികളിലാണ് വാട്ടർ അതോറിറ്റിക്ക് അധിക തുകകൾ നൽകാൻ നഗരസഭ തീരുമാനമെടുത്തത്.

നഗരസഭയും കേരള വാട്ടർ അതോറിറ്റിയും തമ്മിൽ ഒപ്പിട്ട കരാർ പ്രകാരം പ്രവൃത്തി 11/2010-ൽ ആരംഭിച്ച് 11/2011-ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാർ പ്രകാരം പൂർത്തിയാക്കേണ്ടിയിരുന്ന തീയതിക്ക് രണ്ടുമാസം മുമ്പ് മാത്രമാണ് വാട്ടർ അതോറിറ്റി പ്രവൃത്തി ആരംഭിച്ചത്.

വിളപ്പിൽശാലയിലെ ഖരമാലിന്യ പ്ലാന്റിലെ പ്രവർത്തനങ്ങൾക്ക് തീരപഥം അർബൻ ഡെവലപ്മെന്റ് പദ്ധതിയിലുൾപ്പെടുത്തി സർക്കാർ നൽകിയ 2 കോടി രൂപ 18-1-2006 മുതൽ നഗരസഭയുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുകയാണ്. വിളപ്പിൽശാലയിലെ കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കാതെ സംരക്ഷിക്കണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മിഷന്റെ 6-5-2005 ലെ ഉത്തരവിനെതുടർന്ന് നഗരസഭ സത്വരനടപടികൾ സ്വീകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിൽ തീരപഥം പദ്ധതി പ്രകാരം അനുവദിച്ച 2 കോടി രൂപ കൊണ്ട്തന്നെ ജലസേചന പദ്ധതി പൂർത്തിയാക്കാമായിരുന്നു. തുക നഗരസഭയുടെ അക്കൗണ്ടിലുള്ളതിനാൽ 28-12-2010-ലും 28-6-2011-ലും വാട്ടർ അതോറിറ്റി തുക (യഥാക്രമം 76,10,000 രൂപയും 1,00,00,000 രൂപയും) ആവശ്യപ്പെട്ടപ്പോൾ തന്നെ നഗരസഭയ്ക്ക് നൽകുവാനും അതുവഴി പദ്ധതി പൂർത്തീകരിക്കാനും കഴിയുമായിരുന്നു. തുക കൈമാറുന്നതിലും പ്രവൃത്തിയുടെ പുരോഗതി മോണിട്ടർ ചെയ്യുന്നതിലും തികഞ്ഞ ഉദാസീനതയാണ് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായത്. അതുകാരണം നഗരസഭയുടെ 2 കോടി രൂപ 11-9-2010 മുതൽ നിഷ്ക്രിയ ആസ്തിയായി കേരള വാട്ടർ അതോറിറ്റിയുടെ കൈവശത്തിലാണ്.

വിളപ്പിൽശാല പ്ലാന്റിനു സമീപത്തെ ജനങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നതുൾപ്പെടെയുള്ള മാലിന്യ പ്രശ്നങ്ങൾ കാരണം വിളപ്പിൽ ഗ്രാമപഞ്ചായത്ത് നഗരസഭയുടെ പ്ലാന്റിന് 2011 ഡിസംബറിൽ തുടർ അനുമതി നിഷേധിച്ചു. ഇത് നഗരസഭാ പ്രദേശത്തെ മാലിന്യനീക്കം സ്തംഭിക്കുന്നതിനും പകർച്ചവ്യാധികൾ പടർന്നു പിടിക്കുന്ന സാഹചര്യം ഉണ്ടാകുന്നതിനും കാരണമായി. ഈ വിഷയം ഇപ്പോൾ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.

പ്രസ്തുത കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കിയിരുന്നുവെങ്കിൽ വിളപ്പിൽശാലയിലെ കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നതുൾപ്പെടെയുള്ള പ്രശനങ്ങൾ രൂക്ഷമായി പ്ലാന്റ് അടച്ചു പൂട്ടുന്ന അവസ്ഥ ഒരു പക്ഷേ ഒഴിവാകുമായിരുന്നു. നഗരസഭയിലെ ഉദ്യോഗസ്ഥരുടെയും ജനപ്രതിനിധികളുടെയും കേരളവാട്ടർ അതോറിറ്റിയുടെയും തികഞ്ഞ ഉദാസീനത കാരണം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുമായിരുന്ന ഒരു പദ്ധതിയുടെ നിർവ്വഹണത്തിനുവേണ്ട നിർണ്ണായകമായ ഒരു കാലയളവ് നഷ്ടമായി. 2 കോടി രൂപ വാട്ടർ അതോറിറ്റിയ്ക്കു നൽകിയശേഷം പദ്ധതിയുടെ നടത്തിപ്പിനായി തുടർ നിർദ്ദേശങ്ങൾ നൽകാതിരുന്ന നഗരസഭയും പദ്ധതിയുടെ നിർവ്വഹണത്തിനായി യാതൊരു നടപടിയും സ്വീകരിക്കാതിരുന്ന വാട്ടർ അതോറിറ്റിയും ഇതിന് ഒരുപോലെ ഉത്തരവാദികളാണ്.

നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് 2 കോടി രൂപ അനുവദിച്ചത് 13-9-2010-നാണെന്നും പ്രവൃത്തി ആരംഭിക്കുന്നതിനുമുന്നോടിയായി നിയമാനുസരണം വിവിധ ഘട്ടങ്ങളിലായി പൂർത്തിയാക്കേണ്ട നടപടികൾ 1-8-2011-ന് പൂർത്തിയാക്കിയതായും 27-9-2011-ൽ പ്രവൃത്തി ആരംഭിച്ചതായും 7-6-2011-നും 4-1-2011-നും പ്രവൃത്തി നിർവ്വഹണത്തിലെ പുരോഗതി അവലോകനം ചെയ്തിരുന്നതായും കോർപ്പറേഷൻ എഞ്ചിനീയർ മറുപടി നൽകിയിട്ടുണ്ട്.

എന്നാൽ 8-1-2006 മുതൽ നഗരസഭ അക്കൗണ്ടിൽ തുകയുണ്ടായിട്ടും ശുദ്ധജല വിതരണ പദ്ധതി നാളിതുവരെ പൂർത്തിയായില്ല എന്നത് ഗൗരവമർഹിക്കുന്നു.

പ്രസ്തുത പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അയച്ച 8-5-2012-ലെ എൽ.എഫ്.സി.എ. 7/286 /12-ാം കത്തിന് നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല.

ഉത്തരവാദിത്വം:

നഗരസഭാ കൗൺസിലംഗങ്ങൾ

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.4]

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

33. വിളപ്പിൽശാലയിൽ ശുദ്ധജല പദ്ധതിക്കായി മൂന്ന് കോടി രൂപയാണ് അനുവദിച്ചിരുന്നതെന്നും ആയതിൽ രണ്ട് കോടി 25 ലക്ഷം രൂപ ചെലവായതായും 24,06,000 രൂപ മിച്ചമുള്ളതായും അവിടത്തെ മാലിന്യസംസ്കരണ പ്ലാന്റിനകത്തെ ആവശ്യത്തിനായാണ് പദ്ധതി പ്ലാൻ ചെയ്തതെന്നും പദ്ധതി പൂർണ്ണമായി നടപ്പാക്കുവാൻ ശ്രമിച്ചുവെങ്കിലും വിളപ്പിൽശാല മാലിന്യസംസ്കരണ പ്ലാന്റ് പ്രവർത്തനത്തിലില്ലാത്തതിനാൽ കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തിക്കുന്നില്ലെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ വ്യക്തമാക്കി. യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോ എന്ന സമിതിയുടെ ചോദ്യത്തിന് ആയത് നൽകിയിട്ടില്ലെന്നും എന്നാൽ വിശദാംശങ്ങൾ നൽകിയിട്ടുണ്ടെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

34. വിളപ്പിൽശാല നഗരസഭ പരിധിയിലല്ലെന്നും പഞ്ചായത്ത് പരിധിയിലാണെന്നും ടി പ്രോജക്ട് അർബൻ അഗ്ലോമറേഷന്റെ ഫണ്ട് ഉപയോഗിച്ച് വിളപ്പിൽശാല പഞ്ചായത്തിന്റെ പദ്ധതിയായി ചെയ്യാൻ കഴിയുമോ എന്നുള്ളത് പരിശോധിക്കുകയാണ് പ്രസ്തുത പദ്ധതി അർത്ഥശൂന്യമാകാതിരിക്കാനായി ചെയ്യാൻ സാധിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു.

35. വിളപ്പിൽശാലയിൽ ഒരു ടൗൺഷിപ്പ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് വരുന്നുണ്ടെന്നും ആയതിലേക്ക് ശുദ്ധജല പദ്ധതി ഉപയോഗിക്കാവുന്നതാണെന്നും തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു. പ്രസ്തുത പ്രോജക്ട് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകണമെന്നും ആയത് പരിശോധിച്ചതിനുശേഷം തുടർനടപടി സ്വീകരിക്കാമെന്നും സമിതി തീരുമാനിച്ചു.

### നിഗമനങ്ങളും ശിപാർശകളും

36. **വിളപ്പിൽശാലയിൽ ഒരു ടൗൺഷിപ്പ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് വരുന്നുണ്ടെന്നും ആയതിലേക്ക് ശുദ്ധജല പദ്ധതി ഉപയോഗിക്കാവുന്നതാണെന്നുമുള്ള തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

### റാന്നി ബ്ലോക്ക് പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**പട്ടികജാതി കോളനി വികസനം - മാർഗ്ഗരേഖ ലംഘിച്ച് ആനുകൂല്യം നൽകി**

റാന്നി ബ്ലോക്ക് പഞ്ചായത്ത് — ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009

പത്തനംതിട്ട ജില്ല — ഖണ്ഡിക 3-15

■ സബ്സിഡി മാർഗ്ഗരേഖ അവഗണിച്ച് ആനുകൂല്യം നൽകി

■ ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകിയത് സംബന്ധിച്ച വ്യക്തമായ രേഖകളില്ല

■ പ്രവൃത്തി നിർവ്വഹണം നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റികളുടെ കൺവീനർമാരും ഗുണഭോക്താക്കൾ

പത്തനംതിട്ട ജില്ലയിലെ റാന്നി ബ്ലോക്ക് പഞ്ചായത്ത് 2008-2009 വർഷം "കുളങ്ങര കോളനി", "അഞ്ചേക്കർ കോളനി", "ഇടുപ്പ് കല്ല് കോളനി" എന്നീ പട്ടികജാതി കോളനികളുടെ സമഗ്രവികസനത്തിനായി യഥാക്രമം 1,99,374 രൂപ, 1,80,543 രൂപ, 1,83,440 രൂപ വീതം ആകെ 5,63,357 രൂപ ചെലവഴിച്ചു. പ്രസ്തുത പ്രോജക്ടിന്റെ നിർവ്വഹണത്തിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തി. പ്രോജക്ടിനുള്ള ഗുണഭോക്താക്കളെ ഗ്രാമസഭയിൽ നിന്നും തിരഞ്ഞെടുത്തില്ല. സബ്സിഡി മാർഗ്ഗരേഖ പ്രകാരം പട്ടികജാതിവിഭാഗങ്ങളുടെ വീട് അറ്റകുറ്റപ്പണികൾക്ക് 10,000 രൂപയും തുറസ്സായ കിണറുകൾ ശുചിത്വ കിണറുകളാക്കി മാറ്റുന്നതിന് 3000 രൂപയും മാത്രമാണ് പരമാവധി ആനുകൂല്യം നൽകാവുന്നത്. ഒരു ഗുണഭോക്താവിന് തന്നെ ഒന്നിലധികം ഇനങ്ങളിൽ ഒരേ സമയം ആനുകൂല്യം നൽകാൻ പാടില്ലാത്തതാണ്. എന്നാൽ ഈ വ്യവസ്ഥകൾ അവഗണിച്ചും സബ്സിഡി നൽകാൻ വ്യവസ്ഥയില്ലാത്ത വീടുകളുടെ മുറ്റം കെട്ടൽ, സ്റ്റെപ്പ് നിർമ്മാണം എന്നിവയ്ക്ക് സബ്സിഡി അനുവദിക്കുകയും ഒരു ഗുണഭോക്താവിനു തന്നെ ഒന്നിലേറെയിനങ്ങളിൽ സബ്സിഡി മാർഗ്ഗരേഖ അവഗണിച്ച് ആനുകൂല്യം നൽകുകയും ചെയ്തതായി പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

ഗുണഭോക്താക്കളുടെ മേൽവിലാസമോ, ഒരു ഗുണഭോക്താവിന് ഏതെല്ലാം ഇനങ്ങളിലാണ് ആനുകൂല്യം നൽകിയെതെന്നോ സംബന്ധിച്ച് വ്യക്തമായ രേഖകളൊന്നും സൂക്ഷിച്ചിട്ടില്ല. ആനുകൂല്യം നേടിയ ഗുണഭോക്താക്കളിൽ ചിലർ പ്രസ്തുത പ്രവൃത്തി നിർവ്വഹണം നടത്തുന്ന ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർമാരുമാണ്. ഗുണഭോക്തൃ സമിതിയ്ക്ക് യാഥാർത്ഥത്തിൽ ചെലവായ തുക അല്ലെങ്കിൽ ഷെഡ്യൂൾ നിരക്ക് പ്രകാരം തയ്യാറാക്കിയിട്ടുള്ള ബിൽ തുക ഇതിൽ ഏതാണോ കുറവ് ആയത് മാത്രമേ അംഗീകരിക്കാൻ പാടുള്ളൂ എന്നാണ് വ്യവസ്ഥ. എന്നാൽ ഗുണഭോക്തൃ സമിതിയ്ക്ക് ചെലവായ തുകയുടെ കണക്കുകളും, ചെലവ് രേഖകളും സമിതി അംഗീകരിച്ച് സ്ഥാപനത്തിന് കൈമാറുകപോലും ചെയ്തിട്ടില്ലെങ്കിലും എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രതിഫലം അനുവദിച്ചു നൽകുകയാണ് ചെയ്തത്. കൺവീനർമാർ നടപ്പിലാക്കുന്ന നിർമ്മാണപ്രവൃത്തിക്ക് ഒടുക്കേണ്ടുന്നതിനേക്കാൾ കൂടിയ നിരക്കിൽ (5%) വാറ്റ് തുക കണക്കാക്കിയതിനാൽ ഈ ഇനത്തിൽ വാണിജ്യനികുതി വകുപ്പിന് 5,102 രൂപ അധികം ഒടുക്കുകയും ചെയ്തു.

ഓഡിറ്റ് ഖണ്ഡിക സമാഹൃത റിപ്പോർട്ടിലുൾപ്പെടുത്തുന്ന വിവരമറിയിച്ചുകൊണ്ട് പത്തനംതിട്ട ജില്ല ലോക്കൽഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 16-5-2012-ന് അയച്ച കത്തിന് ബ്ലോക്ക് പഞ്ചായത്ത് മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

ശ്രീ. ജി. രാജൻ (ബി.ഡി.ഒ.)

പാറവിള വീട്, നെടുവത്തൂർ.പി.ഒ., കൊട്ടാരക്കര.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.9]

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

37. ഓഡിറ്റ് പരാമർശം സംബന്ധിച്ച് നിലവിലെ സ്ഥിതി എന്താണെന്ന് സമിതി ആരാഞ്ഞതിന് 2008-2009 കാലയളവിൽ ചിറ്റാർ, സീതത്തോട് പഞ്ചായത്തുകളിലെ മൂന്ന് കോളനികളുടെ സമഗ്രമായ വികസനം ഉദ്ദേശിച്ചുകൊണ്ട് ആനുകൂല്യം നൽകിയിരുന്നതായും വീട് അറ്റകുറ്റപ്പണി, ശുചിത്വ കിണർ, കൂടാതെ വീടിന്റെ സൈഡ് കെട്ടും സ്റ്റെപ്പ് നിർമ്മാണവും ഈ പദ്ധതിയോടൊപ്പം നടത്തുകയുണ്ടായെന്നും കോളനി നിവാസികൾ തന്നെയാണ് ഗുണഭോക്താക്കൾ എന്നും മീറ്റിംഗ് വിളിച്ച് കൺവീനറെ തെരഞ്ഞെടുക്കുകയും ആനുകൂല്യം നൽകുകയും ചെയ്തിട്ടുള്ളതാണെന്നും റാന്നി ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ സമിതിയെ അറിയിച്ചു.

38. ഗുണഭോക്തൃ കമ്മിറ്റിയുടെ കൺവീനർ ഗുണഭോക്താവാകുന്നുവെന്നുള്ളത് കുറ്റമായി കാണാൻ കഴിയില്ലെന്നും ഗുണഭോക്തൃ സമിതിയെന്നത് എല്ലാവരുംകൂടി തെരഞ്ഞെടുത്തതാണെന്നും അതുകൊണ്ട് ആയത് ഗൗരവമായി കാണേണ്ടതില്ലെന്നും നിലവിലുണ്ടായിരുന്ന സബ്സിഡി മാനദണ്ഡങ്ങൾ തെറ്റിച്ചുവെന്നതാണ് വിഷയമെന്നും ഒരു സമയത്ത് ഒരാൾക്ക് ഒരാനുകൂല്യമേ കൊടുക്കാൻ പാടുള്ളൂവെങ്കിലും മൾട്ടിപ്പിൾ ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ടെന്നതും ആർക്കൊക്കെ എന്തൊക്കെ കൊടുത്തുവെന്നതിനെക്കുറിച്ച് വ്യക്തത വരണമെന്നുമാണ് ഓഡിറ്റ് പരാമർശമെന്നും എന്നാൽ 2018-ലെ പ്രളയത്തിൽ രേഖകളൊക്കെ നഷ്ടപ്പെട്ടുപോയതുകൊണ്ട് കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

39. 2009-10-ലെ വർക്ക് സംബന്ധിച്ച് ഓഡിറ്റ് നടന്നത് പ്രളയത്തിന് ശേഷമാണോയെന്ന് സമിതി ആരാഞ്ഞതിന്, 2012-ലാണ് ഓഡിറ്റ് നടന്നതെന്നും ഗുണഭോക്താക്കളെ സംബന്ധിച്ച വിവരങ്ങൾ അപ്പോൾ ലഭ്യമാക്കിയിരുന്നില്ലെന്നും ഇന്നത്തെ നിലയിൽ കൂടുതൽ വിവരങ്ങൾ അന്വേഷിക്കാൻ നിർവ്വാഹമില്ലെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി മറുപടി നൽകി.

40. 2012-ൽ ഓഡിറ്റ് നടക്കുന്ന സമയത്ത് ആവശ്യമായ രേഖ കൊടുത്തില്ലായെന്നാണ് പരാമർശമെന്നും പ്രളയം സംഭവിച്ചത് 2018-ൽ അല്ലേയെന്നുള്ള സമിതിയുടെ ചോദ്യത്തിന്, പ്രസ്തുത രേഖകൾ ഇപ്പോൾ പരിശോധിക്കാൻ സാധിക്കുകയില്ലെന്നാണ് സൂചിപ്പിച്ചതെന്നും ആ സമയത്ത് കൊടുക്കേണ്ടതായിരുന്നുവെന്നും തദ്ദേശസ്വയംഭരണ

വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വിശദീകരിച്ചു. പ്രോജക്ടിന്റെ നിർവ്വഹണത്തിൽ വ്യാപകമായ ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്നാണ് പരാമർശമെന്ന് നിരീക്ഷിച്ച സമിതി ഇത്രയും തുക ഉപയോഗിച്ചിട്ട് അവിടെയുള്ള കുടുംബങ്ങൾക്ക് ഇതിന്റെ ഗുണം ലഭിച്ചിട്ടുണ്ടോയെന്നത് പരിശോധിക്കേണ്ടതാണെന്ന് അഭിപ്രായപ്പെട്ടു. നിലവിൽ രേഖയില്ലാത്തതുകൊണ്ട് പരിശോധിക്കാൻ നിർവ്വാഹമില്ലാത്തതിനാൽ ഫിസിക്കൽ വെരിഫിക്കേഷനുവേണ്ടി സമിതി ഓഡിറ്റ് വിഭാഗത്തെ ചുമതലപ്പെടുത്തുകയും അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അന്തിമ നടപടി സ്വീകരിക്കാമെന്ന് തീരുമാനിക്കുകയും ചെയ്തു.

**നിഗമനങ്ങളും ശിപാർശകളും**

41. **ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുന്ന രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ലെന്നും 2018-ലെ പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടുപോയതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെന്നുമുള്ള വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ ഗുണം ടി കോളനിയിലെ ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാകുന്നതിനായി ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പരസ്യ നികുതി പിരിവിൽ ക്രമക്കേട് - നഗരസഭയ്ക്ക് 1.45 ലക്ഷം രൂപ നഷ്ടം**

ആലപ്പുഴ നഗരസഭ ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009

ഖണ്ഡിക 2-7

■ പരസ്യ നികുതി ലേലത്തിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥമൂലം ആലപ്പുഴ നഗരസഭയ്ക്ക് 1,45,414 രൂപ നഷ്ടം

ആലപ്പുഴ നഗരസഭയിലെ 2008-09 വർഷത്തെ പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം 18-7-2008 ലെ 10-ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2,22,500 രൂപയ്ക്ക് ശ്രീ.പി.റ്റി. രഘുവരൻ, തറയിൽ, പാതിരപ്പള്ളി പി.ഒ., ആലപ്പുഴ എന്ന വ്യക്തിയ്ക്ക് ലേലം ചെയ്ത് നൽകി. 2008-09 വർഷം നഗരസഭ നേരിട്ടു പിരിച്ച തുകയായ 6,086 രൂപ ലേലത്തുകയിൽ നിന്ന് കുറവ് ചെയ്ത് 2,16,414 രൂപ 7 ദിവസത്തിനകം ഒടുക്കുവാനും 50 രൂപ മുദ്രപ്പത്രത്തിൽ കരാർ വെയ്ക്കുവാനും നിർദ്ദേശിച്ചുകൊണ്ട് 30-7-2008-ൽ നഗരസഭ സെക്രട്ടറി ശ്രീ. രഘുവരന് കത്തു നൽകിയിട്ടുണ്ട് (നം.റ്റി 9/12513/2008). മൂന്നിലൊന്നു തുക ഉടനെ അടയ്ക്കുന്നതിനും ബാക്കി തുക ഗഡുക്കളായി അടയ്ക്കുവാൻ

അനുവദിക്കണമെന്നുമുള്ള ശ്രീ. രഘുവരന്റെ അപേക്ഷയിൻമേൽ, മൂന്നിലൊന്ന് തുക ഉടനെ അടയ്ക്കുന്നതിനും ബാക്കി തുക 7 ദിവസത്തിനുള്ളിൽ ഒടുക്കുവാനും സെക്രട്ടറി നിർദ്ദേശം നൽകുകയുണ്ടായി. എന്നാൽ മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രസീത് നം.63/103928/5-8-2008 പ്രകാരം 50,000 രൂപയും 49/103928/6-8-2008 പ്രകാരം 21,000 രൂപയും ചേർത്ത് ആകെ 71,000 രൂപ മാത്രമേ നഗരസഭയിൽ ഒടുക്ക വരുത്തിയിട്ടുള്ളൂ. 11-8-2008-ലെ റ്റി9/12513/08 നമ്പർ ഉത്തരവു പ്രകാരം സെക്രട്ടറി പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം ശ്രീ. രഘുവരനു നൽകുകയും ലേല നിബന്ധന അനുസരിച്ച് 1 മുതൽ 100 വരെയുള്ള രസീതുകൾ ഉൾപ്പെടുന്ന ഒരു രസീതു ബുക്ക് ശ്രീ. രഘുവരന് സീൽ ചെയ്ത് നൽകുകയും ചെയ്തതായി ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ രേഖപ്പെടുത്തി കാണുന്നു. തുടർന്ന് ലേല നിബന്ധനകൾ പ്രകാരമുള്ള നിശ്ചിത കാലയളവിൽ തുക പൂർണ്ണമായും ഒടുക്ക വരുത്താതെ, കുത്തകാവകാശത്തിൽ നിന്ന് തന്നെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. രഘുവരൻ 15-10-2008-ൽ സെക്രട്ടറിക്ക് അപേക്ഷ നൽകി. ശ്രീ. രഘുവരൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനുവേണ്ടി ബഹു. ചെയർമാന് സമർപ്പിക്കുവാൻ 15-10-2008-ൽ സെക്രട്ടറി ഉത്തരവിട്ടെങ്കിലും സെക്ഷൻ ക്ലാർക്കായ ശ്രീ. തോമസ് അപേക്ഷ കൈപ്പറ്റി ഫയലിൽ ചേർത്തതല്ലാതെ തുടർ നടപടികൾ സ്വീകരിച്ചില്ല. പ്രസ്തുത അപേക്ഷ ചെയർമാന്റെ 16-2-2009-ലെ ഉത്തരവു പ്രകാരം കൗൺസിലിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചുവെങ്കിലും തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല എന്നും ശ്രീ. രഘുവരൻ പരസ്യനികുതിദായകരിൽ നിന്ന് തുടർന്നും നികുതി ഈടാക്കി വരുന്നുവെന്നും ഫയൽ പരിശോധനയിൽ നിന്ന് വ്യക്തമായി. സെക്രട്ടറി 1/2009 നമ്പരായി ശ്രീ. രഘുവരന് ഒരു ഡിസ്ട്രെയിന്റ് വാറന്റ് നഗരസഭ റവന്യൂ ഇൻസ്പെക്ടർ മുഖാന്തിരം പുറപ്പെടുവിച്ചെങ്കിലും ഇയാൾ നഗരസഭാ പരിധിയ്ക്ക് പുറത്താണ് താമസം എന്ന കാരണം പറഞ്ഞ് റവന്യൂ ഇൻസ്പെക്ടർ വാറന്റ് മടക്കി നൽകുകയാണ് ചെയ്തത്. തുടർന്ന് ശ്രീ. രഘുവരനിൽ നിന്ന് പരസ്യ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന 1,45,414 രൂപ (2,16,414-71,000) പലിശസഹിതം ഈടാക്കുന്നതിൽ കേസ് ഫയൽ ചെയ്യുന്നതിന് (റ്റി 9/12513/68(എ)7 കത്ത് പ്രകാരം) അഡ്വ. എലിസബത്ത് ജോർജ്ജിനെ ചുമതലപ്പെടുത്തി.

പരിശോധനയിൽ കണ്ട അപാകങ്ങൾ :-

1. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 50,000 രൂപ ഒടുക്കണമെന്ന ലേല വ്യവസ്ഥ പാലിച്ചിട്ടില്ല.

2. ലേലവ്യവസ്ഥകൾ പ്രകാരം 50,000 രൂപയ്ക്ക് മുകളിൽ വരുന്ന തുകയ്ക്ക് 1,50,000 രൂപയ്ക്കുള്ള സോൾവെൻസി സർട്ടിഫിക്കറ്റ് /ബാങ്ക് ഗാരന്റി ഹാജരാക്കേണ്ടതാണ്. എന്നാൽ പരസ്യ നികുതി പിരിവ് അവകാശം ലേലം കൊണ്ട ശ്രീ.രഘുവരൻ സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

3. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലത്തുകയുടെ മൂന്നിലൊന്ന് ഭാഗം ഉടൻതന്നെ ഒടുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ 30-7-2008-ന് മുൻപു നടന്ന (ലേല ഡയറി ഹാജരാക്കാത്തതിനാൽ ലേലതീയതി വ്യക്തമല്ല.) ലേലത്തിന്റെ തുക 5-8-2008, 6-8-2008 എന്നീ തീയതികളിലാണ് ശ്രീ.രഘുവരൻ ഒടുക്കിയിരിക്കുന്നത്.

4. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ 3 ദിവസത്തിനകം മതിയായ മൂല്യമുള്ള മുദ്രപ്പത്രത്തിൽ കരാർ ഉടമ്പടി എഴുതി ഒപ്പു വെച്ച് ഹാജരാക്കണമെന്ന വ്യവസ്ഥ പാലിച്ചില്ല. കരാർ ചമയ്ക്കാതെ ലേലക്കാരന് പരസ്യനികുതി പിരിക്കാനുള്ള അവകാശം നൽകിയത് ലേലവ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ഇത് സെക്ഷൻ ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ, റവന്യൂ ഓഫീസർ, സെക്രട്ടറി എന്നിവരുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.

5. ലേലം പിടിച്ചയാൾ ലേല സംഖ്യ മുഴുവൻ 2009 സെപ്തംബറിനു മുൻപ് ഒടുക്കാതിരിക്കുകയോ, സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കാതിരിക്കുകയോ, കരാർ ഉടമ്പടി ഒപ്പു വെച്ച് ഹാജരാക്കാതിരിക്കുകയോ ചെയ്താൽ നിരതദ്രവ്യം മുൻസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് വ്യവസ്ഥയുണ്ടായിരിക്കെ തുടർ നടപടി ഒന്നും സ്വീകരിക്കാതെ രസീതു ബുക്ക് സീൽ ചെയ്ത് പരസ്യനികുതി പിരിവിനായി കൊടുത്തത് ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്.

6. കളക്ടർ പരസ്യം പ്രദർശിപ്പിക്കുന്നത് നിരോധിച്ചിട്ടുണ്ടെന്നും ആയതിനാൽ വരുമാനം കുറവാണെന്നും കുത്തകാവകാശത്തിൽ നിന്നും ഒഴിവാക്കണമെന്നും ലേലക്കാരൻ ആവശ്യപ്പെട്ടപ്പോൾ അതിന്റെ യാഥാർഥ്യം മനസ്സിലാക്കുവാൻ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. 31-3-2009-ലും ശ്രീ.രഘുവരൻ പരസ്യനികുതി പിരിവ് നടത്തുന്നുണ്ടെന്ന് സെക്ഷൻ ക്ലാർക്ക് തന്നെ ഫയലിൽ രേഖപ്പെടുത്തിയതിന്റെ നിജസ്ഥിതി പരിശോധിക്കാനും നഗരസഭ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്നത് ഗുരുതരമായ വീഴ്ചയാണ്.

7. പരസ്യനികുതി പിരിവിന്റെ കുത്തകാവകാശത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട ലേലക്കാരനിൽ നിന്നും അധികാരപത്രം, രസീതു ബുക്കുകൾ എന്നിവ തിരികെ വാങ്ങുവാൻ നഗരസഭാ അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല.

മേൽ അപാകങ്ങളുടെ വെളിച്ചത്തിൽ നഗരസഭയ്ക്ക് നഷ്ടമായ 1,45,414 രൂപയും പിഴപ്പലിശയും ഉത്തരവാദികളായ സെക്ഷൻ ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ, റവന്യൂ സൂപ്രണ്ട്, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേക്ക് ശിപാർശ ചെയ്യുന്നതായും നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടും 28-5-2012-ൽ ആലപ്പുഴ മുനിസിപ്പൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ എൽ.എഫ്.എ(എം.1)173/12-ാം നമ്പർ കത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉത്തരവാദികളായ ഉദ്യോഗസ്ഥരുടെ പേരും മേൽവിലാസവും

1. ശ്രീ. റ്റി. സന്തോഷ്, സെക്രട്ടറി,

   അഴകത്ത്, തെക്കേവിള, കൊല്ലം 691016.

2. ശ്രീമതി അനിലകുമാരി, റവന്യൂ സൂപ്രണ്ട്,

   അമ്പാടി, എസ്.എൻ. പുരം പി.ഒ., തിരുവിഴ, ചേർത്തല.

3. ശ്രീമതി നബീസാബീവി, റവന്യൂ സൂപ്രണ്ട്,

   സുമയ്യാസ്, വെള്ളക്കിണർ, ആലപ്പുഴ.

4. ശ്രീ. ആർ. ഷാജി, റവന്യൂ ഇൻസ്പെക്ടർ,

   ചെറായിൽ ഹൗസ്, തൈക്കൽ പി.ഒ., ചേർത്തല.

5. ശ്രീ. പി. ജെ. തോമസ്, സെക്ഷൻ ക്ലാർക്ക്,

   ചിന്നത്തോപ്പിൽ ഹൗസ്, വഴിച്ചേരി വാർഡ്, ആലപ്പുഴ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12, ഓഡിറ്റ് ഖണ്ഡിക 4.10]

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

42. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**43. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**വനിതാവ്യവസായ കേന്ദ്രം പ്രവർത്തന സജ്ജമായില്ല - നിഷ്ക്രിയ നിക്ഷേപം 10,97,913 രൂപ**

തൃശ്ശൂർ നഗരസഭ ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09

ഖണ്ഡിക 2-12 ഇ

■ വനിതാവ്യവസായകേന്ദ്രം പണിപൂർത്തീകരിച്ചിട്ടും വാടകയിനത്തിൽ 10,41,600 രൂപയുടെ റവന്യൂ നഷ്ടം

■ 10,97,913 രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു

തൃശ്ശൂർ നഗരസഭയിലെ കൂർക്കഞ്ചേരി മേഖലയിൽ 14 മുറികളോടുകൂടിയ പനമുക്ക് വനിതാ വ്യവസായ കേന്ദ്രം തൊഴിൽരഹിതർക്ക് തൊഴിൽ നൽകുക എന്ന ലക്ഷ്യത്തോടെ 2000-01-ൽ 10,97,913 രൂപയ്ക്ക് പൂർത്തീകരിച്ചു. ഇലക്ട്രിഫിക്കേഷൻ വർക്കുകളും സാനിട്ടേഷൻ വർക്കുകൾക്കുമായി 17-10-2002-ൽ നിർമ്മിതികേന്ദ്രവുമായി കരാറിൽ ഏർപ്പെട്ട് 3,65,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. ആകെ 1,20,500 രൂപ അഡ്വാൻസ് നൽകി, 2008-09 വർഷം കെട്ടിടത്തിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയെങ്കിലും വെള്ളം ലഭ്യമായിട്ടില്ല.

2001 ഏപ്രിൽ മുതൽ ഒരു മുറിയ്ക്ക് പ്രതിമാസം 775/- നിരക്കിൽ 7 വ്യവസായ സംരംഭകർക്ക് മുറി അനുവദിച്ച് നൽകിയിരുന്നു. എന്നാൽ വെള്ളം/വൈദ്യുതി എന്നിവയുടെ അഭാവം നിമിത്തം പതിനാല് മുറികളും ഉപയോഗയോഗ്യമായില്ല.

വ്യവസായ കേന്ദ്രനിർമ്മാണം പൂർത്തീകരിച്ചിട്ടും നാളിതുവരെ പ്രവർത്തനസജ്ജമാക്കാതിരുന്നതുമൂലം 2008-09 വരെ വാടകയിനത്തിൽ ഏകദേശം 10,41,600 രൂപയുടെ (775x14x12x8) റവന്യൂ നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചിട്ടുണ്ട്.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം അറിയിച്ച് തൃശ്ശൂർ നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 8-5-2012-ലെ എൽ.എഫ്. ആർ.ടി.സി 8/249/2012 നമ്പർ കത്ത് നൽകിയിരുന്നു. ആയതിന് മറുപടിയായി 14 മുറികളിൽ 10 മുറികൾ രണ്ട് തവണ ടെണ്ടർ ചെയ്തതിൽ ആരും തന്നെ പങ്കെടുത്തിരുന്നില്ല എന്നും 4 മുറികൾ ലൈസൻസ് വ്യവസ്ഥയിൽ നൽകിയിട്ടുണ്ട് എന്നുമാണ് നഗരസഭ സെക്രട്ടറി അറിയിച്ചിരിക്കുന്നത് ( 2012 മേയ് ).

നിർമ്മാണം പൂർത്തിയായി പതിനൊന്ന് വർഷം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിമിത്തം പതിനാല് മുറികളുള്ള വനിതാ വ്യവസായ കേന്ദ്രം വാടകയ്ക്ക് നൽകുവാൻ കഴിയാത്തതിനാൽ 10,97,913 രൂപ ചെലവഴിച്ച പണിത കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12, ഓഡിറ്റ് ഖണ്ഡിക 4.13]

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

44. കുർക്കഞ്ചേരി-പനമുക്ക് വനിതാവ്യവസായ കേന്ദ്രം ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ചെയ്തിട്ടുള്ളതെന്നും അതിൽ ഗ്രൗണ്ട് ഫ്ലോറിലും ഫസ്റ്റ് ഫ്ലോറിലുമായി ഏഴ് മുറികൾ വീതം 14 മുറികളുണ്ടായിരുന്നുവെന്നും നിലവിൽ താഴത്തെ നിലയിൽ നിന്ന് കോർപ്പറേഷന് പ്രതിമാസം ലൈസൻസ് ഫീയിനത്തിൽ 15,367 രൂപ ലഭിച്ചുവരുന്നതായും 2013-16 കാലഘട്ടത്തിൽ ഒന്നാം നിലയിലെ ഏഴ് മുറികൾ 4,500 രൂപയ്ക്ക് കുടുംബശ്രീ യൂണിറ്റിന് നൽകിയിരുന്നുവെന്നും കുടുംബശ്രീ യൂണിറ്റിന് വിജയിക്കാനാകാത്തതുകൊണ്ട് തിരികെ നൽകിയതായും പിന്നീട് കോർപ്പറേഷൻ പല തവണ റീ-ടെണ്ടർ ചെയ്തെങ്കിലും ഫലമുണ്ടായില്ലെന്നും 14-5-2018-ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഒന്നാം നിലയിലെ ഏഴ് മുറികൾ ഹാളാക്കി പരിവർത്തനം ചെയ്യുന്നതിനുള്ള ഡയറക്ഷൻ നൽകുകയും അതിനുവേണ്ടി ടെക്നിക്കൽ വിഭാഗം പരിശോധന നടത്തുകയും ചെയ്തെങ്കിലും കെട്ടിടത്തിന് ഫീസിബിലിറ്റിയില്ലായെന്ന കാരണത്താൽ പ്രാവർത്തികമായില്ലെന്നും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചു.

45. പ്രസ്തുത വിഷയം പല തവണ കൗൺസിലിൽ വയ്ക്കുകയുണ്ടായെന്നും എന്നാൽ കോവിഡും പ്രളയവും പെരുമാറ്റചട്ടവുംമൂലം അജണ്ട നാളിതുവരെ കൗൺസിലിൽ എടുത്തിട്ടില്ലെന്നും നിലവിലെ സ്ഥിതി സംബന്ധിച്ച് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുള്ളതായും കുറച്ച് അടിസ്ഥാന സൗകര്യങ്ങൾകൂടി ഉൾപ്പെടുത്തിക്കൊണ്ട് വ്യാവസായിക കേന്ദ്രം പൂർവ്വസ്ഥിതിയിലാക്കുന്നതിനുവേണ്ടി ഒരു പ്രൊപ്പോസൽ വച്ചിട്ടുണ്ടെന്നും അതിന്റെ ഭരണാനുമതി കിട്ടുന്ന മുറയ്ക്ക് അവിടെ കിണർ/പൈപ്പ് ലൈൻ വഴി വെള്ളമെത്തിക്കാനുള്ള സംവിധാനമുണ്ടാക്കുമെന്നും വ്യവസായ കേന്ദ്രം ഒരു സ്റ്റോർ എന്ന രീതിയിൽ പരിവർത്തനം ചെയ്ത് സംരംഭങ്ങൾക്ക് കൊടുക്കുന്നതിനുള്ള ശ്രമങ്ങൾ കോർപ്പറേഷന്റെ ഭാഗത്തുനിന്നും നടക്കുന്നതായും കുടിവെള്ള പ്രശ്നമുള്ളതിനാൽ പ്രസ്തുത വ്യവസായകേന്ദ്രം കുടുംബശ്രീ യൂണിറ്റുകൾക്കുതന്നെ നൽകുന്നതിനുള്ള ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണെന്നും അവരുടെ സ്റ്റോക്ക്‌യാർഡ് ചെയ്യുന്നതിനു വേണ്ടിയുള്ള സംവിധാനത്തെപ്പറ്റിയും ഫിനാൻസ് കമ്മിറ്റിയിൽ പ്രൊപ്പോസൽ വച്ചിട്ടുള്ളതായും അംഗീകാരത്തിനുവിധേയമായി നടപടി സ്വീകരിക്കുന്നതാണെന്നും ഗ്രൗണ്ട് ഫ്ലോർ പൂർണ്ണമായി ഉപയോഗിക്കുന്നതുവഴി കോർപ്പറേഷന് പ്രതിമാസം വരുമാനം ലഭിക്കുന്നുണ്ടെന്നും ആകയാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നതായും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

46. വെള്ളവും മറ്റ് അടിസ്ഥാന സൗകര്യങ്ങളുമില്ലാതെ ഉപയോഗിക്കാൻ പറ്റുമോയെന്ന സമിതിയുടെ ചോദ്യത്തിന് ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രോജക്ട് തയ്യാറാക്കിയിട്ടുണ്ടെന്നും കുടിവെള്ളമെത്തിക്കാനുള്ള നടപടികൾ ആസൂത്രണം ചെയ്തിട്ടുണ്ടെന്നും സ്റ്റോറായി ഉപയോഗിച്ചുകഴിഞ്ഞാൽ വെള്ളത്തിന്റെ പ്രശ്നം പരിഹരിക്കാൻ സാധിക്കുമെന്നും കുടുംബശ്രീ യൂണിറ്റിന്റെ ചെറുകിട പ്രോജക്ടുകളിലെ സാധനങ്ങൾ സ്റ്റോക്ക് ചെയ്യുന്ന രീതിയിലേയ്ക്ക് മാറ്റിക്കഴിഞ്ഞാൽ ഈ വിഷയം ഒരു പരിധിവരെ പരിഹരിക്കാമെന്നും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി മറുപടി നൽകി.

47. വ്യവസായ കേന്ദ്രം യൂട്ടിലൈസ് ചെയ്യുന്നതിനായി കുടുംബശ്രീ യൂണിറ്റിന് നൽകുന്നതിനുള്ള പ്രൊപ്പോസൽ കൗൺസിലിൽ വയ്ക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ടി വിഷയം സംബന്ധിച്ച് കുടുംബശ്രീയുമായി ചർച്ച നടത്തിക്കൊണ്ടിരിക്കുകയാണെന്നും തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറി സമിതി മുമ്പാകെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റിന് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**48. വ്യവസായ കേന്ദ്രം കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്നത് സംബന്ധിച്ച് കുടുംബശ്രീയുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണെന്നുള്ള തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പൊളിച്ചുമാറ്റിയ കെട്ടിടത്തിന് സംരക്ഷണ പദ്ധതി**

തൃശ്ശൂർ നഗരസഭ ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09

ഖണ്ഡിക 3-24

■ സ്ഥലപരിശോധന, കെട്ടിട പരിശോധന തുടങ്ങിയ പ്രാഥമിക നടപടികൾ പോലും പാലിക്കാതെ സ്കൂൾ കെട്ടിടഭാഗങ്ങളുടെ മെയിന്റനൻസിനായി പദ്ധതി തയ്യാറാക്കി

■ മെയിന്റനൻസ് നടത്തേണ്ട കെട്ടിടം, കോർപ്പറേഷനെ അറിയിക്കാതെ സ്കൂൾ അധികൃതർ പൊളിച്ചു മാറ്റി

■ മെയിന്റനൻസിന് കോസ്റ്റ് ഫോർഡിന് നൽകിയ മുൻകൂർ തുക തിരികെ ലഭിച്ചില്ല

തൃശ്ശൂർ ഗവൺമെന്റ് മോഡൽ ഗേൾസ് ഹൈസ്കൂളിലെ ഉപയോഗശൂന്യമായ ടോയ്‌ലറ്റ് ബ്ലോക്കിന്റെ ഓട് മേൽക്കൂര മാറ്റി ആർ.സി. റൂഫ് ആക്കുന്നതിനും തറയിൽ ടൈൽസ് വിരിക്കുന്നതിനും സ്റ്റാഫ് റൂം, സ്കൂൾ വരാന്ത, കഞ്ഞിപ്പുര എന്നിവ റിപ്പയർ ചെയ്യുന്നതിനും സൈക്കിൾ ഷെഡ് പണിയുന്നതിനും ലക്ഷ്യമിടുന്ന 4 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകാരം നൽകി (നം. എസ് 422/08).

ടെണ്ടർ ചെയ്തപ്പോൾ ഏറ്റെടുക്കുവാൻ ആളില്ലാത്തതിനാൽ പ്രവൃത്തി കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയും 25-3-2008-ൽ കരാറിലേർപ്പെട്ട് 79,796 രൂപ മുൻകൂർ നൽകുകയും ചെയ്തു. പ്രവൃത്തി തുടങ്ങുന്നതിന് മുന്നോടിയായി സ്ഥലം പരിശോധനയ്ക്ക് എത്തിയ കോസ്റ്റ്ഫോർഡ് അധികൃതർക്ക് അറ്റകുറ്റപ്പണി നടത്തേണ്ട കെട്ടിടമോ ഭാഗങ്ങളോ കാണാനായില്ലെന്ന 26-8-2008-ലെ കത്തിൽ കോസ്റ്റ്ഫോർഡ് ഡയറക്ടർ കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചു. മരം വീണ് കെട്ടിടം അപകടാവസ്ഥയിലായിരുന്നതിനാലാണ് പൊളിച്ച് നീക്കിയത് എന്ന് സ്കൂൾ അധികൃതർ വിശദീകരിച്ചു (2009 മാർച്ച്). അധികാര വികേന്ദ്രീകരണ ഫലമായി കോർപ്പറേഷന്റെ അധികാരപരിധിയിൽപ്പെട്ട സ്കൂൾ കെട്ടിടത്തിന്റെ അപകടാവസ്ഥ കോർപ്പറേഷനെ അറിയിക്കാതെ പൊളിച്ചുമാറ്റിയ സ്കൂൾ അധികൃതരുടെ നടപടി ക്രമവിരുദ്ധമാണ്.

സ്ഥലപരിശോധന, കെട്ടിട പരിശോധന, സ്കൂൾ അധികൃതരുമായി കൂടിയാലോചന തുടങ്ങിയ പ്രാഥമിക നടപടിക്രമങ്ങൾ പാലിക്കാതെയാണ് പദ്ധതിയും എസ്റ്റിമേറ്റും തയ്യാറാക്കിയിരിക്കുന്നത് എന്ന് ഇതിൽ നിന്നും വ്യക്തമാണ്.

49. എസ്റ്റിമേറ്റ് തുകയിൽ വർധനവ് വരുത്താതെ എസ്റ്റിമേറ്റ് പുതുക്കി തയ്യാറാക്കി കോസ്റ്റ്ഫോർഡിനെ കൊണ്ട് തന്നെ പ്രവൃത്തി നടത്തുന്നതിന് കൗൺസിൽ തീരുമാനിച്ചു (നം. 38/27-12-08). കോസ്റ്റ്ഫോർഡ് എസ്റ്റിമേറ്റ് നൽകാത്തതിനാൽ 2009-10 വർഷം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് സ്പിൽ ഓവറായി നടത്തുന്നതിന് കൗൺസിൽ തീരുമാനിച്ചിരുന്നു. എന്നാൽ കോസ്റ്റ്ഫോർഡ് നാളിതുവരെ എസ്റ്റിമേറ്റ് സമർപ്പിക്കുകയോ പ്രവൃത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല.

ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം അറിയിച്ച് തൃശ്ശൂർ നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 8-5-2012-ലെ എൽ.എഫ്.പി. ആർ.സി 08/249/2012 നമ്പർ കത്ത് നഗരസഭാ സെക്രട്ടറിയ്ക്ക് നൽകിയിരുന്നു. ആയതിന് മറുപടിയായി കോർപ്പറേഷൻ അസിസ്റ്റന്റ് എഞ്ചിനീയറുടെ 8-8-2011-ലെ റിപ്പോർട്ട പ്രകാരം മുൻകൂർ നൽകിയ 79,796 രൂപ പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുകയാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട് (മേയ് 2012).

പ്രോജക്ടിന്റെ നിർവ്വഹണ സാധ്യത പരിശോധിക്കാതെ 2008-09 വർഷം കോസ്റ്റ്ഫോർഡിന്റെ അക്കൗണ്ടിൽ നിക്ഷേപിച്ച 79,796 രൂപ നാലുവർഷമായി നിഷ്ക്രിയമായി കിടക്കുകയാണ്. തൊഴിലാളികളുടെ കൂലിയിനത്തിലും പണിസാധനങ്ങളുടെ വിലയിനത്തിലും ഈ നാലുവർഷംകൊണ്ട് കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ പ്രസ്തുത അടങ്കൽ (4,00,000 രൂപ) കൊണ്ട് ഇനി പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ

ശ്രീ. പി.എം.ദേവരാജൻ , സെക്രട്ടറി ( റിട്ട.)

നിള, ചേറ്റുപുഴ പി.ഒ., തൃശ്ശൂർ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.14]

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

50. ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**51. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-ആവശ്യകത പരിശോധിക്കാതെ പൈപ്പുകൾ വാങ്ങിക്കൂട്ടി**

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് — ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009

വയനാട് ജില്ല — ഖണ്ഡിക 3-15

- വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പൈപ്പുകൾ വാങ്ങി.
- പൈപ്പുകൾ ഇറക്കുന്നതിന് മുമ്പ് സ്ഥാപനത്തിന് 7 ലക്ഷം രൂപ അഡ്വാൻസ് നൽകി.
- വാങ്ങിയ മുഴുവൻ പൈപ്പുകളും ഉപയോഗപ്രദമാക്കിയിട്ടില്ല.

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2008-2009-ൽ ആകെ 17,53,675 ലക്ഷം രൂപയുടെ 312 പൈപ്പുകൾ മുക്കം, തുളുവനാനിക്കൽ പൈപ്സിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാങ്ങിയ പൈപ്പുകളുടെ വില ചുവടെ ചേർക്കുന്നു.

| | എണ്ണം/ നിരക്ക് | | |
|---|---|---|---|
| 1 അടി പൈപ്പ് | 44 x 1850 | = | 81,400 രൂപ |
| 2 അടി പൈപ്പ് | 120 x 4218 | = | 5,06,160 രൂപ |
| 3 അടി പൈപ്പ് | 133 x 7365 | = | 9,79,545 രൂപ |
| 4 അടി പൈപ്പ് | 15 x 12438 | = | 1,86,570 രൂപ |
| | **ആകെ** | | **17,53,675 രൂപ** |

പൈപ്പ് വാങ്ങുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല. പൈപ്പ് സപ്ലൈ ചെയ്യുന്നതിന് മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ അംഗീകരിച്ച ടെണ്ടർ ആയ തുളുവനാനിക്കൽ പൈപ്സുമായി നെഗോസിയേഷനും നടത്തിയിരുന്നില്ല. പൈപ്പുകൾ ഇറക്കുന്നതിനു മുമ്പ് തന്നെ സ്ഥാപനത്തിനു 7 ലക്ഷം രൂപ (ഡി.ഡി നം: 224629 തീയതി 21-3-2009 പ്രകാരം) അഡ്വാൻസ് നൽകിയിരുന്നു. സ്ഥല പരിശോധനയിൽ ഭൂരിഭാഗം പൈപ്പുകളും ഉപയോഗിക്കാതെ കിടക്കുന്നതായും ഉപയോഗിച്ചവ തന്നെ ശരിയായ രീതിയിൽ സ്ഥാപിക്കാത്തതിനാൽ തകർച്ചാഭീഷണി നേരിടുന്നതായും ബോധ്യപ്പെടുകയുണ്ടായി. ഇതിൽ 181 പൈപ്പുകൾ ഭാഗികമായോ/ശരിയായോ ഉപയോഗിച്ചതായും 67 എണ്ണം ഉപയോഗിക്കാത്തതായും കാണുകയുണ്ടായി. 64 എണ്ണം എവിടെ സ്ഥാപിച്ചു എന്നു വിശദീകരിച്ചിട്ടില്ല. ആവശ്യകത സംബന്ധിച്ച പഠനത്തിന്റെയോ റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലല്ല പൈപ്പുകൾ വാങ്ങിയത്. പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്ര അന്വേഷണം ആവശ്യമാണ്.

ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം വയനാട് ജില്ല സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 21-5-2012-ലെ എൽ.എഫ്. (ഡബ്ല്യു.)പി.2-318/12-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ

പി.എം. ജോസ്കുമാർ, സെക്രട്ടറി ഇൻചാർജ്ജ്,

പരിയാരത്ത് വീട്,

ബൈബിൾ ലാൻഡ്,

പൊഴുതന, കൽപ്പറ്റ.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.21]

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

52. പൈപ്പുകൾ വാങ്ങിക്കൂട്ടിയതിനെക്കുറിച്ചുള്ള ഓഡിറ്റ് പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞതിന് 131 പൈപ്പുകൾ ഉപയോഗിച്ചില്ലെന്നാണ് ഓഡിറ്റ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതെന്നും അതിൽ 39 പൈപ്പുകളൊഴികെ ബാക്കി പൈപ്പുകൾ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ ഉപയോഗിച്ചിട്ടുണ്ടെന്നും ഉത്തരവാദിയായ സെക്രട്ടറി 2017-ൽ സർവ്വീസിൽ നിന്നും വിരമിച്ചതായും കണ്ടെത്താൻ കഴിയാത്ത പൈപ്പുകളുടെ വില ടിയാന്റെ ഡി.സി.ആർ.ജി.-യിൽനിന്ന് ഈടാക്കുന്നതിന് സമ്മതമാണെന്ന് സത്യവാങ്മൂലം തന്നിട്ടുണ്ടെന്നും അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് സമിതി മുമ്പാകെ അറിയിച്ചു.

53. ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കണ്ടെത്താൻ കഴിയാത്ത നാല് തരം പൈപ്പുകളുടെ ആകെ തുക 2,47,864 രൂപയാണെന്നും സെക്രട്ടറിയിൽനിന്നും 1,49,284 രൂപ തിരിച്ചുപിടിച്ചാൽ എങ്ങനെ ശരിയാകുമെന്നുമുള്ള സമിതിയുടെ ചോദ്യത്തിന് കഴിഞ്ഞ മാസം 30-ാം തീയതി ഇതുമായി ബന്ധപ്പെട്ട് ഓഡിറ്റ് റിവ്യൂ പരിശോധന നടത്തുകയും അതിന്റെ റിപ്പോർട്ട് കൊടുക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് 1,49,284 രൂപ എന്ന് കണക്കാക്കിയതെന്നും പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടില്ലെന്നും പ്രസ്തുത റിപ്പോർട്ട് കിട്ടിയതിനുശേഷം ആയത് പരിശോധിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

54. 1,49,284 രൂപയുടെ റിപ്പോർട്ട് കൊടുത്തതിനുശേഷമാണ് ഓഡിറ്റ് പരിശോധനാ സമിതി 2,47,864 രൂപയുടെ സൂക്ഷ്മപരിശോധനാ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വയനാട് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് ബോധിപ്പിച്ചു.

55. 2011-12-നു ശേഷം പല റോഡുകളിലും വലിയതോതിലുള്ള നവീകരണം നടന്നതുകൊണ്ട് നിലവിൽ പൈപ്പുകൾ കണ്ടെത്താൻ കഴിയുന്നില്ലെന്നും പ്രാദേശികമായി നടത്തിയ അന്വേഷണത്തിൽ പൈപ്പുകൾ ഉപയോഗിച്ചിരുന്നുവെന്നും പിന്നീട് നവീകരണത്തിന്റെ ഭാഗമായി പല പൈപ്പുകളും എടുത്തുമാറ്റിയതുകൊണ്ട് കാണാൻ കഴിയാത്തതാണെന്നുമാണ് മനസ്സിലാക്കുന്നതെന്നും ഓഡിറ്റ് റിപ്പോർട്ടിൽ 64 പൈപ്പുകൾ കാണുന്നില്ലെന്നാണ് പറഞ്ഞിരിക്കുന്നതെന്നും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറി വ്യക്തമാക്കി.

56. ഈ വിഷയം കൈകാര്യം ചെയ്തതിൽ വീഴ്ച വന്നിട്ടുണ്ടെന്ന് സെക്രട്ടറി സമ്മതിക്കുന്ന സാഹചര്യത്തിൽ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു. ആദ്യത്തെ തുക നിശ്ചയിച്ചത് ഏത് മാനദണ്ഡപ്രകാരമാണെന്ന സമിതിയുടെ ചോദ്യത്തിന് പൈപ്പിന്റെ വില കണക്കുകൂട്ടിയിട്ട് കാണാതായ 39 പൈപ്പുകളുടെ എണ്ണംവച്ച് ഗുണിച്ചാണ് കണക്കാക്കിയിട്ടുള്ളതെന്ന് വയനാട് അസിസ്റ്റന്റ് ഡയറക്ടർ ഓഫ് പഞ്ചായത്ത് സമിതി മുമ്പാകെ വിശദീകരിച്ചു.

57. 2,47,864 രൂപ അടയ്ക്കുവാൻ സമ്മതിച്ച സാഹചര്യത്തിൽ ആ തുക ഈടാക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**58. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും കണ്ടെത്താൻ കഴിയാത്ത/ഉപയോഗിക്കാത്ത പൈപ്പുകളുടെ വിലയായ 2,47,864 രൂപ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ട്രൈബൽ മെറ്റേണിറ്റി വാർഡ് നിർമ്മാണം - അപാകങ്ങൾ**

വയനാട് ജില്ലാ പഞ്ചായത്ത് ഓഡിറ്റ് റിപ്പോർട്ട് വർഷം 2009-10

ഖണ്ഡിക 3-48

- 1999-2000-ൽ ആരംഭിച്ച പദ്ധതി 2011-12-ലും പൂർത്തീകരിച്ചിട്ടില്ല

2006-2007 സാമ്പത്തിക വർഷത്തെ ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം 1999-2000-ൽ 30 ലക്ഷം രൂപ അടങ്കലിൽ ആരംഭിച്ച ഈ പ്രവൃത്തിയുടെ കൺവീനറായിരുന്ന ശ്രീ. പി. എ. തോമസ്, 1999-2000-ൽ 1 ലക്ഷം രൂപ മുൻകൂറായും 21-5-2002-ന് പാർട്ട് ബിൽ പ്രകാരം 1,59,120 രൂപയും കൈപ്പറ്റിയിട്ടുണ്ട്. തുടർന്ന് കൺവീനർ പിൻമാറുകയും 25,50,000 രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി 7.5% കൂടിയ നിരക്കും കമ്പിയുടെ അധിക വിലയും നൽകണമെന്ന വ്യവസ്ഥയിൽ ശ്രീ. സി. കെ. തോമസ് കോൺട്രാക്ടറുടെ ടെണ്ടർ സ്വീകരിക്കുകയും ചെയ്തു. ഭാഗികമായി പ്രവൃത്തി ചെയ്തതിന് ശ്രീ. സി. കെ. തോമസ് കോൺട്രാക്ടർ 4,51,587 രൂപ കൈപ്പറ്റിയിട്ടുണ്ട്. {വൗച്ചർ നമ്പർ 14/12/(1-12-2006)}

ഈ പ്രവൃത്തിക്ക് 26-5-2008-ലെ 4(5)/08-ാം നമ്പർ തീരുമാനപ്രകാരം 35,00,000 രൂപ വകയിരുത്തുകയും ശ്രീ. സി. കെ. തോമസിനെ കരാറിൽ നിന്നും ഒഴിവാക്കി പ്രവൃത്തി പുതിയ നിരക്കിൽ റിവൈസ് ചെയ്ത് ജില്ലാ നിർമ്മിതി കേന്ദ്രത്തെ ഏൽപ്പിക്കുവാനും തീരുമാനിച്ചു. നിർമ്മിതി കേന്ദ്രവും ജില്ലാ പഞ്ചായത്തും 22-5-2009-ൽ ഏർപ്പെട്ട കരാർ പ്രകാരം 30-11-2009-ന് മുൻപ് പണി തീർക്കണമായിരുന്നു.

നാളിതുവരെ നിർമ്മിതി കേന്ദ്രത്തിന് 10-2-2009-ന് മുൻകൂറായി അനുവദിച്ച 7,47,060 രൂപയും 23-2-2010-ന് നൽകിയ 14,94,120 രൂപയും ഉൾപ്പെടെ 22,41,180 രൂപ അനുവദിച്ചിട്ടുണ്ട്. എന്നാൽ 15 ലക്ഷം രൂപയുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റാണ് ഹാജരാക്കിയിട്ടുള്ളത്. പട്ടിക വർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനു വേണ്ടി 12 വർഷങ്ങൾക്കു മുൻപ് ആരംഭിച്ച ഈ പദ്ധതി ഇനിയും പൂർത്തീകരിച്ചിട്ടില്ല.

പ്രസ്തുത ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 21-5-2012 -ലെ എൽഎഫ്.(ഡബ്ല്യു)പി2-318/12-ാം നമ്പർ കത്ത് പ്രകാരം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 6-6-2012-ലെ സെക്രട്ടറിയുടെ മറുപടി പ്രകാരം ഏകദേശം 80%-ൽ അധികം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ബാക്കി പ്രവൃത്തി 3 മാസത്തിനുള്ളിൽ പൂർത്തീകരിക്കുന്നതിന് ജില്ലാ നിർമ്മിതി കേന്ദ്രത്തിന് കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

4-7-2012-ലെ സ്ഥലപരിശോധന റിപ്പോർട്ട് പ്രകാരം ആശുപത്രി കെട്ടിടത്തിന്റെ പ്രവർത്തനത്തിന് അത്യാവശ്യമായ ഇലക്ട്രിഫിക്കേഷൻ, റാമ്പ് നിർമ്മാണം എന്നിവ നടത്തിയിട്ടില്ല. ആയതിനാൽ ട്രൈബൽ മെറ്റേണിറ്റി വാർഡ് പ്രവർത്തനക്ഷമമായിട്ടില്ല.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ശ്രീ. ടി.സനൽ കുമാർ, സെക്രട്ടറി,

കുടല്ലൂർ വീട്, ബാലരാമപുരം പി.ഒ.,

തിരുവനന്തപുരം.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.22)

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

59. നിലവിൽ മെറ്റേണിറ്റി വാർഡ് പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടെന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**60. ട്രൈബൽ മെറ്റേണിറ്റി വാർഡ് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടെന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണൽ വിൽപ്പന - പഞ്ചായത്ത് വിഹിതം ഈടാക്കിയതിൽ കുറവ് 4,28,536 രൂപ**

മയ്യിൽ ഗ്രാമപഞ്ചായത്ത്   ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009

കണ്ണൂർ ജില്ല   ഖണ്ഡിക 2-3

- പഞ്ചായത്തിന് ലഭിക്കേണ്ട വിഹിതം കൃത്യമായി ഒടുക്കിയിട്ടില്ല.
- പഞ്ചായത്തിന് 4,28,536 രൂപയുടെ വരവ് നഷ്ടം.

മയ്യിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു ലോഡ് മണലിന്റെ വില്പന വില 800 രൂപയാണ്. ഇതിൽ കൂലിച്ചെലവായ 409 രൂപയും അനുബന്ധചെലവായ 391 രൂപയും (പഞ്ചായത്ത് വിഹിതം 135 രൂപ, റിവർമാനേജ്മെന്റ് ഫണ്ട് 135 രൂപ, റോയൽറ്റി 50 രൂപ, വിൽപ്പന നികുതി (വാറ്റ്) 32 രൂപ, ഇൻകം ടാക്സ് 18 രൂപ, വാച്ച്മാൻ കൂലി 10 രൂപ ഓഫീസ് ചെലവ് 11 രൂപ) ഉൾപ്പെട്ടിട്ടുണ്ട്.

ഒരു ലോഡ് മണൽ വിൽക്കുമ്പോൾ 391 രൂപയാണ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നത്. കൂലിച്ചെലവായ 409 രൂപ ഗ്രാമപഞ്ചായത്തിൽ അടയ്ക്കുന്നില്ല. 30 ദിവസത്തേയ്ക്കുള്ള തുക മുൻകൂറായി വാങ്ങി അതനുസരിച്ച് എല്ലാ ആഴ്ചകളിലും മണൽ പാസ് ഒപ്പിട്ട് കടവുകളിലെ വാച്ച്മാൻ വശം നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്.

രേഖകൾ പരിശോധിച്ചപ്പോൾ 2008-2009 സാമ്പത്തിക വർഷം 13016 പാസുകൾക്കുള്ള തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട വകുപ്പിൽ അടച്ചതായും അത്രയും തന്നെ പാസ്സുകൾ നൽകിയതായും കണ്ടു. 13016 പാസുകൾ നൽകിയ ഇനത്തിൽ 50,89,256 രൂപ (13016 x 391) പഞ്ചായത്തിൽ അടക്കേണ്ടതുണ്ട്. എന്നാൽ കാഷ് ബുക്ക്, വരവ് രജിസ്റ്റർ, വാർഷിക കണക്കുകൾ എന്നിവ പ്രകാരം 46,60,720 രൂപ മാത്രമാണ് പഞ്ചായത്തിൽ അടച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന കടവുകളിലേയ്ക്ക് മണൽ പാസ്സുകൾ നൽകിയ വകയിൽ 4,28,536 രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല എന്ന് വ്യക്തമായി.

| കടവിന്റെ പേര് | നൽകിയ മണൽ പാസ്സുകളുടെ എണ്ണം | അടവാക്കേണ്ട തുക (രൂപ) | അടവാക്കിയ തുക (രൂപ) | കുറവ് വന്ന തുക (രൂപ) |
|---|---|---|---|---|
| 1. പറശ്ശിനി | 3416 | 13,35,656 | 13,13,760 | 21,896 |
| 2. മുല്ലക്കൊടി | 2470 | 9,65,770 | 8,21,100 | 1,44,670 |
| 3. കണ്ടക്കൈ | 2470 | 9,65,770 | 9,50,130 | 15,640 |
| 4. ചെക്കിക്കടവ് | 2430 | 9,50,130 | 9,30,580 | 19,550 |
| 5. ചീരാച്ചേരി | 1015 | 3,96,865 | 2,34,600 | 1,62,265 |
| 6. ആയ്യാർ മുനമ്പ് | 1215 | 4,75,065 | 4,10,550 | 64,515 |
| ആകെ | 13016 | 50,89,256 | 46,60,720 | 4,28,536 |

ഒടുക്കിൽ കുറവു വന്ന 4,28,536 രൂപ ഉത്തരവാദിയായവരിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

പ്രസ്തുത ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ എൽ.എഫ്/കെ.എൻ.ആർ.ബി1/628/12-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 30-5-2012-ലെ സെക്രട്ടറിയുടെ മറുപടിയിൽ 2007-08, 2008-09, 2009-10 വർഷങ്ങളിൽ കുടിശ്ശികയായി 11,51,291 രൂപ അടച്ചതായി പറഞ്ഞിട്ടുണ്ട്. തുകയുടെ വർഷം തിരിച്ചുള്ള വിശദവിവരം ലഭ്യമല്ലെന്നും അടച്ചതായി പറയുന്ന തുക 2009-10 വർഷത്തെ യഥാർത്ഥ വരവിൽ ഉൾപ്പെടുന്നത് മാത്രമാണെന്നും രജിസ്റ്ററുകളുടെ പരിശോധനയിൽ നിന്നും വ്യക്തമായി.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:

പി. കെ. പ്രേമൻ,

സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്,

(പൂഴാതി ഗ്രാമ പഞ്ചായത്ത്, കണ്ണൂർ)

പഴഞ്ഞും കുട്ടത്തിൽ ഹൗസ്,

മുയിപ്പോത്ത് പി.ഒ., (വഴി) മേപ്പയ്യൂർ,

കോഴിക്കോട്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.23)

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

61. ഓഡിറ്റ് പരാമർശത്തിന്മേൽ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**62. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഖരമാലിന്യ പ്ലാന്റ് - പിൻവലിച്ച പദ്ധതി വിഹിതം വിനിയോഗിച്ചില്ല**

കണ്ണൂർ നഗരസഭ ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009

ഖണ്ഡിക 3-10

- സർക്കാർ ഉത്തരവിന് വിരുദ്ധമായി 56,57,671 രൂപ ബാങ്കിൽ നിക്ഷേപിച്ചു
- പദ്ധതി നിർവ്വഹണത്തിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല
- 31-5-2010-ൽ പ്രസ്തുത അക്കൗണ്ടിൽ പലിശ ഉൾപ്പെടെ 58,74,599 രൂപയുണ്ട്

യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതി പ്രകാരം ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് നഗരസഭയുടെ വിഹിതമായ 56,57,671 രൂപ 2008-09 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ബിൽ നമ്പർ 121/08-09 പ്രകാരം 31-3-2009-ന് പിൻവലിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കണ്ണൂർ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിലെ 67079546575 നമ്പർ എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ കണ്ണൂർ

നഗരസഭയുടെ 12-5-2010-ലെ ഇ 4- 17190/08 എം. പ്രവർത്തന പുരോഗതി റിപ്പോർട്ട് പ്രകാരം ഈ പദ്ധതി ഒരു പുരോഗതിയും കൈവരിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ടിന്റെ പരിശോധനയിൽ ഈ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലെന്നും വ്യക്തമായി.

സ.ഉ.(പി) 177/2006/ധന. തീയതി 12-4-2006-ലെ ഖണ്ഡിക 8-3-ൽ പിൻവലിച്ചതും, വിനിയോഗിക്കാത്തതുമായ തുക 30 ദിവസത്തിനകം തിരിച്ചടയ്ക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ പ്രസ്തുത തുക നാളിതുവരെ വിനിയോഗിക്കുകയോ, കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഈ വിഷയം സംബന്ധിച്ച് 8-6-2010-ന് നഗരസഭ സെക്രട്ടറിയോട് വിശദീകരണം ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. 19-6-2010-ന് ഇ 4/18872/08-ാം നമ്പർ കത്ത് പ്രകാരം ലഭ്യമാക്കിയ വിശദീകരണത്തിൽ ഈ പ്രോജക്റ്റിന് നാളിതുവരെ കേന്ദ്രസർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല എന്നും ആയത് ലഭ്യമായാൽ തുക വിനിയോഗിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകാരം ആവശ്യമായ പദ്ധതിയ്ക്ക് ആയത് ലഭ്യമാക്കാതെ പദ്ധതി വിഹിതത്തിൽ നിന്നും തുക പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച നഗരസഭയുടെ നടപടി ന്യായീകരിക്കാവുന്നതല്ല. അതിനാൽ ബിൽ നം:121/08-09 പ്രകാരം പിൻവലിച്ചതും നാളിതുവരെ വിനിയോഗിക്കാത്തതുമായ 56,57,671 രൂപയുടെ ചെലവ് തടസ്സപ്പെടുത്തി. 31-5-2010-ൽ ഈ അക്കൗണ്ടിൽ പലിശ ഉൾപ്പെടെ 58,74,599 രൂപയുണ്ട്.

ഈ ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം ഡെപ്യൂട്ടി ഡയറക്ടർ 7-6-2012-ലെ എൽ.എഫ്.സി.എം.3/150/12-ാം കത്ത് പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 30-4-2012-ലെ നഗരസഭയുടെ മറുപടിയിൽ പ്രസ്തുത തുക ഇതുവരെ ചെലവഴിച്ചിട്ടില്ലെന്നും പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചാലുടൻ ചെലവഴിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ :

ബി.കെ. ബാലരാജ്, അഡീഷണൽ സെക്രട്ടറി,

സിവിൽ സ്റ്റേഷൻ റോഡ്, കോപ്പ, മുട്ടത്തൊടി,

വിദ്യാനഗർ. പി.ഒ.,

കാസറഗോഡ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 4.24)

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

63. ഓഡിറ്റ് പരാമർശത്തിന്മേൽ തദ്ദേശസ്വയഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാവാൻ തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**64. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തിരുവനന്തപുരം വികസന അതോറിറ്റി (ട്രിഡ)**

തലസ്ഥാന നഗരമായ തിരുവനന്തപുരത്തിന്റെയും സമീപപ്രദേശത്തെ പതിനഞ്ച് ഗ്രാമപഞ്ചായത്തുകളുടെയും സമഗ്രവികസനത്തിനായാണ് സർക്കാർ ഉത്തരവ് 111/1980/LA and SWD തീയതി:15-5-1980 പ്രകാരം തിരുവനന്തപുരം വികസന അതോറിറ്റി രൂപീകരിച്ചത്. സംസ്ഥാന/കേന്ദ്ര നഗരാസൂത്രണ വകുപ്പുകളുമായി ബന്ധപ്പെട്ട് പരിധിയിലുള്ള നഗരാസൂത്രണ പദ്ധതികൾ തയ്യാറാക്കുന്നതും തിരുവനന്തപുരം നഗരത്തിന്റെ വികസനത്തിനുള്ള മാസ്റ്റർ പ്ലാൻ ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതും ട്രിഡയുടെ ചുമതലയാണ്.

വിവിധ റോഡ് വികസന പദ്ധതികൾ, പാളയം ഫ്ളൈഓവർ, വിശ്രമ സങ്കേതങ്ങൾ, പുനരധിവാസകേന്ദ്രങ്ങൾ, വ്യാപാര സമുച്ചയങ്ങൾ എന്നിവയുടെ നിർമ്മാണം തുടങ്ങിയ വിവിധതരം വികസന പ്രവർത്തനങ്ങൾ ട്രിഡ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. എന്നാൽ കുറച്ചു വർഷങ്ങളായി ട്രിഡ വഴിയുള്ള വികസന പ്രവർത്തനങ്ങൾ കുറവാണ്.

2010-ലെ ഡീലിമിറ്റേഷനുശേഷം തിരുവനന്തപുരം നഗരസഭയിൽ നിന്നും കല്ലിയൂർ, പള്ളിച്ചൽ, വെങ്ങാനൂർ, വിളപ്പിൽ, വിളവൂർക്കൽ എന്നീ അഞ്ച് ഗ്രാമ പഞ്ചായത്തുകളിൽ നിന്നും ലഭിക്കുന്ന സെന്റേജ് ചാർജ്ജ്, ഷോപ്പിംഗ് കോംപ്ലക്സുകൾ ഉൾപ്പെടെയുള്ള ആസ്തികളിൽ നിന്നുള്ള വരവുകൾ, സർക്കാരിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുമുള്ള വായ്പകൾ, വികസന സെസ്സ്, ഡിബഞ്ചറുകൾ വഴിയുള്ള ധനസമാഹരണം എന്നിവയാണ് ട്രിഡയുടെ മൂലധന സ്രോതസ്സുകൾ.

സെന്റേജ് ചാർജ്ജിനത്തിൽ ലഭിക്കാനുള്ള മുഴുവൻ തുകയും മുകളിൽ സൂചിപ്പിച്ചിട്ടുള്ള ഗ്രാമപഞ്ചായത്തുകളിൽ നിന്നോ, നഗരസഭയിൽ നിന്നോ പൂർണ്ണമായി പിരിച്ചെടുക്കുന്നതിനു കഴിഞ്ഞിട്ടില്ല. ധനത്തിന്റെ അപര്യാപ്തത മൂലം ട്രിഡ ഏറ്റെടുത്ത് നടത്തുന്ന വികസന പ്രവർത്തനങ്ങൾ യഥാസമയം പൂർത്തീകരിക്കാൻ കഴിയുന്നില്ല. ഇതുമൂലം വായ്പാ തുക കൂടാതെ പലിശയിനത്തിലും അധിക ബാധ്യത ഉണ്ടാകുന്നു.

ട്രിഡയുടെ സുഗമമായ പ്രവർത്തനത്തിന് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി നടപ്പിലാക്കണമെന്ന് ശിപാർശ ചെയ്യുന്നു.

1. ട്രിഡയുടെ പ്രധാന വരുമാന സ്രോതസ്സായ സെന്റേജ് ചാർജ്ജ് ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുക.

2. ട്രിഡയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക യഥാസമയം പിരിച്ചെടുക്കാനുള്ള നടപടി സ്വീകരിക്കുകയും കാലാനുസൃതമായി വാടക പുതുക്കി നിശ്ചയിക്കുകയും അതോടൊപ്പം വാടക കരാർ വയ്പ്പിക്കുകയും കരാർ പ്രകാരമുള്ള മെയിന്റനൻസ് ചാർജ്ജ് ഈടാക്കുകയും ചെയ്യുക.

3. വിവിധ പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിൽ നിന്നും മറ്റുമെടുത്തിട്ടുള്ള വായ്പാ തുക വിനിയോഗിച്ച് പദ്ധതികൾ യഥാസമയം പൂർത്തികരിക്കുകയും വായ്പാ തിരിച്ചടവ് കൃത്യമായി നടത്തുകയും ചെയ്ത് പലിശയിനത്തിൽ വരുന്ന അധിക ബാധ്യത ഒഴിവാക്കേണ്ടതാണ്.

4. തിരുവനന്തപുരം നഗരത്തിനകത്തും സമീപപ്രദേശങ്ങളിലുമായി ട്രിഡ ആർജ്ജിച്ചിട്ടുള്ള ആസ്തികളെ സംബന്ധിച്ചും വിവിധ സ്ഥാപനങ്ങളിൽ നിന്നുമെടുത്തിട്ടുള്ള വായ്പകൾ, കടപത്രങ്ങൾ വഴി സ്വരൂപിച്ച തുകകൾ തുടങ്ങിയ ബാദ്ധ്യതകളെ സംബന്ധിച്ചുമുള്ള ആസ്തി ബാദ്ധ്യതാപത്രിക തയ്യാറാക്കേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 6.5.1)

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

65. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ട്രിഡയുടെ അധീനതയിൽ തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷനും വിളവൂർക്കൽ, വിളപ്പിൽ, വെങ്ങാനൂർ, പള്ളിച്ചൽ, കല്ലിയൂർ എന്നീ അഞ്ച് പഞ്ചായത്തുകളുമാണുള്ളതെന്നും ഇവിടെനിന്നും നിലവിൽ സെന്റേജ് ചാർജ്ജൊന്നും ലഭിക്കുന്നില്ലെന്നും തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് 2008-2009 വരെയുള്ള കാലഘട്ടത്തിൽ സെന്റേജ് ചാർജ്ജ് ലഭിച്ചിട്ടുണ്ടായിരുന്നതായും ട്രിഡ, കോർപ്പറേഷന് കൊടുക്കാനുള്ള പ്രോപ്പർട്ടി ടാക്സ് അഡ്ജസ്റ്റ് ചെയ്തിട്ട് ബാക്കി തുകയാണ് സെന്റേജ് ചാർജ്ജായി ലഭിച്ചുകൊണ്ടിരുന്നതെന്നും പിന്നീടൊന്നും ലഭിക്കാത്തതിന്റെ പേരിൽ ട്രിഡ വകുപ്പുമന്ത്രിക്ക് പരാതി നൽകുകയും അതിന്റെയടിസ്ഥാനത്തിൽ വകുപ്പ് മന്ത്രി മീറ്റിംഗ് വിളിച്ചുചേർത്ത് 2017-18 വരെയുള്ള സെന്റേജ് ചാർജ്ജ് എഴുതിത്തള്ളുന്നതിനും അതിനു ശേഷമുള്ള തുക നൽകുന്നതിനും നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ട്രിഡയിൽ നിന്നും കത്തയച്ചുവെങ്കിലും നാളിതുവരെ സെന്റേജ് ചാർജ്ജിനത്തിൽ കോർപ്പറേഷനിൽനിന്നും തുകയൊന്നും ലഭ്യമായിട്ടില്ലെന്നും ട്രിഡ സെക്രട്ടറി സമിതി മുമ്പാകെ വിശദീകരിച്ചു.

66. സെന്റേജ് ചാർജ്ജ് എഴുതിത്തള്ളുന്നതിന് സർക്കാർ ഉത്തരവിറക്കിയോ എന്ന സമിതിയുടെ ചോദ്യത്തിന്, ഉത്തരവായിട്ടില്ലെന്നും ബഹു.മന്ത്രി പങ്കെടുത്ത മീറ്റിംഗിന്റെ മിനിട്സുണ്ടെന്നും വലിയൊരു തുകയാണ് കോർപ്പറേഷനിൽനിന്നും ലഭിക്കാനുണ്ടായിരുന്നതെന്നും സ്വാഭാവികമായും കോർപ്പറേഷന് അത്രയും തുക തരുന്നതിനുള്ള ബുദ്ധിമുട്ടുണ്ടായിരുന്നുവെന്നും കൗൺസിലിൽ വച്ച് അംഗീകാരം ലഭിച്ചാൽ മാത്രമേ കോർപ്പറേഷന് ഇത്രയും തുക നൽകാൻ കഴിയൂകയുള്ളൂവെന്നും തുടർന്നെങ്കിലും കൃത്യമായ തുക ലഭിക്കട്ടേയെന്ന് കരുതിയാണ് മീറ്റിംഗിൽ ഇങ്ങനെയൊരു നിർദ്ദേശം കൊടുത്തതെന്നും 2015-നുശേഷം തനത് വരുമാനത്തിന്റെ 0.5 ശതമാനം ഡെവലപ്മെന്റ് അതോറിറ്റീസിന് സെന്റേജ് ചാർജ്ജായി കൊടുക്കണമെന്നും തനതുവരുമാനമെന്ന് പറയുമ്പോൾ വലിയൊരു തുക വരുമെന്നും ട്രിഡ സെക്രട്ടറി വിശദീകരിച്ചു.

67. യോഗത്തിന്റെ പ്രൊസീഡിംഗ്സ് മാത്രം പോരെന്നും ബന്ധപ്പെട്ട വിഷയത്തെ സംബന്ധിച്ചുള്ള ഗവൺമെന്റ് ഉത്തരവ് വേണമെന്നും സമിതി നിർദ്ദേശിച്ചു. ഒരു മീറ്റിംഗ് കൂടി വിളിച്ച് ഗവൺമെന്റ് ഉത്തരവാക്കി വിഷയത്തിൽ ക്ലാരിറ്റി വരുത്തണമെന്നാവശ്യപ്പെട്ട് 2020 നവംബറിൽ അന്നത്തെ ട്രിഡ ചെയർമാൻ ഗവൺമെന്റിലേയ്ക്ക് കത്തയച്ചിരുന്നെങ്കിലും ഇതുവരെ തീരുമാനമായിട്ടില്ലെന്ന് ട്രിഡ സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു. ബഹു. മന്ത്രിമാർ മീറ്റിംഗ് നടത്തി തീരുമാനമെടുത്തുകഴിഞ്ഞാൽ ബന്ധപ്പെട്ട വിഷയത്തെ സംബന്ധിച്ച് ഗവൺമെന്റ് ഉത്തരവിറക്കുകയും അതത് ഡിപ്പാർട്ട്മെന്റുകൾ അതിനുവേണ്ട നടപടികൾ സ്വീകരിക്കുകയുമാണ് സാധാരണയായി ചെയ്യുന്നതെന്നും സമിതി ചൂണ്ടിക്കാട്ടി. പ്രസ്തുത വിഷയം കഴിഞ്ഞ മന്ത്രിസഭയുടെ കാലത്തുള്ളതായതിനാൽ പുതിയ സർക്കാർ വന്നതിനുശേഷം ഫയൽ മുന്നോട്ടുപോയിട്ടില്ലെന്നും ഈ വിഷയം സംബന്ധിച്ച് കോർപ്പറേഷന്റെയും ട്രിഡയുടെയും പ്രതിനിധികളുമായി ചർച്ച നടത്തിയിട്ടില്ലെന്നും തദ്ദേശ സ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറി സമിതി മുമ്പാകെ ബോധിപ്പിച്ചു.

68. സർക്കാരുകൾ തുടർച്ചയാണെന്ന് അഭിപ്രായപ്പെട്ട സമിതി മുൻ യോഗത്തിന്റെ മിനുട്സ് വച്ച് ഉത്തരവ് പുറപ്പെടുവിക്കുവാൻ കഴിയില്ലേയെന്ന് ആരാഞ്ഞു. ഉടനെതന്നെ മീറ്റിംഗ് വിളിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറി (സി.എം.ഡി.,കെ.എസ്.ആർ.ടി.സി.) മറുപടി നൽകി.

69. നടപടിക്രമം പൂർത്തീകരിച്ചാൽ മാത്രമേ ഇത് അംഗീകരിക്കാൻ സാധിക്കുകയുള്ളൂവെന്നും ട്രിഡയുടെ വാടക കുടിശ്ശികയുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്നും സമിതി ആരായുകയുണ്ടായി. ട്രിഡയുടെ വാടക കുടിശ്ശിക പിരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നതായും കാലാകാലങ്ങളിൽ വാടകയിൽ ആനുകാലികമായ വർദ്ധനവ് വരുത്തുന്നുണ്ടെന്നും എല്ലാ മൂന്ന് വർഷം കൂടുമ്പോഴും 15 ശതമാനം വർദ്ധനവ് വരുത്തുന്ന രീതിയായിരുന്നു 2018 വരെ ഉണ്ടായിരുന്നതെന്നും 2018-ൽ അന്നത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി തീരുമാന പ്രകാരം

വാടക ഓരോ വർഷവും പത്ത് ശതമാനം വർദ്ധനവ് വരുത്തുന്ന രീതിയിലേയ്ക്ക് മാറ്റിയതായും അതിനാൽ ഒക്കുപ്പന്റ്സ് എതിർക്കുകയും ബഹു. വകുപ്പുമന്ത്രിയെ കണ്ട് ചർച്ച നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അത് എട്ട് ശതമാനമാക്കി കുറവ് വരുത്തിയെന്നും അതും അടയ്ക്കാൻ പറ്റില്ലെന്നുപറഞ്ഞ് പെൻഡിംഗിൽ വച്ചിരിക്കുന്ന സാഹചര്യമാണുള്ളതെന്നും ആ സമയത്താണ് കോവിഡ് മഹാമാരി വന്നതെന്നും തുടർന്ന് നടത്തിയ ഹിയറിംഗിൽ പഴയ രീതിയിലാണെങ്കിൽ അടയ്ക്കാൻ തയ്യാറാണെന്നാണ് അവർ അറിയിച്ചതെന്നും ബിസിനസ് മാന്ദ്യമുള്ള സമയമായതിനാൽ പുതിയ രീതി ബുദ്ധിമുട്ടാണെന്ന് അറിയിച്ചതായും ഹിയറിംഗ് നടത്തിയതിന്റെ മിനിട്സ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അജണ്ടയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടെന്നും എക്സിക്യൂട്ടീവ് കമ്മിറ്റി നിലവിൽ രൂപീകരിച്ചിട്ടില്ലെന്നും രൂപീകരിച്ചശേഷം തീരുമാനിക്കാമെന്നും സമിതി മുമ്പാകെ ട്രിഡ സെക്രട്ടറി വിശദീകരിച്ചു.

70. ട്രിഡയുടെ വായ്പ തിരിച്ചടവുമായി ബന്ധപ്പെട്ട് എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് ട്രിഡയിൽ നിലവിൽ വായ്പയില്ലെന്നും സർക്കാർ ഗ്രാന്റുപയോഗിച്ചാണ് ട്രിഡയിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നതെന്നും നിലവിൽ പെൻഡിംഗായിട്ടുള്ള വായ്പകളൊന്നുംതന്നെയില്ലെന്നും ട്രിഡ സെക്രട്ടറി സമിതിയെ ബോധ്യപ്പെടുത്തി.

71. മുൻകാലങ്ങളിൽ ട്രിഡ വായ്പയെടുത്തിട്ടുണ്ടായിരുന്നോയെന്ന് സമിതി തുടർന്ന് ആരായുകയുണ്ടായി. 2006 കാലഘട്ടത്തിൽ, CRDP-യുടെ കാലത്ത് കുറച്ച് തുക വായ്പയെടുത്തിട്ടുണ്ടായിരുന്നുവെന്നും ഇത് ഗ്രാന്റായി കൺവെർട്ട് ചെയ്യുന്നതിന് കത്ത് കൊടുക്കുകയും സർക്കാർ അത് അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും നിലവിൽ വായ്പയൊന്നുമില്ലെന്നും ട്രിഡ സെക്രട്ടറി വ്യക്തമാക്കി.

72. നോട്ടിൽ പരാമർശിച്ചിരിക്കുന്ന കടപ്പത്രങ്ങൾ, ആസ്തി ബാധ്യതാ പത്രിക തുടങ്ങിയ കാര്യങ്ങളിൽ എന്താണ് പറയാനുള്ളതെന്ന സമിതിയുടെ ചോദ്യത്തിന് ട്രിഡ ഇതുവരെയും കടപ്പത്രങ്ങൾ ഇഷ്യൂ ചെയ്തിട്ടില്ലെന്നും പഞ്ചായത്ത് പരിധിയിൽ ട്രിഡയ്ക്ക് ആസ്തിയില്ലെന്നും നഗരസഭാ പരിധിയിലുള്ള ആസ്തികളുടെ വിവരങ്ങൾ ആസ്തി രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചുവരുന്നതായും ട്രിഡ സെക്രട്ടറി അറിയിച്ചപ്പോൾ അങ്ങനെയാണെങ്കിൽ ഇങ്ങനെയൊരു ഓഡിറ്റ് പരാമർശം വരാനിടയായ സാഹചര്യം പരിശോധിക്കണമെന്നും ഇതുസംബന്ധിച്ച് ട്രിഡ ക്ലാരിഫിക്കേഷൻ നൽകണമെന്നും സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**73. ട്രിഡയുടെ പ്രധാന വരുമാന സ്രോതസ്സായ സെന്റേജ് ചാർജ് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും ട്രിഡയ്ക്ക് കൃത്യമായി ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വിഷയം സംബന്ധിച്ച് കോർപ്പറേഷന്റെയും ട്രിഡയുടെയും**

**പ്രതിനിധികളുമായി അടിയന്തരമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. ടിഡയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകളുടെ വാടക, മെയ്ന്റനൻസ് ചാർജ് എന്നിവ പിരിച്ചെടുത്ത് വരുന്നുണ്ടെന്നും ടിഡ നിലവിൽ വായ്പയെടുത്ത് പദ്ധതികളൊന്നും തന്നെ നടപ്പാക്കി വരുന്നില്ല എന്നും ടിഡ ഇതുവരെ കടപ്പത്രങ്ങൾ ഒന്നും തന്നെ ഇഷ്യൂ ചെയ്തിട്ടില്ലെന്നും കൂടാതെ ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചുവരുന്നതായുള്ള ടിഡ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഇത്തരമൊരു ഓഡിറ്റ് പരാമർശം വരാനിടയായ സാഹചര്യം പരിശോധിച്ച് ഇതു സംബന്ധിച്ച് ടിഡ സ്പഷ്ടീകരണം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ.)**

കൊച്ചി നഗരത്തിന്റെയും പ്രാന്ത പ്രദേശങ്ങളുടെയും വികസനം ഏകോപിപ്പിക്കുന്നതിനായി 1976-ലാണ് വിശാല കൊച്ചി വികസന അതോറിറ്റി നിലവിൽ വന്നത്. കേരളത്തിന്റെ മെട്രോ നഗരമായി അതിദ്രുതം വളർന്നുകൊണ്ടിരിക്കുന്ന കൊച്ചിയുടെയും സമീപ പ്രദേശങ്ങളുടെയും സമഗ്രവികസനത്തിനുപകരിക്കുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക, ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുക എന്നിവ ജി.സി.ഡി.എ.-യുടെ ചുമതലകളാണ്. കൊച്ചി നഗരസഭയും സമീപപ്രദേശത്തെ 6 മുനിസിപ്പാലിറ്റികളും 25 ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്ന 632 ചതുരശ്ര കിലോമീറ്റർ പ്രദേശമാണ് ജി.സി.ഡി.എ.-യുടെ അധികാര പരിധി.

കൊച്ചി നഗരത്തിന്റെ വികസനത്തിൽ ഈ ദശാബ്ദത്തിന്റെ ആദ്യം വരെ അതോറിറ്റി നിർണ്ണായക സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയം, മറൈൻ ഡ്രൈവ്, രാജേന്ദ്ര മൈതാനം, കേരളത്തിലെ പ്രഥമ ബി.ഒ.റ്റി. സംരംഭമായ മട്ടാഞ്ചേരി പാലം, എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിലെ രണ്ടാം പ്രവേശനകവാടം തുടങ്ങിയവയും മറ്റനവധി പാർപ്പിട കേന്ദ്രങ്ങളും റോഡുകളും മറ്റും പൊതുജനോപകാരപ്രദമായി നിർമ്മിച്ച് നൽകാൻ അതോറിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്.

എന്നാൽ കഴിഞ്ഞ കുറെ വർഷങ്ങളായി കൊച്ചിയിൽ സംഭവിക്കുന്ന വികസന പ്രവർത്തനങ്ങളിൽ ഒന്നും തന്നെ അതോറിറ്റി അതിന്റെ പങ്ക് നിർവ്വഹിച്ചിട്ടില്ല. വൈറ്റില മൊബിലിറ്റി ഹബ്ബിന്റെ നിർമ്മാണത്തിൽ പോലും അതോറിറ്റിക്ക് അർഹമായ പ്രാതിനിധ്യം ലഭിച്ചില്ല. കൊച്ചിയുടെയും പ്രാന്തപ്രദേശങ്ങളുടെയും വികസനവും ഏകോപനവും ലക്ഷ്യമാക്കി

രൂപീകൃതമായ അതോറിറ്റി കൊച്ചിയുടെ വികസന പ്രവർത്തനങ്ങളിൽ നിന്നും പിന്നോക്കം പോയി. 2009-2010 വർഷാവസാനം അതോറിറ്റിയുടെ ആകെ ബാദ്ധ്യത 2069.42 ലക്ഷം രൂപയാണ്.

തനത് വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കുന്നതിനോ കൂടുതൽ പദ്ധതികളോ പ്രോജക്ടുകളോ ഏറ്റെടുക്കുന്നതിനോ അതോറിറ്റിയുടെ ഭാഗത്തു നിന്നും ഗൗരവമായ ശ്രമങ്ങളൊന്നും ഉണ്ടാകുന്നില്ല. ബജറ്റ് വിഭാവനം ചെയ്യുന്ന പല വികസന പദ്ധതികളും രേഖകളിൽ മാത്രം ഒതുങ്ങിക്കൂടുന്ന സ്ഥിതിയാണ് നിലവിലുള്ളത്.

ജി.സി.ഡി.എ.യുടെ സ്ഥാവരജംഗമ വസ്തുക്കളുടെ പൂർണ്ണവും കൃത്യവുമായ വിവരം കാണിക്കുന്ന രജിസ്റ്റർ ഇപ്പോഴും അതോറിറ്റിയിൽ ലഭ്യമല്ല. വിവിധ ഓഡിറ്റ് റിപ്പോർട്ടുകളിൽ ഇത് സംബന്ധിച്ച പരാമർശങ്ങൾ നടത്തിയിട്ടും ഇതുവരേയും ഇത്തരത്തിൽ ഒരു രജിസ്റ്റർ തയ്യാറാക്കുന്നതിന് അതോറിറ്റിക്ക് കഴിഞ്ഞിട്ടില്ല. വസ്തു രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തി തയ്യാറാക്കേണ്ട രജിസ്റ്ററും അതോറിറ്റിയിൽ ലഭ്യമല്ല. ഇപ്രകാരമുള്ള രജിസ്റ്ററുകളുടെ അഭാവം അതോറിറ്റിയുടെ വസ്തുക്കൾ അനധികൃതമായി വിൽപ്പന നടത്തുന്നതിന് കാരണമാകുന്നു.

തനത് വരുമാന മാർഗ്ഗങ്ങളായ വാടക, തവണ വരവ്, ഗ്രൗണ്ടുകളിൽ നിന്നുള്ള വരവ്, പാർക്കിംഗ് ഫീസ് എന്നിവയെ മാത്രം ആശ്രയിച്ച് മുന്നോട്ടു പോകേണ്ട ഒരു സാഹചര്യം കൂടി കണക്കിലെടുത്ത് ഇവ പരമാവധി ഈടാക്കുന്നതിനും കാലാനുസൃതമായ വർദ്ധനവ് വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്. മാത്രവുമല്ല നിർമ്മാണം പൂർത്തിയായിട്ടും ലേലം ചെയ്തു നൽകാത്ത എറണാകുളം ജംഗ്ഷൻ റെയിവേ സ്റ്റേഷൻ ഈസ്റ്റേൺ എൻട്രി വാണിജ്യ സമുച്ചയത്തിലെ മുറികളും ഒഴിഞ്ഞു കിടക്കുന്ന മറ്റു മുറികളും അടിയന്തിരമായി ലേല നടപടികൾ പൂർത്തിയാക്കി അലോട്ട് ചെയ്യേണ്ടതാണ്.

(കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - 2011-12, ഓഡിറ്റ് ഖണ്ഡിക 6.5.2)

ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

74. ജി.സി.ഡി.എ.-യുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് അധികാര വികേന്ദ്രീകരണം വന്നതോടെ വികസന അതോറിറ്റികൾ നടപ്പിലാക്കിയിരുന്ന പദ്ധതികളിൽ അതോറിറ്റിക്ക് മുഖ്യമായ പ്രാതിനിധ്യമില്ലാതെ പോകുകയും വിശദ നഗരാസൂത്രണ പദ്ധതികൾ, മാസ്റ്റർപ്ലാൻ പ്രിപ്പറേഷൻ എന്നീ പ്രോസസുകളിൽനിന്നൊഴിവായിപ്പോവുകയും പല പദ്ധതികളും നടപ്പിലാകാതിരിക്കുകയും ചെയ്തിട്ടുണ്ടെന്നും എങ്കിലും അതോറിറ്റി അവരുടെ തനത് ഫണ്ടുപയോഗിച്ച്

അതോറിറ്റിയുടേതായിട്ടുള്ള പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ടെന്നും 2011-12 വർഷത്തെ ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിച്ചിരിക്കുന്ന പദ്ധതികളിൽ ഏകദേശം പതിനെട്ടോളം പദ്ധതികൾ നടപ്പിൽ വരുത്തിയിട്ടുള്ളതും പതിനഞ്ച് പദ്ധതികൾ ഗവൺമെന്റ് അനുമതിക്കായി വെയിറ്റ് ചെയ്യുന്നതും ഏകദേശം പത്ത് പദ്ധതികൾ നടപ്പിലാക്കാൻ പ്ലാൻ തയ്യാറാക്കി യിട്ടുള്ളതുമാണെന്നും ആസ്തി രജിസ്റ്റർ തയ്യാറാക്കുന്ന പ്രക്രിയ പൂർത്തിയാകാറായിട്ടുണ്ടെന്നും അതിനായി ലാൻഡുകൾ ഡിജിറ്റൈസേഷൻ ചെയ്ത് ആട്രിബ്യൂട്ട്സ് തയ്യാറാക്കിക്കൊണ്ടി രിക്കുകയാണെന്നും ബിൽഡിംഗിന്റെ ഡീറ്റെയിൽഡ് ഡിജിറ്റൈസേഷൻ മാത്രമേ ഇനി ബാക്കിയുള്ളൂവെന്നും വാടക കുടിശ്ശിക വർദ്ധിച്ചുവരുന്ന വിഷയത്തിൽ, റവന്യൂ റിക്കവറി നടപടികളിലൂടെ തുക ഈടാക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തിവരുന്നുണ്ടെന്നും വാടകയിനത്തിൽ എല്ലാ വർഷവും അഞ്ച് ശതമാനം വർദ്ധനവ് വരുത്തി അതും പ്രാബല്യത്തിൽ വരുത്തി ക്കൊണ്ടിരിക്കുന്നതായും പാർക്കിംഗ് ഫീസുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തിയാക്കി യിട്ടുണ്ടെന്നും ലഭിക്കാവുന്നതിൽ ഏറ്റവും കൂടുതൽ തുക ടെണ്ടർ/ലേലം വഴി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായും സീനിയർ ടൗൺ പ്ലാനിംഗ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു.

75. ഈസ്റ്റേൺ എൻട്രി വാണിജ്യ സമുച്ചയത്തിലെ താഴത്തെ നില ഒഴിഞ്ഞ് കിടക്കുന്നുവെന്നുള്ളതാണ് മറ്റൊരു വിഷയമെന്നും അതിന്റെ ലേല നടപടികളെല്ലാം പൂർത്തീകരിച്ച് മുറികളെല്ലാം ഒക്കുപൈഡ് ആയിട്ടുണ്ടെന്നും പതിനഞ്ചോളം പദ്ധതികൾ ഗവൺമെന്റിന്റെയും പല ഏജൻസികളുടെയും അനുമതിക്കായി വെയിറ്റിംഗിലാണെന്നും ടൗൺ പ്ലാനിംഗ് ഓഫീസർ വിശദീകരിച്ചു.

76. വാടക പിരിച്ചെടുക്കുന്നതിൽ ഗുരുതരമായ വീഴ്ചയുണ്ടായിട്ടുണ്ട് എന്നതാണ് മറ്റൊരു പ്രശ്നമെന്ന് സമിതി ചൂണ്ടിക്കാട്ടുകയും പല അലോട്ടീസും വർഷങ്ങളായി വാടക കൊടുക്കാതെ കടമുറികൾ ഉപയോഗിക്കുന്നതായി കാണുന്നുവെന്നും 2019-20-ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം 31-3-2020-ൽ 9,31,33,747 രൂപ വാടകയിനത്തിൽ പിരിഞ്ഞ് കിട്ടാനവശേഷിക്കുന്നുവെന്നും നോട്ടിൽ പരാമർശിച്ചിരിക്കുന്ന കാര്യം വസ്തുതാപരമാണോയെന്ന് തുടർന്ന് ആരായുകയും ചെയ്തു. നോട്ടീസ് കൊടുത്ത് വാടക പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണെന്നും കുടിശ്ശിക കുറെയെല്ലാം പിരിച്ചെടുത്തിട്ടുണ്ടെന്നും ഏകദേശം ആറ് കോടി രൂപയാണ് ഇനി വാടകയിനത്തിൽ കിട്ടാനുള്ളതെന്നും ഇതിനിടയിൽ കോവിഡിന്റെ ചില പ്രശ്നങ്ങളും വന്നിരുന്നുവെന്നും സീനിയർ ടൗൺ പ്ലാനിംഗ് ഓഫീസർ സമിതി മുമ്പാകെ അറിയിച്ചു. ഇത് പൂർണ്ണമായും ഈടാക്കാൻ കഴിയില്ലേയെന്ന സമിതിയുടെ ചോദ്യത്തിന് അതിനുള്ള ശ്രമത്തിലാണെന്നും നിലവിൽ അതോറിറ്റിക്ക് ചെയർമാനില്ലാത്തതിനാൽ കുറേ കാര്യങ്ങൾ പെൻഡിംഗിലാണെന്നും സീനിയർ ടൗൺ പ്ലാനിംഗ് ഓഫീസർ മറുപടി നൽകി. ഇക്കാര്യത്തിലുള്ള പുരോഗതി ഓഡിറ്റ് മുമ്പാകെ ബോധ്യപ്പെടുത്തിയതിന് ശേഷം തീരുമാനമെടുക്കാമെന്ന് സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**77. ജി.സി.ഡി.എ.യുടെ തനതുവരുമാന മാർഗ്ഗങ്ങളായ വാടക, പാർക്കിംഗ് ഫീസ് തുടങ്ങിയവ കൃത്യമായി പിരിച്ചെടുക്കുന്നുണ്ടെന്നും വാടക കുടിശ്ശിക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണെന്നും ആസ്തി രജിസ്റ്റർ തയ്യാറാക്കിവരികയാണെന്നും വസ്തു സംബന്ധമായ വിവരങ്ങൾ അതത് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും എറണാകുളം ജംഗ്ഷൻ റെയിൽവെ സ്റ്റേഷൻ ഈസ്റ്റേൺ എൻട്രി വാണിജ്യ സമുച്ചയത്തിലെ എല്ലാ മുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള ടൗൺ പ്ലാനിംഗ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വാടക കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടിയുടെ പുരോഗതി ഓഡിറ്റ് മുമ്പാകെ ബോധ്യപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**ഉന്നതവിദ്യാഭ്യാസ വകുപ്പ്**

**സർവ്വകലാശാലകൾ**

ഓഡിറ്റ് ഖണ്ഡിക

കേരളത്തിലെ എല്ലാ സർവ്വകലാശാലകളുടെയും ഓഡിറ്റ് 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമപ്രകാരം ലോക്കൽ ഫണ്ട് ഓഡിറ്റ് ഡയറക്ടറിൽ നിക്ഷിപ്തമാണ്. സർവ്വകലാശാലകളിൽ കൺകറന്റ് ഓഡിറ്റ് സംവിധാനമാണ് നിലവിലുള്ളത്. കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നിലവിലുള്ള ഓഡിറ്റ് സംവിധാനം താഴെ കൊടുക്കുന്നു.

| ക്രമ നം. | സർവ്വകലാശാല | ഓഡിറ്റ് സംവിധാനം |
|---|---|---|
| (1) | (2) | (3) |
| 1 | കേരള സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 19 ജീവനക്കാർ |
| 2 | മഹാത്മാഗാന്ധി സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 17 ജീവനക്കാർ |
| 3 | കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 15 ജീവനക്കാർ |
| 4 | കേരള കാർഷിക സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 24 ജീവനക്കാർ |
| 5 | കോഴിക്കോട് സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 19 ജീവനക്കാർ |

| (1) | (2) | (3) |
|---|---|---|
| 6 | സംസ്കൃത സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 12 ജീവനക്കാർ |
| 7 | കണ്ണൂർ സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 12 ജീവനക്കാർ |
| 8 | വെറ്റിനറി സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 5 ജീവനക്കാർ |
| 9 | ആരോഗ്യ സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 5 ജീവനക്കാർ |
| 10 | ഫിഷറീസ് സർവ്വകലാശാല | ജോയിന്റ് ഡയറക്ടറുടെ നേതൃത്വത്തിൽ 5 ജീവനക്കാർ |

സർവ്വകലാശാല സാമ്പത്തിക ഇടപാടുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ പൊതു അപാകങ്ങൾ താഴെ ചേർക്കുന്നു.

**വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിലെ അപാകങ്ങൾ**

സർവ്വകലാശാലകൾക്ക് തനതായ അക്കൗണ്ടിംഗ് ചട്ടങ്ങൾ തയ്യാറാക്കിയിട്ടില്ലാത്തതിനാൽ അവശ്യരജിസ്റ്ററുകളായ കാഷ് ബുക്ക്, ചെലവ് രജിസ്റ്റർ, വരവ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. ആയതിനാൽ സർവ്വകലാശാലകളുടെ വരവു ചെലവു കണക്കുകൾ സംബന്ധിച്ച് വ്യക്തമായ ധാരണ ലഭിക്കുന്നില്ല. വാർഷിക ധനകാര്യ പത്രിക തയ്യാറാക്കുമ്പോൾ ഓരോ ഇനത്തിലും മുൻ വർഷത്തെ വരവുചെലവുകൾ രേഖപ്പെടുത്തി കാണുന്നുമില്ല.

വാർഷിക കണക്കിലെ വരവു ചെലവ് പത്രികയിൽ ബാങ്ക്/സ്ഥിര നിക്ഷേപവിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ സർവ്വകലാശാലകളുടെ യഥാർത്ഥ സാമ്പത്തിക സ്ഥിതി മനസ്സിലാക്കാൻ കഴിയുന്നില്ല. കൂടാതെ പുതുതായി ആരംഭിക്കുന്ന പ്രോജക്ടുകൾ, സ്കീമുകൾ, നിലവിൽ ആ സാമ്പത്തിക വർഷം അവസാനിച്ച പ്രോജക്ടുകൾ, അവയുടെ ചെലവ് സംബന്ധിച്ച വിശദാംശങ്ങൾ എന്നിവ പ്രത്യേകം വാർഷിക ധനകാര്യ പത്രികയോടൊപ്പം ഉൾപ്പെടുത്തുന്നതായി കാണുന്നില്ല. ഒരേ സാമ്പത്തിക വർഷം ലഭിച്ച എല്ലാ ഡിമാന്റ് ഡ്രാഫ്റ്റുകളും അതേ വർഷം തന്നെ അക്കൗണ്ട് ചെയ്യപ്പെടാത്തതിനാൽ യഥാർത്ഥ വരവ് വാർഷിക കണക്കിൽ പ്രതിഫലിക്കുന്നില്ല. കൂടാതെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം നിഷ്കർഷിച്ചിട്ടുള്ള സമയക്രമം ഓഡിറ്റിന് കണക്കുകൾ സമർപ്പിക്കുന്നതിന് സർവ്വകലാശാലകൾ പാലിക്കുന്നില്ല.

**സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കുന്നതിലെ അപാകങ്ങൾ**

കേരള ഫിനാൻഷ്യൽ കോഡ് 120(2), സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക (2) എന്നിവ പ്രകാരം സർവ്വകലാശാലകൾ ഉൾപ്പെടെയുള്ള സ്വയംഭരണ സ്ഥാപനങ്ങൾക്കും

സ്റ്റോർ പർച്ചേസ് നിയമങ്ങൾ ബാധകമാണ്. എന്നാൽ മേൽ നിയമങ്ങൾ പാലിക്കുന്നതിൽ സർവ്വകലാശാലകളുടെ ഭാഗത്തുനിന്നും അനാസ്ഥ ഉള്ളതായി കാണുന്നു. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 14 പ്രകാരം 20,000 രൂപയോ അതിൽ കൂടുതലോ ആയ പർച്ചേസുകൾക്ക് ടെണ്ടർ ക്ഷണിക്കേണ്ടതാണ്. എന്നാൽ സർവ്വകലാശാലകളിൽ പൊതുവെ വലിയ തുകയുള്ള പർച്ചേസുകൾക്ക് മാത്രമേ ടെണ്ടർ ക്ഷണിക്കുന്നതായി കണ്ടിട്ടുള്ളൂ. സ്റ്റോർ പർച്ചേസ് മാന്വൽ ഖണ്ഡിക 9(സി) പ്രകാരം ഒരേ തരത്തിലുള്ള സാധനം ഒരു സാമ്പത്തിക വർഷം പല പ്രാവശ്യമായി വാങ്ങരുത്. എന്നാൽ സർവ്വകലാശാലകളിൽ കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ആവർത്തിച്ച് വാങ്ങുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാങ്ങുന്ന സാധനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കുന്നതിൽ കൃത്യത പുലർത്തുന്നില്ല. എല്ലാ സാമ്പത്തിക വർഷവും സാധനങ്ങൾ വാങ്ങുന്ന സ്ഥാപനത്തിന്റെ ഒരു ലിസ്റ്റ് തയ്യാറാക്കേണ്ടതാണ്. എന്നാൽ സാമ്പത്തിക വർഷത്തിൽ പലതവണ ലിസ്റ്റുകൾ തയ്യാറാക്കുന്നതായി കാണുന്നു.

ഇപ്രകാരമുള്ള അപാകങ്ങൾ പല ഓഡിറ്റ് റിപ്പോർട്ടുകളിലും ചൂണ്ടിക്കാട്ടുന്നുണ്ടെങ്കിലും ഇപ്പോഴും തുടർന്നു വരുന്നുണ്ട്.

[സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12 ഓഡിറ്റ് ഖണ്ഡിക 5.1, 5.2]

ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

78. മേൽ ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സമയത്തിന് ഓഡിറ്റ് റിപ്പോർട്ട് പൂർത്തിയാക്കാത്ത സാഹചര്യം മുൻകാലങ്ങളിലുണ്ടായിരുന്നതായും അത് സംബന്ധിച്ച് സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ഓൺലൈൻ സംവിധാനം കൂടി നിലവിൽ വരുമ്പോൾ യൂണിവേഴ്സിറ്റികളിൽ സമയബന്ധിതമായും കൃത്യമായും കണക്കുകൾ പൂർത്തിയാക്കാനും ഓഡിറ്റ് സ്ട്രീംലൈൻ ചെയ്യാനും സാധിക്കുമെന്നും ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് വിവിധ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**79. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ടി. പി. രാമകൃഷ്ണൻ,
*അദ്ധ്യക്ഷൻ,*
*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ഡിസംബർ 6.

അനുബന്ധം I

## നിഗമനങ്ങളും ശിപാർശകളും

| ക്രമ നമ്പർ | ബന്ധപ്പെട്ട വകുപ്പ്/ സ്ഥാപനം | ഖണ്ഡിക നമ്പർ | നിഗമനങ്ങളും ശിപാർശകളും |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | സാംസ്കാരികകാര്യ വകുപ്പ് | 6 | വിജ്ഞാനമുദ്രണം പ്രസ്സിലെ താൽക്കാലിക ജീവനക്കാരുടെ നിയമനം സ്ഥിരപ്പെടുത്തുന്നതിന് സർക്കാരിന്റെ അംഗീകാരം തേടിയിട്ടില്ലെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് സാംസ്കാരികകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | | 7 | റിവോൾവിംഗ് ഫണ്ട് വകമാറ്റി ചെലവഴിച്ചുവെന്ന ഓഡിറ്റ് പരാമർശം സംബന്ധിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | | 8 | രജിസ്റ്ററുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നില്ലെന്ന ഓഡിറ്റ് പരാമർശത്തിന് കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| | | 9 | പെൻഷൻ ആനുകൂല്യങ്ങൾ നൽകാൻ വൈകിയതിനാൽ അമിതമായ പലിശ ഇൻസ്റ്റിറ്റ്യൂട്ട് ഫണ്ടിൽ നിന്നും നൽകേണ്ടി വന്നിട്ടുണ്ടെന്നുള്ള ഓഡിറ്റ് പരാമർശം സംബന്ധിച്ച് കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | 10 | റ്റി.എ. അനുവദിച്ചതിലുള്ള അപാകതകൾ സംബന്ധിച്ച പരാമർശങ്ങളിൽ അധികമായി കൈപ്പറ്റിയ തുക പരാമർശവിധേയനായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിന് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | സമിതി നിർദ്ദേശിക്കുന്നു. ഔദ്യോഗിക വാഹനം ഉപയോഗിച്ചിട്ടുള്ളതായി ലോഗ്ബുക്കിൽ രേഖപ്പെടുത്തിയിട്ടുള്ള ദിവസങ്ങളിൽ മറ്റു യാത്രയുടെ പേരിൽ ടി.എ. അനുവദിച്ചുവെന്ന പരാമർശം സംബന്ധിച്ച് ഔദ്യോഗിക വാഹനം എന്താവശ്യത്തിനുപയോഗിച്ചു എന്നതു സംബന്ധിച്ച് പരിശോധിച്ച് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തീരുമാന മെടുക്കുന്നതായിരിക്കും ഉചിതമെന്ന പ്രിൻസിപ്പൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം അടിയന്തരമായി പരിശോധിച്ച് തീരുമാനം കൈക്കൊള്ളാൻ സമിതി നിർദ്ദേശിക്കുന്നു. |
| 2 | റവന്യൂ (ദേവസ്വം) വകുപ്പ് | 15 | മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളിൽ ട്രസ്റ്റിമാരുടെ നിയന്ത്രണത്തി ലുള്ളവയിൽ കണക്കുകൾ പരിശോധിക്കുന്നതിന് ബോർഡിൽ സ്ഥിരം സംവിധാനമില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ക്ഷേത്രങ്ങളുടെ എണ്ണം കൂടുതലാണെങ്കിലും ക്ഷേത്രങ്ങളെല്ലാം മലബാർ ദേവസ്വം ബോർഡിന്റെ കീഴിലായതു കൊണ്ടുതന്നെ കണക്കുകൾ പരിശോധിക്കാനുള്ള സ്ഥിരം സംവിധാനം ബോർഡുണ്ടാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ക്ഷേത്രങ്ങളുടെ വരുമാനത്തിൽ വലിയ അന്തരമുള്ളതിനാൽ വരുമാനം കുറഞ്ഞ ക്ഷേത്രങ്ങൾക്ക് നിലനിന്നു പോകാൻ സഹായകരമായ നിലപാട് സ്വീകരിക്കണമെന്നും നിയമാനുസൃതം കാര്യങ്ങൾ നടത്തുന്നതിനും പരിശോധിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുന്നതിന് ദേവസ്വം ബോർഡ് നടപടി സ്വീകരിക്കണമെന്നും ഉദ്യോഗസ്ഥരുടെ കുറവുണ്ടെങ്കിൽ അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 16 | മലബാർ ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങൾ ശരിയായ രീതിയിൽ കൊണ്ടു പോകുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ സ്വീകരിക്കണമെന്നും നിർദ്ദേശിച്ച കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നും വാർഷിക കണക്കുകൾ സമർപ്പിക്കുന്നതിനും രജിസ്റ്ററുകൾ എഴുതി സൂക്ഷിക്കുന്നതിനും ഏകീകൃത രൂപം ഉണ്ടാകണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | 17 | ഓഡിറ്റ് ഡിപ്പാർട്ട്മെന്റിൽ നിന്നയച്ച ഫോർമാറ്റ് എല്ലാ ക്ഷേത്രങ്ങൾക്കും നൽകുവാൻ തീരുമാനിച്ചിട്ടുണ്ടെന്നുമുള്ള മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | റവന്യൂ (ദേവസ്വം) വകുപ്പ് | 20 | മലബാർ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങളിൽ മരാമത്ത് പ്രവൃത്തികൾ നടത്തുന്നത് ഹിന്ദുമതധർമ്മ സ്ഥാപന നിയമത്തിലെ ചട്ടം 100(2)(q)(r)(s) പ്രകാരമാണെന്നും പ്രസ്തുത ചട്ടത്തിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് മേൽപ്രവൃത്തി നടത്തിയതെന്നും വകുപ്പ് ഉദ്യോഗസ്ഥർക്ക് അംഗീകരിക്കാവുന്ന ടെണ്ടർ എക്സസിന്റെ പരിധി സംബന്ധിച്ച് PWD-യുടെ ഷെഡ്യൂൾ ഓഫ് റേറ്റ് അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചത് 2017-ലാണെന്നും പരാമർശവിധേയമായ പ്രവൃത്തി നടത്തിയത് ധനകാര്യ വകുപ്പിന്റെ ഉത്തരവ് നിലവിൽ വരുന്നതിന് മുമ്പാണെന്നുമുള്ള മലബാർ ദേവസ്വം ബോർഡ് ഡെപ്യൂട്ടി കമ്മീഷണറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ആയതു സംബന്ധിച്ച വിശദീകരണം ഉൾപ്പടെയുള്ള റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 4 | തദ്ദേശസ്വയംഭരണ വകുപ്പ് | 25 | പ്രസ്തുത പാർക്കിംഗ് ഗ്രൗണ്ട് നിലവിൽ ഇല്ലെന്നും ടി സ്ഥലത്ത് മാലിന്യസംസ്കരണത്തിനുള്ള എയ്റോബിന്നുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും കൂടാതെ പൊതുജനങ്ങൾക്ക് ശുചിമുറികൾ പണിതിട്ടുണ്ടെന്നും ഓഡിറ്റിന്റെ റിപ്പോർട്ടിൽ നിന്നും സമിതി മനസ്സിലാക്കുന്നു. എന്നാൽ, പ്രസ്തുത പ്രദേശത്തെ ഗതാഗത കുരുക്ക് പരിഹരിക്കുന്നതിനായി ടി പാർക്കിംഗ് സംവിധാനം യാഥാർത്ഥ്യമാക്കേണ്ടതുണ്ടെന്നും റോഡരികിൽ അനധികൃതമായി വാഹനം പാർക്ക് ചെയ്യുന്നവരിൽ നിന്ന് ഫൈൻ ഈടാക്കുമെന്ന അവസ്ഥ വന്നാൽ എല്ലാവരും പാർക്കിംഗ് ഏരിയ ഉപയോഗപ്പെടുത്തുമെന്നും ആയത് നടപ്പിലാക്കുന്നതിന് പോലീസിന്റെ സഹായത്തോടെ നഗരസഭ മുൻകൈ എടുക്കണമെന്നുമുള്ള തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം പരിഹരിക്കുന്നതിനായി നഗരസഭ സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 30 | ഓഡിറ്റ് ഖണ്ഡികകളിൽ പരാമർശിച്ചിട്ടുള്ള മൂന്ന് ബാങ്ക് അക്കൗണ്ടുകൾ സംബന്ധിച്ച രേഖകൾ ഉൾപ്പെടെയുള്ള വിശദീകരണം ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 32 | സ്റ്റോക്ക് പരിശോധനയിൽ കുറവ് വന്ന ഉപകരണങ്ങൾ കണ്ടെത്തിയതായും ആയതിന്റെ വിശദാംശം ഓഡിറ്റിന് കൈമാറിയതായിട്ടുള്ള തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത സ്റ്റോക്ക് രജിസ്റ്റർ പരിശോധന ഓഡിറ്റ് വകുപ്പ് പൂർത്തിയാക്കിയ ശേഷം റിപ്പോർട്ട് ലഭ്യമാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 36 | വിളപ്പിൽശാലയിൽ ഒരു ടൗൺഷിപ്പ് നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് വരുന്നുണ്ടെന്നും ആയതിലേക്ക് ശുദ്ധജല പദ്ധതി ഉപയോഗിക്കാവുന്നതാണെന്നുമുള്ള തിരുവനന്തപുരം നഗരസഭ അഡീഷണൽ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രോജക്ട് സംബന്ധിച്ച വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്നും ഓഡിറ്റ് വകുപ്പ് ആയത് പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| | | 41 | ഗുണഭോക്താക്കളുടെ വിവരങ്ങൾ ഉൾപ്പെടുന്ന രേഖകൾ ഓഡിറ്റിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കിയിരുന്നില്ലെന്നും 2018-ലെ പ്രളയത്തിൽ രേഖകൾ നഷ്ടപ്പെട്ടുപോയതിനാൽ കൂടുതൽ വിവരങ്ങൾ ലഭ്യമല്ലെന്നുമുള്ള വകുപ്പിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതിയുടെ ഗുണം ടി കോളനിയിലെ ജനങ്ങൾക്ക് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാകുന്നതിനായി ഫിസിക്കൽ വെരിഫിക്കേഷൻ നടത്തി റിപ്പോർട്ട് ലഭ്യമാക്കുവാൻ ഓഡിറ്റ് വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. |
| | | 43 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകര ണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | 48 | വ്യവസായ കേന്ദ്രം കുടുംബശ്രീ യൂണിറ്റുകൾക്ക് നൽകുന്നത് സംബന്ധിച്ച് കുടുംബശ്രീയുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണെന്നുള്ള തൃശ്ശൂർ മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് നിലവിലെ വിവരങ്ങൾ കൂടി ഉൾപ്പെടുത്തി വിശദമായ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | | 51 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ വിശദീകരണ ത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | 58 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും കണ്ടെത്താൻ കഴിയാത്ത/ഉപയോഗിക്കാത്ത പൈപ്പുകളുടെ വിലയായ 2,47,864 രൂപ ഈടാക്കുവാനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |
| | | 60 | ട്രൈബൽ മെറ്റേണിറ്റി വാർഡ് നിലവിൽ പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായിട്ടുണ്ടെന്ന വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | 62 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| | | 64 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടി അംഗീകരിച്ച സമിതി ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| | | 73 | ട്രിഡയുടെ പ്രധാന വരുമാന സ്രോതസ്സായ സെന്റേജ് ചാർജ് ബന്ധപ്പെട്ട തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൽ നിന്നും ട്രിഡയ്ക്ക് കൃത്യമായി ലഭിക്കുന്നില്ലെന്ന് സമിതി മനസ്സിലാക്കുന്നു. ഈ വിഷയം സംബന്ധിച്ച് കോർപ്പറേഷന്റെയും ട്രിഡയുടെയും പ്രതിനിധിക ളുമായി അടിയന്തരമായി ചർച്ച നടത്തി തീരുമാനമെടുക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിനോട് സമിതി നിർദ്ദേശിക്കുന്നു. ട്രിഡയുടെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | കോംപ്ലക്സുകളുടെ വാടക, മെയ്ന്റനൻസ് ചാർജ് എന്നിവ പിരിച്ചെടുത്ത് വരുന്നുണ്ടെന്നും ട്രിഡ നിലവിൽ വായ്പയെടുത്ത് പദ്ധതികളൊന്നും തന്നെ നടപ്പാക്കിവരുന്നില്ല എന്നും ട്രിഡ ഇതുവരെ കടപ്പത്രങ്ങൾ ഒന്നും തന്നെ ഇഷ്യൂ ചെയ്തിട്ടില്ലെന്നും കൂടാതെ ആസ്തി രജിസ്റ്റർ കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചുവരുന്നതായുള്ള ട്രിഡ സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഇത്തരമൊരു ഓഡിറ്റ് പരാമർശം വരാനിടയായ സാഹചര്യം പരിശോധിച്ച് ഇതു സംബന്ധിച്ച് ട്രിഡ സ്പഷ്ടീകരണം നൽകണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| | | 77 | ജി.സി.ഡി.എ.-യുടെ തനതുവരുമാന മാർഗ്ഗങ്ങളായ വാടക, പാർക്കിംഗ് ഫീസ് തുടങ്ങിയവ കൃത്യമായി പിരിച്ചെടുക്കുന്നുണ്ടെന്നും വാടക കുടിശ്ശിക റവന്യൂ റിക്കവറിയിലൂടെ ഈടാക്കുന്നതിനും നടപടി സ്വീകരിച്ചുവരികയാണെന്നും ആസ്തി രജിസ്റ്റർ തയ്യാറാക്കിവരികയാണെന്നും വസ്തു സംബന്ധമായ വിവരങ്ങൾ അതത് രജിസ്റ്ററുകളിൽ രേഖപ്പെടുത്തി സൂക്ഷിക്കുന്നുണ്ടെന്നും എറണാകുളം ജംഗ്ഷൻ റെയിൽവെ സ്റ്റേഷൻ ഈസ്റ്റേൺ എൻട്രി വാണിജ്യ സമുച്ചയത്തിലെ എല്ലാ മുറികളും വാടകയ്ക്ക് നൽകിയിട്ടുണ്ടെന്നുമുള്ള ടൗൺ പ്ലാനിംഗ് ഓഫീസറുടെ മറുപടിയുടെ അടിസ്ഥാനത്തിൽ വാടക കുടിശ്ശിക പിരിച്ചെടുക്കുന്ന നടപടിയുടെ പുരോഗതി ഓഡിറ്റ് മുമ്പാകെ ബോധ്യപ്പെടുത്തുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| | | 79 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

1

# കേരള സംസ്ഥാന ഓഡിററ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾക്കുള്ള നടപടി വിശദീകരണ പത്രിക

| ക്രമനമ്പർ | ഗ്രാമ പഞ്ചായത്ത് /മുനിസിപ്പാലിറ്റി | പരാമർശ ഖണ്ഡികനമ്പർ | ഓഡിറ്റ് പരാമർശം | ഓഡിറ്റ് പരാമർശത്തിൻമേൽ സ്വീകരിച്ച നടപടികൾ |
|---|---|---|---|---|
| 1 | തിരുവനന്തപുരം നഗരസഭ | 4.1 | **പാർക്കിംഗ് ഏരിയ നിർമ്മാണം- 19,90,752,രൂപാ പാഴ്ചെലവ് മേയറുടെ മുൻകൂർ അനുമതിയോടെ നിർമ്മാണം 2010-11 -ഖണ്ഡിക(3-4) -കൗൺസിൽ അംഗീകാരമില്ലാതെ അടിയന്തിരമായി നിർമ്മിച്ച പാർക്കിംഗ് ഏരിയ ഉപയോഗശൂന്യം**<br>ഉള്ളൂർ റസ്റ്റ് ഹൗസിന് സമീപം നഗരസഭയുടെ സ്ഥലത്ത് കാർ പാർക്കിംഗ് ഏരിയ നിർമ്മിക്കുന്നതിനുള്ള 9,05,000/- രൂപയുടെ എസ്റ്റിമേറ്റിന് 24.09.2009 ന് മേയർ മുൻകൂർ അനുമതി നല്കി. തുടർന്ന് 13.10.2009 ന് നടന്ന ടെണ്ടറിൽ ശ്രീ.കെ മധു എന്ന കരാറുകാരൻ മാത്രം പങ്കെടുക്കുകയും എസ്റ്റിമേറ്റ് തുകയുടെ 1% കുറഞ്ഞ നിരക്കിലുള്ള ഇയാളുടെ ടെണ്ടർ അംഗീകരിക്കുകയും ചെയ്തു. 02.11.2009 ൽ വർക്ക് ഓർഡർ നല്കിയതിനെ തുടർന്ന് ശ്രീ | ഓഡിറ്റ് പരാമർശം സംബന്ധിച്ച് തിരുവനന്തപുരം നഗരസഭ സമർപ്പിച്ച വിശദാംശങ്ങൾ ഇപ്രകാരമാണ്.<br>തിരുവനന്തപുരം നഗരസഭയുടെ 2008-09 ലെ ബഡ്ജറ്റിൽ തമ്പാനൂരിലും, മെഡിക്കൽ കോളേജിനടുത്തും പാർക്കിംഗ് ഏരിയകൾ പണിയുന്നതിന് 20 ലക്ഷം രൂപ മൂലധന ചെലവിൽ 410100104 അക്കൗ ഹെഡിൽ വകയിരുത്തുകയും ഡെപ്യൂട്ടി മേയറുടെ പ്രസംഗത്തിൽ പുതിയ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ 10-ാമത് ഇനമായി പ്രഖ്യാപിക്കുകയും ചെയ്തിരുന്നു. തിരുവന |

| | | | | |
|---|---|---|---|---|
| | | | കെ മധു നിർമ്മാണ പ്രവർത്തികൾ ആരംഭിച്ചു. വേസ്റ്റ് സാധനങ്ങൾ ഡംപ് ചെയ്തു കിടന്ന സ്ഥലം വൃത്തിയാക്കി പുതിയമണ്ണിട്ടുയർത്തുക, കൗണ്ടർ റൂം പണിയുക, പെയിൻറിംഗ് നടത്തുക തുടങ്ങിയ അധിക ജോലികൾ വേണ്ടിവന്നതിനാൽ 11,86,447/- രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റിന് നടപടി സ്വീകരിക്കാൻ 03-12-2009 ന് മരാമത്ത് സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാർ നിർദ്ദേശിച്ചു. തുടർന്ന് 11,59,174/- രൂപയ്ക്ക് (പുതുക്കിയ നിരക്കിൽ) 10.12.2009 ന് പണി പൂർത്തിയാക്കി.<br><br>കാർ പാർക്കിംഗ് ഏരിയാക്ക സമീപം സ്കൂട്ടർ പാർക്കിംഗ് ഏരിയ കൂടി നിർമ്മിക്കാൻ 5,80,000/- രൂപയുടെ എസ്റ്റിമേറ്റിന് 06.10.2009 ന് മേയർ മുൻകൂർ അനുമതി നല്കി. എസ്റ്റിമേറ്റ് നിരക്കിൽ പണി പൂർത്തിയാക്കാം എന്ന വ്യവസ്ഥയോടെ ശ്രീ.കെ.മധു എഗ്രിമെന്റ് ഒപ്പ വച്ചെങ്കിലും 8,53,111/- രൂപയുടെ റിവൈസ്ഡ് എസ്റ്റിമേറ്റിലാണ് 30.01.2010 ന് പണി പൂർത്തിയാക്കിത്.<br><br>എസ്റ്റിമേറ്റ് നിരക്കിലോ അതിൽ കുറഞ്ഞ നിരക്കിലോ ഒറ്റ ടെണ്ടർ ലഭിക്കുന്ന അവസരത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിലെ എൻജിനയറുടെ കാര്യകാരണ സഹിതമുള്ള റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത ടെണ്ടർ സ്വീകരിച്ച് കരാർ നല്കാമെന്ന് സ.ഉ.(പി) നം.322/03 തസ്വഭവ തീയതി 31.11.2003 ൽ പരാമർശിക്കുന്നുണ്ട്. മേൽ പരാമർശിച്ച രണ്ട | ന്തപുരം നഗരത്തിലെ വാഹനങ്ങൾ റോഡരുകിൽ പാർക്ക് ചെയ്യുന്നതു മൂലമുള്ള ഗതാഗതകുരുക്കും, പാർക്കിംഗ് ഏര്യയുടെ അപര്യാപ്തതയും കണക്കിലെടുത്ത് പ്രത്യേക പ രിഗണന നൽകുകയായിരുന്നു.<br>പ്രഖ്യാപിച്ച പാർക്കിംഗ് ഏര്യകളുടെ പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നഗരസഭ കൗൺസിലും,സ്റ്റിയറിംഗ് കമ്മറ്റിയും നിർദ്ദേശിച്ച പ്രകാരം നഗരസഭ ബഡ്ജറ്റ് നിർദ്ദേശങ്ങളിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ നഗരസഭതല ടെക്നിക്കൽ കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി കീഴ്വഴക്കം അനുസരിച്ച് മേയർ, നടന്ന പ്രസ്തുത പണികൾക്ക് കൗൺസിലിന്റെ അംഗീകാരം പ്രതീക്ഷിച്ചു കൊണ്ട് മുൻകൂർ അനുമതി നൽകി സമയബന്ധിതമായി പ ണികൾ പൂർത്തീകരിക്കാൻ താൽപര്യം എടുത്തു എന്നതും കോർപ്പറേഷൻ എഞ്ചിനീയറും ഡെപ്യൂട്ടി മേയറും സ്ഥലം സന്ദർശിച്ച് ഉദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശം നൽകി എന്നതും വസ്തുതയാണ്. |

| | | | | |
|---|---|---|---|---|
| | | | പ്രവർത്തികളിലും അടിയന്തരമായി ചെയ്തു തീർക്കേണ്ടതിനാൽ ടെണ്ടർ അംഗീകരിക്കാവുന്നതാണ് എന്ന് പ്രോജക്ട് എൻജിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തി പൂർത്തിയായശേഷം തുടർനടപടികൾ സ്വീകരിക്കുവാൻ നഗരസഭ ശ്രദ്ധിച്ചിട്ടില്ല. പ്രോജക്ട് തയ്യാറാക്കുകയോ, ആസൂത്രണ സമിതിയുടേയും സാങ്കേതിക സമിതിയുടേയും അംഗീകാരം ലഭിക്കുയോ ചെയ്തിട്ടില്ലാത്ത ഒരു നിർമ്മാണ പ്രവർത്തിയാണ് ഇപ്രകാരം അടിയന്തിര സ്വഭാവം ഉള്ളതായി എൻിനീയർ റിപ്പോർട്ട് ചെയ്തതും കൗൺസിലിന്റെ അംഗീകാരം പോലും തേടാതെ മേയറുടെ മുൻകൂർ അനുമതിയോടെ നടപ്പാക്കിയതും.<br><br>രണ്ടു പ്രവർത്തികളിലും അധികമായി ചെയ്യേണ്ടിവന്ന പ്രവർത്തികൾക്കായി എസ്റ്റിമേറ്റ് റിവൈസ് ചെയ്തിട്ടുണ്ട്. എന്നാൽ കോർപ്പറേഷൻ എൻജിനീയറും ഡെപ്യൂട്ടി മേയറും എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് മുൻപ് സൈററ് വെരിഫിക്കേഷൻ നടത്തിയിട്ടുള്ളതിനാൽ ഇപ്രാകരമുള്ള (അധിക) പ്രവർത്തികൾക്കും ആവശ്യമായ തുക വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കാമായിരുന്നു.<br><br>പ്രവർത്തിആരംഭിക്കുന്നതിന് മുൻപ് ക്ഷമതയുള്ള അധികാരസ്ഥാപനങ്ങളിൽ നിന്ന് ഭരണാനുമതിയും സാങ്കേതികാനുമതിയും തേടണമെന്നും വിശദമായ പ്രൊജക്ട് | 2009 തന്നെ തമ്പാന്നൂരിലെ പാർക്കിംഗ് ഏരിയയിലെ പണി പൂർത്തീകരിച്ച് ലേലനടപടികൾ സ്വീകരിച്ച് പൊതു ജനങ്ങൾക്ക് ഉപയോഗത്തിന് തുറന്ന് കൊടുക്കുകയും അന്ന് മുതൽ നഗരസഭയ്ക്ക് വരുമാനവും ലഭിച്ചു പോരുന്നതും ശ്രദ്ധയിൽപ്പെടുത്തുന്നു. ഇതിന്റെരടിസ്ഥാനത്തിൽ ഏറ്റെടുത്ത പ്രവർത്തിയാണ് ഉള്ളൂർ പാർക്കിംഗ് ഏര്യാ നിർമ്മാണ പ്രവർത്തി. ഉള്ളൂർ പാർക്കിംഗ് ഏര്യാ നിർമ്മാണപ്രവർത്തികൾ 2009 ഡിസംബറിൽ പൂർത്തീകരിക്കും, എന്ന് പ്രതീക്ഷിച്ചു കൊണ്ട് 10/11/2009 ൽ കൂടിയധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം നമ്പർ 4(R11/76(6)/09) പ്രകാരം ഉള്ളൂർ പാർക്കിംഗ് ഏര്യയുടെ ലേലനടപടികൾ സ്വീകരിക്കുന്നതിന് ഡപ്പോസിറ്റ് തുകയും വാഹന പാർക്കിംഗ് നിരക്കുകളും ലേല വ്യവസ്ഥകളും തീരുമാനിക്കുക യുണ്ടായി. അത് പ്രകാരം 08/01/2010 ന് ലേല/ക്വട്ടേഷൻ നോട്ടീസ് പുറപ്പെടുവിക്കുകയും |

| | | | | |
|---|---|---|---|---|
| | | | തയ്യാറാക്കണമെന്നുമുള്ള 1997 ലേ കേരളാ മുനിസിപ്പാലിറ്റി പൊതുമരാമത്ത് പണികളുടെ നടത്തിപ്പ് ചട്ടങ്ങളിലെ 6-ാം ചട്ടം നഗരസഭ പാലിച്ചിട്ടില്ല. സാങ്കേതിക അനുമതി നല്കിയിരിക്കുന്നത് പ്രവർത്തി പൂർത്തികരിച്ച് 8 മാസത്തിനു ശേഷമാണ്.<br><br>ഉദ്ഘാടനം കഴിഞ്ഞ പാർക്കിംഗ് ഏരിയ ലേലത്തിന് നല്കാൻ 3 തവണ ക്വട്ടേഷൻ ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് 23.01.2010 ന് കെറ്റ്കോ എന്ന സഹകരണ സ്ഥാപനം ലേലം സ്വീകരിക്കുയും പ്രസ്തുത സ്ഥാപനത്തിന് ലേലം നല്കിക്കൊണ്ട് 08.03.2010 ന് നഗരസഭ അഡീഷണൽ സെക്രട്ടറി ഒപ്പ് വയ്ക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ കെറ്റ്കോയുമായി ഇതു സംബന്ധിച്ച് ഔദ്യോഗികമായ കരാർ രേഖകളൊന്നും നഗരസഭ ഒപ്പുവച്ചിട്ടില്ല. ലേല വ്യലസ്ഥ പ്രകാരം ഒടുക്കേണ്ടിയിരുന്ന ഡെപ്പോസിറ്റ് തുകയായ 1,00,000/- രൂപയും ലേലതുകയുടെ 1/3 ഭാഗമായ 85,038/- രൂപയും അടയ്ക്കാതെ കെറ്റ്കോയെ 24.03.2010 മുതൽ 10.04.2010 വരെ പാർക്കിംഗേ ഫീസ് പിരിക്കുന്നതിന് അനുവദിച്ചു.<br><br>വാഹനങ്ങളൊന്നും പാർക്കിങ് ഏരിയയിൽ കയറുന്നില്ലെന്നും അതിനാൽ റോഡിലെ അനധികൃത പാർക്കിംഗ് ഒഴിവാക്കി വാഹനങ്ങൾ കയറ്റുന്നതിന് നഗരസഭയുടെയും പോലിസിൻെറയും ഭാഗത്തുനിന്ന് നടപടികളുണ്ടാവണമെന്ന് | 18/01/2010 ന് ലേല/ക്വട്ടേഷൻ നടപടികൾ സ്വീകരിച്ചതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. 2,3 തവണ ലേല നോട്ടീസ് നൽകിയെങ്കിലും ആരും തന്നെ ലേല വ്യവസ്ഥകൾ അനുസരിച്ച് മുന്നോട്ട് വരാത്തതിനാൽ 19/01/2010 ലെ ആർ.ഒ യുടെ റിപ്പോർട്ട് പ്രകാരം 23/01/2010 ന് മുമ്പായി ഓഫർ ക്ഷണിക്കുന്നതിന് അനുവാദം നൽകി. 23/01/2010 ന് ഗാന്ധിപാർക്ക് പാർക്കിംഗ് ഏരിയ ലേലം കൊണ്ടിരുന്ന കെറ്റ്കോ- എന്ന അംഗീകൃത സഹകരണ സ്ഥാപനത്തിന്റെ 255112 രൂപയുടെ ഒരു ഓഫർ ലഭിച്ചു. നഗരസഭ സെക്രട്ടറി 8/03/2010 ന് കെറ്റ്കോ-യ്ക്ക് അനുവദിക്കുന്നതിനുള്ള നിർദ്ദേശം സമർ പ്പിക്കുകയും പാർക്കിംഗ് ഏരിയ പൊതുജനങ്ങൾക്ക് തുറന്ന് കൊടുക്കേണ്ട തിന്റെ ആവശ്യകത പരിഗണിച്ച് സ്റ്റാൻിംഗ് കമ്മറ്റിയുടെ അംഗീകാരം പ്രതീക്ഷിച്ചു കൊണ്ട് 2,55,112 രൂപ 3 ഇൻസ്റ്റാൾമെന്റായി അടയ്ക്കുന്നതിനും ലേല വ്യവസ്ഥകൾക്ക് വിധേയമായും കെറ്റ്കോയ്ക്ക് അനുവദിച്ചു കൊണ്ട് ഡെപ്യൂട്ടി മേയർ ഉത്തരവ് നല്കിയിട്ടുള്ളതാണ്. 23/03/2010 ന് മേയറുടെ |

| | | | | |
|---|---|---|---|---|
| | | | "കെറ്റ്കോ" യുടെ മാനേജർ സെക്രട്ടറിയെ അറിയിച്ചെങ്കിലും നഗരസഭ ഒരു നടപടിയും സ്വീകരിച്ചില്ല. 10.04.2010 ന ശേഷം പാർക്കിംഗ് ഫീസ് പിരിവ് നടത്താൻ കഴിയില്ലെന്ന് അറിയിച്ചുകൊണ്ട് "കെറ്റ്കോ" ലേലവ്യവസ്ഥയിൽ നിന്ന് പിൻമാറുകയും ചെയ്തു. എഗ്രിമെന്റ് വയ്ക്കാതെയും ലേല വ്യവസ്ഥകൾ പാലിക്കാതെയും കെറ്റ്കോയ്ക്ക് പാർക്കിംഗ് ഏരിയാ ലേലത്തിന് നല്കിയതിനാൽ നഷ്ടം ഈടാക്കാനും നഗരസഭയ്ക്ക് സാധിക്കുന്നില്ല.<br><br>നഗരസഭയ്ക്ക് പാർക്കിംഗ് ഏരിയ നിർമ്മാണം വഴി നാളിതുവരെ വരുമാനമൊന്നും ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത നിർമ്മാണങ്ങൾക്ക് ചെലവഴിച്ച 19,90,752/- രൂപ (11,59,174+8,31,578) പാഴ്ച്ചെലവായി മാറുകയാണുണ്ടായത്. പ്രോജക്ട് തയ്യാറാക്കെയും കൗൺസിൽ അനുമതി വാങ്ങാതെയുമുള്ള ഈ നിർമ്മാണത്തിന് മുൻകൂർ അനുമതി നല്കിയ മേയർ, ഡെപ്യൂട്ടി മേയർ നഗരസഭാ അഡീഷണൽ സെക്രട്ടറി കോർപ്പറേഷൻ എൻജിനീയർ എന്നിവരിൽ നിന്നും ഈ നഷ്ടം ഈടാക്കേണ്ടതാണ്.<br><br>പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 08.05.2012 ന് അയച്ച എൽ.എഫ്.സി.എ 7/286/12 | അദ്ധ്യക്ഷതയിൽ ബഹു. നിയമ പൊതുമരാമത്ത് വകുപ്പ് മന്ത്രി ഉള്ളൂർ പാർക്കിംഗ് ഏര്യയുടെ ഔപചാരിക ഉദ്ഘാടനവും നിർവ്വഹിച്ചു. 24/03/2010 മുതൽ വാഹന പാർക്കിംഗ് ആരംഭിക്കാൻ കഴിയത്തക്ക നിലയിൽ കെറ്റ്കോയ്ക്ക് ഉള്ളൂർ പാർക്കിംഗ് ഏരിയ അനുവദിച്ചു കൊണ്ടുള്ള നോട്ടീസ് നഗരസഭ സെക്രട്ടറി 20/03/2010 ന് ഒപ്പ് വച്ച് നൽ കിയി ട്ടുണ്ട്.<br><br>എന്നാൽ 31/03/2010 ന് കെറ്റ്ക്കോ-എം.ഡി നഗരസഭ സെക്രട്ടറിയ്ക്ക് നൽകിയ കത്തിൽ ഉള്ളൂർ റോഡിൽ വാഹനങ്ങൾ പാർക്ക് ചെയ്യാൻ പോലീസ് അനുവദിക്കുന്നതു കൊണ്ട് പാർക്കിംഗ് ഏരിയയിൽ വാഹനങ്ങൾ കയറ്റി പാർക്ക് ചെയ്യാൻ കൂട്ടാക്കുന്നില്ലെന്നും മേയർ സിറ്റി പോലീസ് കമ്മീഷണറോട് ആവശ്യപ്പെട്ടിട്ടും നടപടി ഇല്ലാത്തതിനാൽ 24/03/2010 മുതൽ 30/3/2010 വരെ 101 രൂപ മാത്രമാണ് പാർക്കിംഗ് ഫീസ് ലഭിച്ചതായി അറിയിക്കുകയും നഷ്ടത്തിലായതിനാൽ പ ാർക്കിംഗ് ഫീസ് പരിവിൽ നിന്നും പിൻമാറുന്നതായും 10/04/2010 ന് മുമ്പായി ബദ ൽ സംവിധാനം ഏർപ്പെടുത്തണമെന്നും അറിയിച്ചിരുന്നു. ഗവൺമെന്റുമായി ബന്ധപ്പെട്ട് വാഹനങ്ങൾ റോഡ് സൈഡിൽ പാർക്ക് ചെയ്യാതെ പാർക്കിംഗ് ഏരിയയിൽ പാർക്ക് ചെയ്യുന്നതിന് ബന്ധപ്പെട്ട പോലീസിന് നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിച്ചിട്ടും നടപടി |

| | | | | |
|---|---|---|---|---|
| | | | നമ്പർ കത്തിന് നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.<br><br>ഉത്തരവാദികളായ വ്യക്തികൾ:-<br><br>1. ശ്രീ ജയൻ ബാബു(മേയർ)<br><br>റ്റി.സി.26/2063, സെൻറ് ജോസഫ് ലെയ്ൻഎ.കെ.ജി സെന്ററിന് എതിർവശം, തിരുവനന്തപുരം<br><br>2. ശ്രീ.വി.ജയപ്രകാശ്<br><br>(ഡെപ്യൂട്ടി മേയർ)<br>പീകിംഗ്, ചിത്രാഗാർഡൻസ്<br>ചാവടിമുക്ക്, പാങ്ങപ്പാറ.പി.ഒ,<br>തിരുവനന്തപുരം.<br>3. ശ്രീ.കെ.ബിജു IAS<br>(നഗരസഭാ സെക്രട്ടറി)<br>വിന്റർ മിസ്റ്റ്, ഡി/13, കുറവൻകോണം<br>കവടിയാർ.പി.ഒ, തിരുവനന്തപുരം<br>4. ശ്രീ.സി.രാധാകൃഷ്ണക്കുറുപ്പ്<br>(നഗരസഭാ അഡീഷണൽ സെക്രട്ടറി)<br>ചിറകരത്ത്, അയിക്കുന്നം,<br>ശാസ്താം കോട്ട.പി.ഒ, കൊല്ലം<br>5. ശ്രീ.ബി.എസ്.ജയകുമാർ<br>(കോർപ്പറേഷൻ എൻജിനീയർ) | ഉണ്ടാകാത്തതിനാൽ 13/09/2010 ൽ കൂടിയ ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം നം.10(21) പ്രകാരം സ്ഥലം എം.എൽ.എ യും ബഹു.പൊതുമരാമത്ത് മന്ത്രിയുമായ ശ്രീ.എം വിജയകുമാറിന്റെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട പോലീസ് അധികാരികളുടെയും ഒരു യോഗം 23/09/2010 3 pm ന് ബഹു.മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ കൂ ടുയുണ്ടായി. ടി യോഗത്തിൽ ഡെപ്യൂട്ടി മേയർ, കോർപ്പറേഷൻ എഞ്ചിനീയർ, സിറ്റി പോലീസ് കമ്മീഷണർ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുക്കുകയും പ്രസ്തുത യോഗ തീരുമാന പ്രകാരം റോഡ് സൈഡിൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് നിരോധിക്കുന്നതിന് പോലീസിനെ ചുമതലപ്പെടുത്തി. ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 29/09/2010 ൽ കൂടിയ ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി തീരുമാനം നമ്പർ 4(6) പ്രകാരം പാർക്കിംഗ് ഏരിയ ലേലം കൊ ണ്ട കെറ്റ്ക്കോ- പിൻമാറിയതിനാൽ താൽകാലികമായി ഉടനെ നിശ്ചിത ഫീസ് പിരിവ് നടത്തുന്നതിന് നഗരസഭയെ ചുമതലപ്പെടുത്തി കൊണ്ടും തുടർന്ന് ഒരു കൊല്ലത്തേക്ക് പാർക്കിംഗ് ഏരിയ ലേലം ചെയ്ത് കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കാൻ ആർ.ഒ യെ ചുമതലപ്പെടുത്തി. എന്നാൽ വാഹനങ്ങൾ പാർക്ക് ചെയ്യുന്നില്ല എന്ന ആർ.ഒ യുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വീണ്ടും ലേല നടപടി സ്വീകരിക്കുകയും ആരും തന്നെ പങ്കെടുക്കാത്തതിന്റെ അടിസ്ഥാനത്തിൽ |

| | | | | |
|---|---|---|---|---|
| | | | മംഗല്യ, റ്റി.സി.25/77, തമ്പാന്നൂർ<br>or<br>ശാരദാ മന്ദിരം, വെൺപകൽ.പി.ഒ<br>തിരുവനന്തപുരം ആറാലുംമൂട്, നെയ്യാറ്റിൻകര | 13.11.2013 തീയതിയിൽ വീണ്ടും ഓഫർ ക്ഷണിച്ചുവെങ്കിലും ആരും ഫീസ് പിരിവ് നടത്താൻ തയ്യാറായില്ല.<br>തിരുവനന്തപുരം നഗരസഭ വക ഉള്ളൂർ പ ാർക്കിംഗ് ഏര്യ നടത്തിപ്പിനായി ലേല നടപടി സ്വീകരിച്ചിട്ടും ആരും തന്നെ ഏറ്റെടുക്കാത്തതിനാൽ ടി പാർക്കിംഗ് ഏര്യയുടെ നിലവിലെ സ്ഥിതി പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് 7/6/2019 ലെ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 3(27) നമ്പർ തീരുമാന പ്രകാരം റവന്യൂ ഇൻസ്പെക്ടറെ ചുമതലപ്പെടുത്തിയിരുന്നു. ഉള്ളൂർ മെഡിക്കൽ കോളേജ് റോഡിൽ നഗരസഭ വക ഷോപ്പിംഗ് കോംപ്ലക്സിന് സമീപം നഗരസഭയുടെ ഉടമസ്ഥതയുലുള്ള പ്ലാസ്റ്റിക് സംസ്കരണ കേന്ദ്രത്തിന് പുറകിലായുള്ള ടി സ്ഥലം കാടുപിടിച്ച് ഉപയോഗയോഗ്യമല്ലാത്ത അവസ്ഥയിലാണെന്നും വീതി കുറവുള്ള സ്ഥലമായതിനാൽ തീരെ ചുരുങ്ങിയ എണ്ണം വാഹനങ്ങൾ മാത്രമേ പാർക്ക് ചെയ്യാൻ കഴിയുകയുള്ളൂ എന്നുള്ള വിവരം റവന്യൂ ഇൻസ്പെക്ടർ റിപ്പോർട്ട് ചെയ്തിരുന്നു. തുടർന്ന് ഈ പാർക്കിംഗ് ഏര്യയെ ലേല നടപടിയിൽ |

| | | | | |
|---|---|---|---|---|
| | | | | നിന്നും ഒഴിവാക്കിയിരുന്നു. ടി പാർക്കിംഗ് ഏര്യയിൽ മറ്റെന്തെങ്കിലും നിർമ്മാണ പ്രവർത്തനം നടത്താൻ കഴിയുമോ എന്ന റിപ്പോർട്ട് നൽകുന്നതിന് കോർപ്പറേഷൻ എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതിനും 29/11/2019 ലെ കൗൺസിൽ യോഗം തീരുമാനിച്ചിരുന്നു.<br><br>വിളപ്പിൽ ശാല പ്ലാന്റ് എതിർപ്പ് കാരണം പൂട്ടിയതിനെ തുടർന്ന് മാലിന്യ സംസ്കരണത്തിന് ബുദ്ധിമുട്ട് നേരിട്ടതിനാൽ ഉപയോഗിക്കാതെ കിടന്ന ടി. സ്ഥലത്ത് നഗരസഭ മാലിന്യം സംസ്കരിക്കുന്നതിന് എയ്റോബിക്ക് ബിൻ യൂണിറ്റ് സ്ഥാപിച്ചിട്ടുള്ളതുമാണ്. കൂടാതെ 2020-21 സാമ്പത്തിക വർഷം ആദ്യ പകുതിയിൽ ശുചിമുറി കൂടി നിർമ്മിച്ചിട്ടുണ്ട്. ആയതിനാൽ 1.11.2021 ലെ കൗൺസിൽ തീരുമാനം നമ്പർ 3(എ)13 പ്രകാരം ടി പാർക്കിംഗ് ഏര്യയെ ലേല നടപടികളിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതുമാണ്. നഗരസഭ നിർമ്മിച്ച ശുചിമുറി ലേലം ചെയ്യുന്നതിനുള്ള പ്രാരംഭ നടപടി സ്വീകരിച്ചുവരികയാ ണ്.<br><br>ഇതാണ് വസ്തുത എങ്കിലും ഓഡിറ്റ് |

| | | | | |
|---|---|---|---|---|
| | | | | നിരീക്ഷണം വന്നതിനെ തുടർന്ന് 04/05/2012 ന് എ 15 . 43746/2012 നമ്പർ കത്ത് മുഖേന പരാമർശവിധേയരായ മേയർ, ഡെപ്യൂട്ടി മേയർ, അന്നത്തെ സെക്രട്ടറി തുടങ്ങിയവർക്ക് വിശദീകരണം ആരാഞ്ഞുകൊണ്ട് കത്ത് നല്കുകയുണ്ടായി. മുകളിൽ പറഞ്ഞ വിശദീകരണമടക്കം സൂചിപ്പിച്ചുകൊണ്ട് ഇതിനിടയാക്കിയ സാഹചര്യത്തിൻെറ പ്രത്യേകത കണക്കിലെടുത്ത് തുടർ നടപടിയിൽ നിന്ന് ഒഴിവാക്കണമെന്നാണ് ഡെപ്യൂട്ടി മേയർ സമർപ്പിച്ച വിശദീകരണത്തിൽ നഗരസഭയോട് അഭ്യർത്ഥിച്ചിട്ടുള്ളത്. മറ്റുള്ളവരാരും വിശദീകരണം സമർപ്പിച്ചിട്ടുമില്ല.നഗരസഭയുടെ ഭാഗത്തു നിന്നും മനപൂർവ്വമായി തെറ്റ് സംഭവിച്ചിട്ടില്ലാത്തതും, പ കരം ജനങ്ങളുടെ ബുദ്ധിമുട്ട് മനസ്സിലാക്കി മെഡിക്കൽ കോളേജിലെ ഗതാഗത കുരുക്ക് മാറ്റുന്നതിന് വേണ്ടി നഗരസഭയുടെതായ |

| | | | | |
|---|---|---|---|---|
| | | | | കർത്തവ്യം ആണ് ചെയ്തിട്ടുള്ളതെന്നും, ആയതിനാൽ ടി പരാമർശ പ്രകാരമുള്ള നഷ്ടത്തിൽ നിന്നും എല്ലാവരെയും ഒഴിവാക്കണമെ ന്നമാണ് നഗരസഭ അഭ്യർത്ഥിച്ചിട്ടുള്ളത്. മേൽ സാഹചര്യത്തിൽ ഇതു സംബന്ധിച്ച നിയമസഭാ സമിതിയുടെ തുടർ നിർദ്ദേശത്തിൻമേൽ സർക്കാർ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| 2 | തിരുവനന്തപുരം നഗരസഭ | 4.2 | **വാംബേ പദ്ധതിയ്ക്ക് പല അക്കൗണ്ടുകൾ– ഒരു കോടി രൂപ ചെലവഴിച്ചില്ല.സർക്കാർ അനുവദിച്ച തുക വിവിധ ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്തു. പദ്ധതി തുക ഒരു കോടി രൂപ പൂർണ്ണമായും ചെലവഴിച്ചില്ല. വർഷം - 2010–11, ഖണ്ഡിക. 3–27**<br><br>നഗരങ്ങളിലെ ചേരികളിൽ താമസിക്കുന്ന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് വാസഗൃഹം നിർമ്മിക്കുന്നതിനും നിലവിലുള്ളവ പുനർനിർമ്മിക്കുന്നതിനുമുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് വാത്മീകി അംബേദ്കർ ആവാസ് യോജന (വാംബേ), ഭവന നിർമ്മാണത്തിന് ലഭിക്കുന്ന കേന്ദ്രസഹായം ഒരു ദേശസാൽകൃത ബാങ്കിൽ അക്കൗണ്ട് തുടങ്ങി | ഓഡിറ്റ് പരാമർശം ബന്ധിച്ച് നഗരസഭയുടെ വിശദീകരണം താഴെ കൊടുക്കുന്നു.<br>വാംബേ ഭവന നിർമ്മാണ പദ്ധതിയ്ക്കായി മൂന്ന് അക്കൗണ്ടുക ളാണ് നിലവിൽ ഉണ്ടായിരുന്നത്. വ്യക്തിഗത ഗുണഭോക്താക്കൾക്കുള്ള ആനുകൂല്യം കാനറാ ബാങ്ക് പുത്തൻചന്തയിലുള്ള അക്കൗണ്ടിൽ നിന്നാണ് അനുവദിച്ചിരുന്നത്. വാംബേ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി |

| | | | | |
|---|---|---|---|---|
| | | | നിക്ഷേപിക്കുകയാണ് ചെയ്യേണ്ടത്. എന്നാൽ തിരുവനന്തപുരം നഗരസഭയിൽ ഈ പദ്ധതിക്കായി 03/10 മുതൽ 3/11 വരെയുള്ള കാലയളവിൽ സി.ഡി.എസ് ഗവേണിംഗ് ബോഡിയുടെ തീരുമാനപ്രകാരം മൂന്ന് അക്കൗണ്ടുകൾ തുടങ്ങുകയും പദ്ധതിക്കായി ലഭിച്ച തുക വിവിധ ബാങ്ക് അക്കൗണ്ടുകളിൽ മാറി മാറി നിക്ഷേപിക്കുകയും പിൻവലിക്കുകയും ചെയ്തതായി കാണുന്നു. അക്കൗണ്ടുകൾ ചുവടെ ചേർക്കുന്നു:-<br><br>1. കാനറാ ബാങ്ക്,<br>പുത്തൻ ചന്ത(അക്കൗണ്ട് നം.0822101023572)<br><br>2. സൗത്ത് മലബാർ ഗ്രാമീൺ ബാങ്ക്, മണക്കാട് (അക്കൗണ്ട് നം.40322100102926)<br>3. കാനറാബാങ്ക്, മൈക്രോഫിനാൻസ് ബ്രാഞ്ച്, പുത്തൻചന്ത<br>(അക്കൗണ്ട് നം.33431010005<br><br>ഇതിൽ ക്രമനമ്പർ 1 (കാനറാ ബാങ്ക് പുത്തൻ ചന്ത)-ൽ നിന്നും മാത്രമാണ് വാംബേ ഗുണഭോക്താക്കൾക്ക് 2010-2011-ൽ ആനുകൂല്യം നല്കിയിട്ടുണ്ട്. ഭവന നിർമ്മാണത്തിനു വേണ്ടിയുള്ള വാംബേ പദ്ധതിയ്ക്കു ലഭിച്ച കേന്ദ്ര സഹായം സർക്കാർ നിർദ്ദേശത്തിനു വിരുദ്ധമായി വിവിധ അക്കൗണ്ടുകളിൽ നിക്ഷേപിക്കുകയും സംസ്ഥാന വിഹിതമായ 1,00,00,000/- രൂപയും പലിശയും കൂടി ഉൾപ്പെടുന്ന തുക ഇപ്രകാരം വിവിധ | ചെങ്കൽചൂളയിൽ ഫ്ളാറ്റുകൾ നിർമ്മിക്കുന്നതിനായി സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായമായി നൽകിയ തുക കാനറ ബാങ്ക് മൈക്രോ ഫിനാൻസ് പരുത്തിപ്പാറ ശാഖയിലും, സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിന്റെ മണക്കാട് ശാഖയിലുമാണ് നിക്ഷേപിച്ചിരുന്നത്.<br><br>ലോക്കൽ ഫണ്ട് ആഡിറ്റ് വിഭാഗത്തിന്റെ 2010-11 സാമ്പത്തിക വർഷത്തിലെ ആഡിറ്റ് റിപ്പോർട്ടിൽ വാംബേ പദ്ധതിയ്ക്കായി ലഭിച്ച തുക മുഴുവൻ ഒരു ബാങ്കിൽ നിക്ഷേപിച്ച് ചെലവഴിക്കാൻ നിർദ്ദേശിച്ചിരുന്നു. ടി നിർദ്ദേശത്തിന്റേയും 12.12.2012 ൽ കൂടിയ നഗരസഭ കൗൺസിലിന്റെ 3 സി (41) നമ്പർ തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ ചെങ്കൽചൂള ഭവനനിർമ്മാണ പദ്ധതിയ്ക്കായി ലഭിച്ച മുഴുവൻ തുകയും ആയതിന്റെ പലിശയും കാനറാ ബാങ്ക്-മൈക്രോ ഫിനാൻസ്, പരുത്തിപ്പാറ ശാഖയിലുള്ള 3343101000501-ാം നമ്പർ അക്കൗണ്ടിൽ നിക്ഷേപിക്കുകയും വ്യക്തിഗത ആനുകൂല്യം നൽകുന്നതിനുള്ള തുക കാനറാ |

| | | | | |
|---|---|---|---|---|
| | | | അക്കൗണ്ടുകളിലേയ്ക്ക് മാറ്റുന്നതും ശരിയായ നടപടിയല്ല. അർഹരായ ഗുണഭോക്താക്കളെകണ്ടെത്തി ആനുകൂല്യം നല്കാതെയും പദ്ധതി തുക പൂർണ്ണമായി ചെലവഴിക്കാതെയും ബാങ്കിൽ വർഷങ്ങളായി സൂക്ഷിക്കുന്നത് നിരുത്തരവാദപരമാണ് പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുന്ന വിവരം അറിയിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 08.05.2021-ലെ എൽ.എഫ് സി.എ. 7/286/12-ാം നമ്പർ കത്തിന് നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.<br><br>ഉത്തരവാദിത്വം:- നഗരസഭാ കൗൺസിൽ | ബാങ്ക് പുത്തൻചന്ത ശാഖയിലുള്ള അക്കൗണ്ടിൽ നിലനിർത്തുകയും ചെയ്തിട്ടുണ്ട്. വ്യക്തികൾക്കുള്ള ആനുകൂല്യം നൽകുന്നതിനായി ലഭിച്ച അലോട്ട്മെന്റ് തുകയും ആയതിന്റെ പലിശയും, ചെങ്കൽചൂള ഭവന നിർമ്മാണ പദ്ധതിയ്ക്കായി പ്രത്യേക ധനസഹായ ഇനത്തിൽ ലഭിച്ച തുകയും ആയതിന്റെ പലിശയും പ്രത്യേകമായി അറിയുന്നതിനു വേണ്ടിയാണ് രണ്ട് അക്കൗണ്ടുകൾ നിലനിർത്തിയത്. ചെങ്കൽചൂള രാജാജി നഗർ വീട് അനുവദിക്കുന്നതിന് 1978 ൽ ഹൗസിംഗ് ബോർഡ് തയ്യാറാക്കിയ ഗുണഭോക്തൃ പട്ടിക നേരിട്ടുള്ള പരിശോധനയിലൂടെയല്ലെന്നും ആയതിനാൽ റേഷൻ കാർഡ്, വോട്ടേഴ്സ് ലിസ്റ്റ്, ഇലക്ഷൻ ഐഡന്റിറ്റി കാർഡ്, വേറെ വസ്തുവോ വീടോ സ്വന്തമായി ഉണ്ടോ എന്നിവ പരിശോധിച്ച് യഥാർത്ഥ അർഹരെ ക ണ്ടെത്തേണമെന്നുമുള്ള WP(C)5787/04 നമ്പർ കേസ്സിലെ കേരള ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ 22-12-04 ലെ സർക്കാർ ഉത്തരവ് (സാധ) നമ്പർ |

13

| | | | | |
|---|---|---|---|---|
| | | | | 4588/2004 ത.സ്വ.ഭ.വ പ്രകാരം അർഹത ലിസ്റ്റ് തയ്യാറാക്കുന്നതിന് ഉത്തരവായിരുന്നു. ആയതിന് അർഹതപ്പെട്ടവരുടെ ലിസ്റ്റ് അർഹതാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നിശ്ചയിക്കുന്നതിന് നഗരസഭയുടെ വിവിധ സമിതി ചെയർമാൻമാർ, ഉന്നത ഉദ്യോഗസ്ഥർ,വിവിധ കക്ഷി നേതാക്കൾ എന്നിവരടങ്ങിയ ഒരു കമ്മിറ്റി രൂപീകരിക്കുക യുണ്ടായി.<br>1978 ൽ കേരള ഹൗസിംഗ് ബോർഡ് പ്രസിദ്ധീകരിച്ച ലിസ്റ്റിലെ ഗുണഭോക്താക്കളുടെ അർഹത ലിസ്റ്റ് പരിശോധിക്കുന്നതിന് പ്രസ്തുത ലിസ്റ്റിൽപ്പെട്ട ഗുണഭോക്താക്കൾക്ക് രജിസ്റ്റേർഡ് വിത്ത് അക്നോളജ്മെന്റ് ആയി കത്തുകൾ അയച്ച് രേഖകളുമായി ഹാജരാകുവാൻ നിർദ്ദേശിക്കുവാനും, രാജാജി നഗറിൽ താമസിക്കുന്ന മറ്റുള്ളവർക്ക് രേഖകളുമായി ഹാജരാകുവാൻ നോട്ടീസ് പതിച്ച് അറിയിപ്പ് നൽകുവാനും ടി കമ്മിറ്റി തീരുമാനിച്ചു. അതനുസരിച്ച് ബന്ധപ്പെട്ടവർക്ക് രജിസ്റ്റേർഡ് കത്തുകൾ അയക്കുകയും രാജാജി നഗറിൽ |

| | | | | |
|---|---|---|---|---|
| | | | | നോട്ടീസുകൾ പ്രദർശിപ്പിക്കുകയും ചെയ്തു. തുടർന്ന് 2005 ജൂലൈ 24, 25, 26, 27 തീയതികളിൽ നഗരസഭ കൗൺസിൽ ലോഞ്ചിൽ വച്ച് ഗുണഭോക്താക്കളുടെ രേഖകൾ പരിശോധിക്കുകയും ചെയ്തു.<br>ഹൗസിംഗ് ബോർഡ് ലിസ്റ്റിൽ ഉൾപ്പെട്ടവരേയും ഉൾപ്പെടാത്തവരേയും നേരിട്ട് കേൾക്കുകയും ബന്ധപ്പെട്ടവരുടെ റേഷൻ കാർഡ്, ഐഡന്റിറ്റി കാർഡ്, വോട്ടേഴ്സ് ലിസ്റ്റ് തുടങ്ങിയ രേഖകൾ പരിശോധിച്ച് പട്ടിക തയ്യാറാക്കുകയും ചെയ്തു.<br>തിരുവനന്തപുരം നഗരസഭ വാംബേ പദ്ധതി പ്രകാരം നിർമ്മിച്ച ഫ്ളാറ്റുകൾക്കായി 160 ഗുണഭോക്താക്കളുടെ പ്രധാന പട്ടികയും 29 ഗുണഭോക്താക്കളുടെ അനുബന്ധ പട്ടികയും 05.08.2005 ൽ കൂടിയ നഗരസഭ കൗൺസിൽ 1(4) നമ്പരായി അംഗീകരിച്ചിരുന്നു. നഗരസഭ ഗുണഭോക്താക്കൾക്ക് ഫ്ളാറ്റുകൾ അനുവദിക്കുന്നതിന് മുൻപ് തദ്ദേശീയരായ കുടുംബങ്ങൾ ബല പ്രയോഗത്തിലൂടെ ഫ്ളാറ്റുകളിൽ കയറി താമസിക്കുകയാണുണ്ടായത്. അത്തരത്തിലുള്ള കുടുംബങ്ങളെ ഒഴിവാക്കി |

| | | | | |
|---|---|---|---|---|
| | | | | അർഹരായ ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള കുടുംബങ്ങൾക്ക് ഫ്ളാറ്റുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പല പ്രാവശ്യം നഗരസഭ സ്വീകരിച്ചെങ്കിലും ആയത് ഫലപ്രദമായിട്ടില്ല. പ്രശ്ന പരിഹാരത്തിനായി കോളനിവാസികളുടെ പ്രതിനിധികളുടെ യോഗം നിരവധി പ്രാവശ്യം വിളിച്ചെങ്കിലും ഫ്ളാറ്റ് കൈയ്യേറ്റക്കാരെ ഒഴിപ്പിക്കാനോ, അലോട്ട്മെന്റ് നടത്താനോ ഇതുവരെ കഴിഞ്ഞിട്ടില്ല. ബഹു.ഓംബുഡ്സ്മാന്റെ ഉത്തരവിൻ പ്രകാരം ടി ഫ്ളാറ്റുകളിലെ അനധികൃത താമസക്കാരെ ഒഴിപ്പിക്കുന്നത് സംബന്ധിച്ച് തീരുമാനത്തിനായി തിരുവനന്തപുരം നഗരസഭ ക്ഷേമകാര്യ കമ്മറ്റി മുൻപാകെ അജണ്ട സമർപ്പിക്കുകയു ണ്ടായി. 2006-ൽ കൈയ്യേറി താമസിച്ച ഭവനരഹിതരായിട്ടുള്ളവരെ 15 വർഷങ്ങൾക്കു ശേഷം ഒഴിപ്പിക്കുന്നതു വഴി ടി ആൾക്കാർ വീണ്ടും ഭവനരഹിതരാകുന്നത് ഗുരുതരമായ സാമൂഹ്യ പ്രശ്നങ്ങൾ ഉണ്ടാക്കുമെന്നതിനാൽ നയപരമായ തീരുമാനം എടുക്കേണ്ടതാണെന്ന് കമ്മിറ്റി |

| | | | | |
|---|---|---|---|---|
| | | | | വിലയിരുത്തുകയും വീണ്ടും പരിശോധന നടത്തി അർഹരായിട്ടുള്ളവരെ നിലനിർത്തുകയും അനർഹരായിട്ടുള്ളവരെ ഒഴിപ്പിക്കുകയും ചെയ്യുന്നതിന് അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിൽ കമ്മിറ്റി രൂപീകരിക്കുന്നതിന് 24.11.2021 ലെ ക്ഷേമകാര്യ കമ്മിറ്റി നിർദ്ദേശിച്ചി ട്ടുണ്ട്<br>ചെങ്കൽചൂള ഭവന നിർമ്മാണ പദ്ധതി വാംബേ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിന് സംസ്ഥാന സർക്കാർ പ്രത്യേക ധനസഹായമായി അനുവദിച്ച ഒരുകോടി രൂപ വിനിയോഗിച്ച് ചെങ്കൽ ചൂളയിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് ഗുണഭോക്താക്കൾക്ക് നൽകുന്നതിനാണ് നഗരസഭ തീരുമാനിച്ചിരുന്നത്. ഫ്ളാറ്റുകളുടെ നിർമ്മാണത്തിനായി കോസ്റ്റ്ഫോർഡിനെ ചുമതലപ്പെടുത്തിയിരുന്നു. എന്നാൽ 2008 ലെ പി.ഡബ്ല്യുഡി ഷെഡ്യൂൾ നിരക്കിൽ 90 ഫ്ളാറ്റുകളുടെ പണി പൂർത്തീകരിച്ച ശേഷം കോസ്റ്റ്ഫോർഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഉപേ ക്ഷിക്കുകയാ ണുണ്ടായത്<br>നിലവിൽ രാജാജിനഗർ കോളനി നവീകരണം നടത്തി ഭവന സമുച്ചയം പ |

| | | | | |
|---|---|---|---|---|
| | | | | ണിയുന്നതിന് സ്മാർട്ട് സിറ്റി വഴി പദ്ധതി തയ്യാറാക്കുകയും ടെണ്ടർ നടപടി സ്വീകരിച്ചു വരികയുമാണ് എന്നും നഗരസഭ അറിയിച്ചിട്ടുണ്ട്. വസ്തുതകൾ പരിശോധിച്ചതിൽ ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പിൽ ഉണ്ടായ അപാകതകൾ പരിഹരിക്കുന്നതിൽ സങ്കീർണ്ണത ഉണ്ടെന്ന് സർക്കാർ മനസ്സിലാക്കുന്നു. അനധികൃതമായി ബാങ്കിൽ സൂക്ഷിച്ചുവന്ന സർക്കാർ വിധേയമായ തുക ഉപയോഗിച്ച് 90 ഫ്ലാറ്റുകൾ പൂർത്തീകരിച്ചസാഹചര്യവും കണക്കിലെടുക്കേണ്ടതുണ്ട്. മേൽ വിവരങ്ങൾ ബഹുമാനപ്പെട്ട സമിതി മുൻപാകെ അറിയിക്കുന്നു. |
| 3 | തിരുവനന്തപുരം നഗരസഭ | 4.3 | **മാർഗ്ഗനിർദ്ദേശം ലംഘിച്ച് ധനവിനിയോഗം - അക്ഷയാ പദ്ധതി ലക്ഷ്യം കൈവരിച്ചില്ല -വർഷം- 2009-2010, (ഖണ്ഡിക-3.7)**<br>**അംഗീകാരം ലഭിച്ച പ്രോജക്ടിലെ നിബന്ധനകൾക്ക് വിരുദ്ധമായ കംപ്യൂട്ടർ സ്പയർ പാർട്ട്സുകൾ വാങ്ങി അസംബിൾ ചെയ്തു-40 ലക്ഷം രൂപയോളം വിലവരുന്ന** | തിരുവനന്തപുരം നഗരസഭയുടെ 2007-08 ലെ ജനകീയാസൂത്രണ പദ്ധതിയിൽ വനിതാ ശിശുക്ഷേമ മേഖലയിൽ ഉറപ്പെടുത്തി. 12 അക്ഷയ കേന്ദ്രങ്ങൾക്കായി കെൽട്രോണിൽ നിന്നും 72 കമ്പ്യൂട്ടർ ഹാർഡ് വെയർ കിറ്റ് വാങ്ങി നഗരസഭയുടെ ഹാർഡ് വെയർ സെന്ററിൽ |

| | | | | |
|---|---|---|---|---|
| | | | **കംപ്യൂട്ടർ ഉപകരണങ്ങൾ വിവിധ സെന്ററുകളിലായി ഉപയോഗിക്കാതെ സൂക്ഷിക്കുന്നു-സ്റ്റോക്ക് പരിശോധനയിൽ 8,12,585/- രൂപ വില വരുന്ന ഉപകരണങ്ങൾ കുറവുള്ളതായി കണ്ടെത്തി.**<br><br>തിരുവനന്തപുരം നഗരസഭ 2007-2008 ലെ ജനകീയാസൂത്രണ പദ്ധതിയിൽ വനിതാ ശിശുക്ഷേമ മേഖലയിൽ ഉൾപ്പെടുത്തി അക്ഷയ സേവന കേന്ദ്രങ്ങൾ (ടെക്നോളജി സെന്ററുകൾ സ്ഥാപിക്കുന്നതിന് 1,09,15,000/- രൂപ വകയിരുത്തി.<br><br>വികസനഫണ്ട് . : 97,00,000/-<br><br>ഗുണഭോക്തൃ വിഹിതം. : .15,000/-<br><br>മറ്റിനം/ലോൺ . : 12,00,000/-<br><br>ആകെ = 1,09,15,000/-<br><br>ഈ പ്രോജക്റ്റിന്റെ ഭാഗമായി നഗരസഭ 12 പ്രധാന സെന്ററുകളിലും 31 സബ് സെൻററുകളിലും അക്ഷയ സെൻററുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിച്ചിരുന്നത്. നഗരസഭയ്ക്ക് സ്ഥിരം ആസ്തികൾ ആർജ്ജിക്കുന്നതാണെന്നും വ്യക്തികൾക്കോ ഗ്രൂപ്പുകൾക്കോ സബ്സിഡി നല്കുന്നതല്ലെന്നും, യൂസർഫ്രീ/ സർവ്വീസ് ചാർജ്ജ് കളക്ഷൻ നടത്തുന്നതാണെന്നുമുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിലൂടെ ഉണ്ടാകുന്ന സ്ഥിരം ആസ്തികൾ നഗരസഭയിൽ | അസംബിൾ ചെയ്തു. ഒരു കമ്പ്യൂട്ടർ അസംബിൾ ചെയ്യുന്നതിന് 2250/- രൂപ നിരക്കിൽ 72 എണ്ണത്തിന് 162000/- രൂപയാണ് ചെലവായത്. ഒരു കമ്പ്യൂട്ടറിന് ആകെ 21,365/- രൂപ മാത്രമേ ചെലവ് വന്നിട്ടുള്ളൂ. എന്നാൽ കെൽട്രോണിൽ നിന്ന് കമ്പ്യൂട്ടർ വാങ്ങിയിരുന്നെങ്കിൽ 25,000/- രൂപയിൽ കൂടുതൽ ആകുമായിരുന്നു. കിറ്റ് വാങ്ങി അസംബിൾ ചെയ്യുമ്പോൾ വരുമാനം നഗരസഭയ്ക്കു തന്നെ ലഭിക്കുമെന്നതുകൊണ്ടും ടി സ്ഥാപനത്തിലെ തൊഴിലാളികൾക്ക് തൊഴിൽ ലഭിക്കുന്നതിനുമാണ് ടി സ്ഥാപനത്തിൽ അസംബിൾ ചെയ്തത്. അസംബിൾ ചെയ്തത് വഴി നഗരസഭക്ക് നഷ്ടം ഉണ്ടായിട്ടില്ല. ആയതിനാൽ ഓഡിറ്റിലെ ഈ പരാമർശം ഒഴിവാക്കണമെന്ന് അപേക്ഷിക്കുന്നു.<br>തിരുവനന്തപുരം നഗരസഭയുടെ അക്ഷയ സേവന കേന്ദ്രങ്ങളിൽ ഒന്നായ മുട്ടട ടെക്നിക്കൽ സ്ക്കൂൾ സെന്റർ മുട്ടട ടെക്നിക്കൽ സ്ക്കൂൾ കോമ്പൗണ്ടിൽ ഉള്ളതും നിലവിൽ പ്രവർത്തനം നിർത്തിയതുമായ മുട്ടട എൽ.പി.എസ് പ്രവർത്തിച്ചിരുന്ന കെട്ടിടത്തിലാണ് പ്രവർത്തന |

| | | | | |
|---|---|---|---|---|
| | | | നിക്ഷിപ്തമായിരിക്കണം എന്ന വ്യവസ്ഥയോടെയാണ് ഡി.പി.സി ഈ പ്രോജക്ടിന് അംഗീകാരം നല്കിയത്. ഡി.പി.സി അംഗീകാരം ലഭിച്ച പദ്ധതിയിൽ കംപ്യൂട്ടറുകൾ സോഫ്റ്റ് വേർ എന്നീവ കെൽട്രോണിൽ നിന്നും നേരിട്ട് വാങ്ങണമെന്നാണ് വ്യവസ്ഥ ചെയ്തിരുന്നത്. എന്നാൽ ഇതിനു വിരുദ്ധമായി വിവിധ സ്ഥാപനങ്ങളിൽ നിന്നും കംപ്യൂട്ടർ അസംബിൾ ചെയ്യുകയാണ് ചെയ്തത്. ഇത് അധിക ചെലവ് ഉണ്ടാകാൻ ഇടയായിട്ടുണ്ട്. വികസന ഫണ്ടിൽ നിന്നും 2009-2010 വരെ ഉപകരണങ്ങൾ വാങ്ങുന്നതിനായി ചെലവഴിച്ച 59,81,714/- രൂപയിൽ കംപ്യൂട്ടർ അസംബിൾ ചെയ്തതിന് ചെലവാക്കിയ 1,62,000/- രൂപ ഓഡിററിൽ തടസ്സപ്പെടുത്തുന്നു.<br><br>തിരഞ്ഞെടുത്ത 12 സെൻററുകളിലും 31 സബ് സെൻററുകളിലും സ്ഥാപിക്കാനായി 2007-2008, 2008-2009, 2009-2010 വർഷങ്ങളിലായി 59,81,174/- രൂപ ചെലവഴിച്ച് കംപ്യൂട്ടറും മറ്റ് അനുബന്ധ ഉപകരണങ്ങളും വാങ്ങിയെങ്കിലും 4 സെന്ററുകൾ മാത്രമാണ് പ്രവർത്തിക്കുന്നത്. മറ്റുള്ള കേന്ദ്രങ്ങളിലേയ്ക്ക് വാങ്ങിയ നാല്പതു ലക്ഷം രൂപയുടെ ഉപകരണങ്ങൾ വിവിധ സെന്ററുകകളിലും ഓഫീസുകളിലുമായി 3 വർഷങ്ങളിലായി ഉപയോഗിക്കാതെ സൂക്ഷിച്ചിരുക്കുകയാണ്. ഇവ വിവിധ സെന്ററുകളിലേയ്ക്ക് ഇഷ്യു ചെയ്ത വിവിരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായ മുന്നൊരുക്കങ്ങളും പശ്ചാത്തല സൗകര്യമൊരുക്കലും ഇല്ലാതെ ഉപകരണങ്ങൾ വാങ്ങിയതാണ് ഇത്തരമൊരവസ്ഥയ്ക്ക് കാരണമായത്. പല ഉപകരണങ്ങളുടേയും ഗ്യാരണ്ടി കാലാവധി ഒരു വർഷം , രണ്ട് | സജ്ജമാക്കിയിട്ടുള്ളത്. ടി എൽ.പി.എസ് കെട്ടിടത്തിന്റെ ഒരുഭാഗത്ത് അംഗനവാടിയും മറ്റൊരു മുറിയിൽ തുടർ സാക്ഷരത കേന്ദ്രവും നിലവിൽ പ്രവർത്തിക്കുന്നുണ്ട്. അതോടൊപ്പം അക്ഷയ സെന്ററും അവിടെ തന്നെ പ്രവർത്തിപ്പിക്കാൻ കഴിയുന്നതാണ്. ടെക്നിക്കൽ സ്ക്കൂൾ കെട്ടിടത്തിലല്ല അക്ഷയ സെന്ററിനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുള്ളത്. എന്നതിനാൽ ഹ്യൂമൺ റിസോഴ്സ് ഡയറക്ടറുടെ തടസ്സവാദം നിലനിൽക്കുന്നതല്ല. അവിടെ അക്ഷയ സെന്റർ പ്രവർത്തിപ്പിക്കാൻ കഴിയുമെന്നതിനാൽ ഇലക്ട്രിഫിക്കേഷനായി ചെലവഴിച്ച 19,950/- രൂപ പാഴ്ചെല വായി കണക്കാക്കാൻ കഴിയുകയില്ല. നഗരസഭയുടെ കീഴിൽ 12 അക്ഷയ സെന്ററുകൾ തുടങ്ങുന്നതി നായി വാങ്ങിയ കമ്പ്യൂട്ടറുകൾ, മറ്റ് അനുബന്ധ ഉപകരണങ്ങൾ എന്നിവ നഗരസഭയുടെ തന്നെ വിവധ വകുപ്പുകൾ സോണലാഫീസുകൾ എന്നിവിടങ്ങളിൽ സൂക്ഷിച്ചിട്ടുണ്ട്. അവയിൽ ചിലത് ടി |

| | | | | |
|---|---|---|---|---|
| | | | വർഷം എന്നിങ്ങനെയാണ് കമ്പനിയുടെ ബ്രോഷറുകളിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഇവ ഇനി പ്രവർത്തനക്ഷമമാകുമോ എന്ന് വ്യക്തമല്ല. വാറൻറി പിരീഡ് കഴിഞ്ഞതിനാൽ റിപ്പയറിംഗിനും മറ്റു നഗരസഭ പണം ചെലവഴിക്കേണ്ടതായി വരും..<br><br>തെരഞ്ഞെടുത്ത 12 അക്ഷയ സെൻററുകളിൽ ഒന്നായ മുട്ടട ടെക്നിക്കൽ സ്കൂളിൽ അക്ഷയ സെൻറർ പ്രവർത്തന സജ്ജമാക്കുന്നകിന് മുന്നോടിയായി ഇലക്ട്രിഫിക്കേഷൻ പ്രവർത്തികൾക്ക് 19,950/- രൂപ ചെലവഴിച്ചു. എന്നാൽ ഇതിനായി സ്കൂൾ അധികാരികളിൽ നിന്നും അനുമതി നേടിയിരുന്നില്ല. അക്ഷയ സെൻറർ പബ്ലിക് സെക്ടർ ആയതിനാൽ മുട്ടട സ്കൂളിൽ നിന്നും മാറ്റി പുതിയ സ്ഥലം കണ്ടെത്താൻ വനിതാ ശിശുക്ഷേമ വർക്കിംഗ് ഗ്രൂപ്പിനോട് 9/2010 ൽ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിനാൽ മുട്ടട സ്കൂളിൽ ഇലക്ട്രിഫിക്കഷനായി ചെലവഴിച്ച 19,950/- രൂപ ശ്രീ. ശൈലേന്ദ്രപ്രസാദ്, പ്രോജക്ട് ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.<br><br>ബഹുമാനപ്പെട്ട ഓംബഡ്സ്മാനിൽ കേസ്സ് രജിസ്റ്റർ ചെയ്യപ്പെട്ടതിനെ തുടർന്ന് നഗരസഭ സെക്രട്ടറിയുടെ നിർദ്ദേശപ്രകാരം 09-11-2010 ൽ കംപ്യൂട്ടറിൻെറയും അനുബന്ധ ഉപകരണങ്ങളുടേയും സ്റ്റോക്ക് പരിശോധന നടത്തിയപ്പോൾ 8,12,585/- രൂപ വില വരുന്ന വിവിധ ഉപകരണങ്ങൾ കുറവുള്ളതായി കണ്ടെത്തി. നഷ്ടപ്പെട്ട ഉപകരണങ്ങളുടെ വിലയായ 8,12,585/- രൂപ നഗരസഭ സെക്രട്ടറിയായ ശ്രീ. | ഓഫീസുകളിൽ ഉപയോഗിക്കുന്നതിനായി എടുത്തിട്ടുണ്ട്. സ്ഥല സൗകര്യം ലഭ്യമല്ലാത്തതിനാലും മറ്റ് സാങ്കേതിക കാരണങ്ങളാലും അക്ഷയ സെൻ്ററുകൾ എല്ലാം തുടങ്ങിയില്ല. 14.10.2010 ൽ സ്റ്റോക്ക് എടുത്തപ്പോൾ വിവിധ സെക്ഷനുകളിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളുടേയും കംപ്യൂട്ടറുകളുടേയും സ്റ്റോക്ക് എടുത്തിരുന്നില്ല. . അക്ഷയ സെൻ്റുകളിൽ മാത്രമേ കണക്ക് എടുത്തിരുന്നുള്ളൂ. ആയതിനാലാണ് കംപ്യൂട്ടർ ഉപകരണങ്ങളുടെ എണ്ണത്തിൽ കുറവ് വന്നത്. പരിശോധനയിൽ കുറവ് വന്നതായി പറയുന്ന ഉപകരണങ്ങൾ വിവിധ അക്ഷയ സെൻ്ററുകളിലും കമ്പ്യൂട്ടർ ട്രെയിനിംഗ് സെൻ്ററിലും നഗരസഭാ ഓഫീസിലും ഉപയോഗത്തിലുള്ളതായി പരിശോധനയിൽ വ്യക്തമായതായി നഗരകാര്യ ഡയറക്ടർ സർക്കാരിൽ അറിയിച്ചിട്ടുണ്ട്.<br><br>മേൽ വിഷയം സർക്കാർ വിശദമായി |

| | | | | |
|---|---|---|---|---|
| | | | ജോൺസൺ കെ. ജോർജ്ജിൽ നിന്നും ഈടാക്കേണ്ടതാണ്.<br><br>12 സെൻററുകളിൽ നിന്നുമായി കംപ്യൂട്ടർ പരിശീലനം നല്കുന്ന വകയിൽ 50,00,000/- രൂപയും പ്രസിദ്ധീകരണങ്ങളിൽ നിന്നും 1,20,000/- രൂപയും മറ്റിനങ്ങളിൽ നിന്നും 40,000/- രൂപയും ഉൾപ്പെടെ 51,60,000/- രൂപയാണ് വർഷിക പ്രതീക്ഷിത വരവായി പ്രോജക്ട് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ഈ ഇനത്തിൽ നാളിതുവരെ നഗരസഭയിലേയ്ക്ക് തുകയൊന്നും വരവില്ല. സെൻറുകളുടേയും പ്രവർത്തനം തുടങ്ങിയതുമായി ബന്ധപ്പെട്ട രേഖഖളൊന്നും വരവില്ല. സെൻററുകളുടെ പ്രവർത്തനം തുങ്ങിയതുമായി ബന്ധപ്പെട്ട രേഖകളൊന്നും ഫയലിലില്ല. ഗ്രൂപ്പ് സംരഭം എന്ന നിലയിൽ ബി.പി.എൽ വനിതകളുടെ സ്വയംസഹായ സംഘങ്ങൾക്കായിരിക്കും പ്രവർത്തന ചുമതല എന്ന് പ്രോജക്ടിൽ നിർദ്ദേശിച്ചിരുന്നെങ്കിലും ഇത്തരത്തിലുള്ള സംഘങ്ങൾ രൂപീകരിച്ചതായി കാണുന്നില്ല. പ്രസ്തുത ഓഡിറ്റ് പരാമർശം സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അയച്ച 08.05.2012 ലെ എൽ.എഫ് സി.എ 7/286/12-ാം നമ്പർ കത്തിന് നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയിട്ടില്ല.<br><br>ഉത്തരവാദികളായ ഉദ്യോഗസ്ഥർ<br><br>1. ശ്രീ. ജോൺസൺ കെ.ജോർജ്ജ് IAS, സെക്രട്ടറി | പരിശോധിക്കുന്നതും പ്രത്യേക അന്വേഷണം നടത്തി സ്റ്റോക്ക് റിപ്പോർട്ടിൻെറ ആധികാരികത ബഹുമാനപ്പെട്ട നിയമസഭാ സമിതിയ്ക്ക് സമർപ്പിക്കുന്നതുമാണ്. |

| | | | | |
|---|---|---|---|---|
| | | | കല്ലുപുരത്ത് വീട്, വി.എസ്.എൻ .എൽ റോഡ്<br><br>കാക്കനാട് കൊച്ചി.പി.ഒ<br><br>2. ശ്രീ ശൈലേന്ദ്ര പ്രസാദ്, പ്രോജക്റ്റ് ഓഫീസർ<br><br>മാലതി സദനം, വെണ്ണിയൂർ, വെങ്ങാനൂർ,തിരുവനന്തപുരം | |
| 4 | 4.4 | തിരുവനന്തപുരം നഗരസഭ | **നഗരസഭയുടെ അലംഭാവം - വിളപ്പിൽശാലയിൽ ശുദ്ധജല പദ്ധതി നടപ്പായില്ല വർഷം - 2010-11, ഖണ്ഡിക (3-6)**<br>**പദ്ധതി നടത്തിപ്പിന് നഗരസഭ നല്കിയ 2 കോടി രൂപ കേരളാ വാട്ടർ അതോറിറ്റിയുടെ പക്കൽ നിൽക്കുന്നു- ആവശ്യമായ തുക ലഭ്യമായിരുന്നിട്ടും വാട്ടർ അതോറിറ്റി നല്കിയ പുതുക്കിയ നിരക്കുകൾ അംഗീകരിച്ച് യഥാസമയം അനുവദിച്ചു നല്കുന്നതിൽ നഗരസഭ കാലതാമസം വരുത്തി- നഗരസഭയുടേയും കേരളാ വാട്ടർ അതോറിറ്റിയുടേയും തികഞ്ഞ ഉദാസീനത പദ്ധതി നിർവ്വഹണത്തിനു വേണ്ട നിർണ്ണായകമായ ഒരു കാലയളവ് നഷ്ടമാക്കി.**<br><br>വിളപ്പിൽ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന നഗരസഭയുടെ ഖരമാലിന്യ സംസ്കരണ പ്ലാൻറിൽ നിന്നുള്ള ലീച്ചേറ്റ് (വിഷലിപ്തമായ മലിന ജലം) കാരണം പ്രദേശത്തെ ജലസ്രോതസ്സുകൾ മലിനമായതിനെ തുടർന്ന് നഗരസഭ ഈ പ്രദേശത്തെ നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ | 16/09/2010-ൽ ചെക്ക് നമ്പർ 0088239 തീയതി 11/09/2010 "2" പ്രകാരം 2,00,00,000/- രണ്ട് കോടി) രൂപയും 17/03/2012-ൽ ഡി.ഡി. നമ്പർ 25700 തീയതി 14/03/2012 പ്രകാരം 1,00,00,000/-(ഒരു കോടി) രൂപയും വിളപ്പിൽശാല പ്ലാന്റിന്റെ സമീപ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. ഇതിനോടനുബന്ധിച്ച് പൈപ്പ് ലൈനിന്റെ പണികളും നെടുങ്കുഴിയിലും പരുത്തൻ പാറയിലും ടാങ്കുകളും വിതരണ ശൃംഖലയും സ്ഥാപിച്ച് ടി പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കാൻ കഴിഞ്ഞു. നിലവിലുള്ള വിളപ്പിൽ പ്ലാന്റിന്റെ പമ്പിംഗ് മെയിനും അനുബന്ധ പമ്പുകളും മാറ്റി സ്ഥാപിച്ച് പ്ലാന്റ് നൂറ് ശതമാനം പ്രവർത്തനക്ഷമത കൈവരിക്കുകയും ചെയ്തു. |

<table>
<tr>
<td></td>
<td></td>
<td></td>
<td>വിപുലീകരണത്തിനും നവീകരണത്തിനുമായി കേരളാ വാട്ടർ അതോറിറ്റിയെ നിർവ്വഹണ ഏജൻസിയാക്കി 2 കോടി രൂപയുടെ പദ്ധതി ആവിഷ്കരിച്ചു. 2 കോടി രൂപ നഗരസഭ 11.09.2020 ന് വാട്ടർ അതോറിറ്റിയ്ക്ക് നല്കിയതല്ലാതെ തുടർ നടപടികളൊന്നും സ്വീകരിച്ചില്ല.<br><br>ഷെഡ്യൂൾ ഓഫ് റേറ്റ്സിലെ വർദ്ധവിനെ തുടർന്ന് കേരളാ വാട്ടർ അതോറിറ്റി 28.12.2010-ൽ 2,76,10,000/- രൂപയുടെയും 28.06.11 ൽ 3,00,00,000/- രൂപയുടെയും റിവൈസ്ഡ് എസ്റ്റിമേറ്റുകൾ തയ്യാറാക്കി സമർപ്പിക്കുകയും യഥാക്രമം 76,10,000/- രൂപയും 1,00,00,000 രൂപയും അധികമായി ആവശ്യപ്പെടുകയും ചെയ്തു. സത്വര നടപടികൾ സ്വീകരിച്ച് പ്രസ്തുത തുക അനുവദിക്കുന്നതിന് പകരം മാസങ്ങൾ കഴിഞ്ഞ് യഥാക്രമം 22.02.2011, 25.01.2012 തീയതികളിലാണ് വാട്ടർ അതോറിറ്റിക്ക് അധിക തുകകൾ നല്കാൻ നഗരസഭ തീരുമാനമെടുത്തത്.<br><br>നഗരസഭയും കേരളാ വാട്ടർ അതോറിറ്റിയും തമ്മിൽ ഒപ്പിട്ട കരാർ പ്രകാരം പ്രവർത്തി 11/2010 ൽ ആരംഭിച്ച് 11/2011 ൽ പൂർത്തിയാക്കേണ്ടതായിരുന്നു. എന്നാൽ കരാർ പ്രകാരം പൂർത്തിയാകേണ്ടിയിരുന്ന തീയതിയ്ക്ക് രണ്ടു മാസം മുൻപ് മാത്രമണ് വാട്ടർ അതോറിറ്റി പ്രവർത്തി ആരംഭിച്ചത്.<br><br>വിളപ്പിൽ ശാലയിലെ ഖരമാലിന്യ പ്ലാൻറിലെ പ്രവർത്തനങ്ങൾക്ക് തീരപഥം അർബൻ ഡെവലപ്മെന്റ് പദ്ധതിയിലുൾപ്പെടുത്തി സർക്കാർ നല്കിയ “2” കോടി രൂപ</td>
<td>ടി പദ്ധതി പൂർത്തീകരിച്ചതു കാരണം വിളപ്പിൽശാലയിൽ ജലവിതരണം കാര്യക്ഷമമാക്കാൻ കഴിഞ്ഞു. 2012 ജൂൺ മാസം പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ഇതുവരെ ചെയ്ത പ്രവൃത്തികളും അവയുടെ ചെലവും താഴെപ്പറയുന്ന പ്രകാരം നാളിതുവരെ 2,75,93,069/- (രണ്ട് കോടി എഴുപത്തഞ്ച് ലക്ഷത്തി തൊണ്ണൂറ്റി മൂവായിരത്തി അറുപത്തിയൊൻപത് രൂപ മാത്രം) രൂപ ടി പ്രവൃത്തികൾക്ക് വേണ്ടി ചെലവായി. ഓരോ പ്രവൃത്തികൾക്കും ചെലവായ തുക താഴെ പറയും പ്രകാരമാണ് :
<table>
<tr><td>1.</td><td>പൈപ്പ് ലൈനും ടാങ്കും പണി കഴിപ്പിച്ചത്</td><td>1,93,19,362</td></tr>
<tr><td>2.</td><td>നിലവിലുള്ള കിണർ വൃത്തിയാക്കിയതും പമ്പ് ഹൗസ് പെയിന്റിംഗും</td><td>1,36,545</td></tr>
<tr><td>3.</td><td>പാനൽ ബോർഡ് റും സ്ഥാപിച്ചത്</td><td>1,89,618</td></tr>
<tr><td>4.</td><td>30 HP VT 30 HPCF, 10 HP, 5 HP എന്നീ പമ്പ് സ്ഥാപിച്ചത്</td><td>41,97,544</td></tr>
<tr><td colspan="2">ആകെ</td><td>2,38,43,069</td></tr>
<tr><td colspan="2">3 കോടി രൂപയുടെ സെന്റേജ് ചാർജ്ജ് 12.5%</td><td>37,50,0000</td></tr>
</table>
</td>
</tr>
</table>

<table>
<tr>
<td></td>
<td></td>
<td></td>
<td>18.01.2006 മുതൽ നഗരസഭയുടെ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുകയാണ്. വിളപ്പിൽ ശാലയിലെ കുടിവെള്ള സ്രോതസ്സുകൾ മലിനമാക്കാതെ സംരക്ഷിക്കണമെന്ന സംസ്ഥാന മനുഷ്യാവകാശ കമ്മീഷന്റെ 06.05.2005 ലെ ഉത്തരവിനെ തുടർന്ന് നഗരസഭ സത്വര നടപടികൾ സ്വീകരിച്ച് പദ്ധതികൾ ആവിഷ്കരിച്ചിരുന്നുവെങ്കിൽ തീരപഥം പദ്ധതി പ്രകാരം അനുവദിച്ച 2 കോടി രൂപ കൊണ്ടു തന്നെ ജലസേചന പദ്ധതി പൂർത്തിയാക്കാമായിരുന്നു. തുക നഗരസഭയുടെ അക്കൗണ്ടിലുള്ളതിനാൽ 28.12.2010 ലും 28.06.2011 ലും വാട്ടർ അതോറിറ്റി തുക (യഥാക്രമം 76,10,000/- രൂപയും 1,00,00,000/- രൂപയും) ആവശ്യപ്പെട്ടപ്പോൾ തന്നെ നഗരസഭയ്ക്ക് നല്കുവാനും അതുവഴി പദ്ധതി പൂർത്തികരിക്കാനും കഴിയുമായിരുന്നു. തുക കൈമാറുന്നതിലും പ്രവർത്തിയുടെ പുരോഗതി മോണിട്ടർ ചെയ്യുന്നതിലും തികഞ്ഞ ഉദാസീനതയാണ് നഗരസഭയുടെ ഭാഗത്തുനിന്നുണ്ടായത്. അതു കാരണം നഗരസഭയുടെ 2 കോടി രൂപ 11.09.2010 മുതൽ നിഷ്ക്രിയ ആസ്തിയായി കേരള വാട്ടർ അതോറിറ്റിയുടെ കൈവശത്തിലാണ്.<br><br>വിളപ്പിൽശാല പ്ലാന്റിനു സമീപത്തെ ജനങ്ങളുടെ കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നതുൾപ്പെടെയുള്ള മാലിന്യ പ്രശ്നങ്ങൾ കാരണം വിളപ്പിൽ ഗ്രാമപഞ്ചായത്ത് നഗരസഭയുടെ പ്ലാന്റിന് 2011 ഡിസംബറിൽ തുടർ അനുമതി നിഷേധിച്ചു. ഇത് നഗരസഭ പ്രദേശത്തെ മാലിന്യ നീക്കം സ്തംഭിക്കുന്നതിനും പകർച്ച വ്യാധികൾ പടർന്നു പിടിയ്ക്കുന്ന സാഹചര്യം ഉണ്ടാകുന്നതിനും കാരണമായി. ഈ വിഷയം ഇപ്പോൾ</td>
<td><table><tr><td>ആകെ ചെലവ്</td><td>2,75,93,069</td></tr><tr><td>ബാക്കി</td><td>24,06,93</td></tr></table><br>മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ നിയമസഭാ സമിതിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.</td>
</tr>
</table>

| | | | | |
|---|---|---|---|---|
| | | | ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ പരിഗണനയിലാണ്.<br><br>പ്രസ്തുത കുടിവെള്ള പദ്ധതി സമയബന്ധിതമായി പൂർത്തിയാകക്കിയിരുന്നുവെങ്കിൽ വിളപ്പിൽ ശാലയിലെ കുടിവെള്ള സ്രോതസ്സുകൾ മലിനമാകുന്നതുൾപ്പെടെയുള്ള പ്രശ്നങ്ങൾ രൂക്ഷമായി പ്ലാൻറ് അടച്ചുപൂട്ടുന്ന അവസ്ഥ ഒരു പക്ഷേ ഒഴിവാക്കാമായിരുന്നു. നഗരസഭയിലെ ഉദ്യോഗസ്ഥരുടേയും ജനപ്രതിനിധികളുടേയും കേരളാ വാട്ടർ അതോറിററിയുടേയും തികഞ്ഞ ഉദാസീനത കാരണം പൊതുജനങ്ങൾക്ക് ഉപകാരപ്രദമാകുമായിരുന്ന ഒരു പദ്ധതിയുടെ നിർവ്വഹണത്തിനു വേണ്ട നിർണ്ണായകമായ ഒരു കാലയളവ് നഷ്ടമായി. 2 കോടി രൂപ വാട്ടർ അതോറിറ്റിയ്ക്കു നല്കിയ ശേഷം പദ്ധതിയുടെ നടത്തിപ്പിനായി തുടർ നിർദ്ദേശങ്ങൾ നല്കാതിരുന്ന നഗരസഭയും പദ്ധതിയുടെ നിർവ്വഹണത്തിനായി യാതൊരു നടപടിയും സ്വീകരിക്കാതിരുന്ന വാട്ടർ അതോറിറ്റിയും ഇതിന് ഒരുപോലെ ഉത്തരവാദികളാണ്.<br><br>നഗരസഭ വാട്ടർ അതോറിറ്റിയ്ക്ക് 2 കോടി രൂപ അനുവദിച്ചത് 13.09.2010-നാണെന്നും പ്രവർത്തി ആരംഭിക്കുന്നതിന് മുന്നോടിയായി നിയമാനുസരണം വിവിധ ഘട്ടങ്ങളിലായി പൂർത്തികരിക്കേണ്ട നടപടികൾ 01.08.2011 ന് പൂർത്തിയാക്കിയതായും 27.09.2011 ൽ പ്രവർത്തി ആരംഭിച്ചതായും 07.06.2011 നും 04.01.2011 നും പ്രവർത്തി നിർവ്വഹണത്തിലെ പുരോഗതി അവലോകനം ചെയ്തിരുന്നതായും കോർപ്പറേഷൻ | |

| | | | | |
|---|---|---|---|---|
| | | | എൻജിനീയർ മറുപടി നല്കിയിട്ടുണ്ട്.<br><br>എന്നാൽ 08.01.2006 മുതൽ നഗരസഭാ അക്കൗണ്ടിൽ തുകയുണ്ടായിട്ടും ശുദ്ധജല വിതരണ പദ്ധതി നാളിതുവരെ പൂർത്തിയായില്ല എന്നത് ഗൗരവമർഹിക്കുന്നു.<br><br>പ്രസ്തുത പരാമർശം സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം അറിയിച്ചുകൊണ്ട് തിരുവനന്തപുരം നഗരസഭ ലോക്കൽ ഫണ്ട് ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ അയച്ച 08.05.2012 ലെ എൽ.എഫ് .സി.എ 7/286/12–ാം കത്തിന് നഗരസഭ മറുപടിയൊന്നും ലഭ്യമാക്കിയില്ല.<br><br>ഉത്തരവാദിത്വം:-നഗരസഭ കൗൺസിലംഗങ്ങൾ | |
| 5 | 4.10 | **ആലപ്പുഴ നഗരസഭ** | **പരസ്യ നികുതി പിരിവിൽ ക്രമക്കേട് - നഗരസഭയ്ക്ക് 1.45 ലക്ഷം രൂപ നഷ്ടം 2008-09 ( ഖണ്ഡിക 2-7)-പരസ്യ നികുതി ലേലത്തിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ മൂലം ആലപ്പുഴ നഗരസഭയ്ക്ക് 1,45,414/രൂപ നഷ്ടം.**<br><br>ആലപ്പുഴ നഗരസഭയിലെ 2008-09 വർഷത്തെ പരസ്യ നികുതി പിരിക്കുന്നതിനുള്ള കുത്തകാവകാശം 18/07/2008 ലെ 10–ാം | 2008-2009 വർഷത്തെ പരസ്യനികുതി പിരിക്കാനുള്ള കുത്തകാവകാശം ശ്രീ:പി.റ്റി.രഘുവരൻ എന്നയാളുടെ 2,25000/- രൂപയുടെ ഓഫർ 18/7/2008-ലെ 10–ാം നമ്പർ കൗൺസിൽ തീരുമാനപ്രകാരം അംഗീകരിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 5/8/2008-ൽ 50,000/-രൂപയും |

| | | | | |
|---|---|---|---|---|
| | | | നമ്പർ കൗൺസിൽ തീരുമാന പ്രകാരം 2,22,500/- രൂപയ്ക്ക് ശ്രീ. പി.റ്റി രഘുവരൻ, തറയിൽ, പാതിരാപ്പള്ളി പി.ഒ ആലപ്പുഴ എന്ന വ്യക്തിയ്ക്ക് ലേലം ചെയ്ത് നല്കി. 2008 -09 വർഷം നഗരസഭ നേരിട്ട് പിരിച്ച തുകയായ 6,086/- രൂപ ലേലത്തുകയിൽ നിന്ന് കുറവ് ചെയ്ത് 2,16,414/- രൂപ 7 ദിവസത്തിനകം ഒടുക്കുവാനും 50/-രൂപ മുദ്രപ്പത്രത്തിൽ കരാർ വെയ്ക്കുവാനും നിർദ്ദേശിച്ചുകൊണ്ട് 30.07.2008 ൽ നഗരസഭ സെക്രട്ടറി ശ്രീ. രഘുവരന് കത്ത് നല്കിയിട്ടുണ്ട്.(നം.റ്റി 9/12513/2008/). മൂന്നിലൊന്നു തുക ഉടനെ അടയ്ക്കുന്നതിന് ബാക്കി തുക ഗഡുക്കളായി അടയ്ക്കുവാൻ അനുവദിക്കണമെന്നുള്ള ശ്രീ.രഘുവരന്റെ അപേക്ഷയിൻമേൽ മൂന്നിലൊന്ന് തുക ഉടനെ അടയ്ക്കുന്നതിനും ബാക്കി തുക 7 ദിവസത്തിനുള്ളിൽ ഒടുക്കുവാനും സെക്രട്ടറി നിർദ്ദേശം നല്കുകയുണ്ടായി. എന്നാൽ മേൽ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ രസീത് നമ്പർ 63/103928/05.08.2008 പ്രകാരം 50,000/- രൂപയും 49/103928/06.08.2008 പ്രകാരം 21000/-രൂപയും ചേർത്ത് ആകെ 71,000/-രൂപ മാത്രമേ നഗരസഭയിൽ ഒടുക്കു വരുത്തിയിട്ടുള്ളൂ. 11.08.2008 ലെ റ്റി 9/12513/08 നമ്പർ ഉത്തരവ് പ്രകാരം സെക്രട്ടറി പരസ്യ നികുതി പിരിക്കുന്നതിനുള്ള അവകാശം ശ്രീ.രഘുവരനു നല്കുകയും ലേല നിബന്ധന അനുസരിച്ച് 1 മുതൽ 100 വരെയുള്ള രസീതുകൾ ഉൾപ്പെടുന്ന ഒരു രസീതു ബുക്ക് ശ്രീ.രഘുവരന് സീൽ ചെയ്ത് നല്കുകയും ചെയ്തതായി ഓഡിറ്റിന് ലഭ്യമാക്കിയ ഫയലിൽ രേഖപ്പെടുത്തി കാണുന്നു. തുടർന്ന് ലേല നിബന്ധനകൾ പ്രാകരമുള്ള നിശ്ചിത കാലയളവിൽ തുക പൂർണ്ണമായും ഒടുക്കു വരുത്താതെ | 6/8/2008-ൽ 21,000/- രൂപയും അടയ്ക്കുകയുണ്ടായി. തുടർന്ന് 20/8/2008-ൽ ജില്ലാ കളക്ടർ ആലപ്പുഴ നഗരസഭാ പരിധിയിൽ പരസ്യം പതിയ്ക്കരുത് എന്ന പത്രവാർത്ത ഉണ്ടായതിനാൽ നികുതി പിരിക്കാൻ സാധിക്കുന്നില്ല എന്ന് അറിയിക്കുകയും തുടർന്ന് നികുതി പിരിവ് കത്തകയിൽ നിന്നും ഒഴിവാക്കണമെന്ന് ടിയാൻ അപേക്ഷിച്ചിട്ടുള്ളതുമാണ്. എന്നാൽ പരസ്യ നികുതി ഇനത്തിൽ നഗരസഭയ്ക്ക് നഷ്ടം ഉണ്ടായിട്ടുള്ളതായും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുന്നതിന് ലോക്കൽ ഫണ്ട് ഓഡിറ്റ് കാര്യാലയത്തിൽ നിന്നും ഉത്തരവാദികളായ ഉദ്യോഗസ്ഥർക്ക് സർചാർജ്ജ് നോട്ടീസ് നൽകിയിട്ടുള്ളതാണ്. ആയതിൻമേൽ അവർ നൽകിയിട്ടുള്ള വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ 28/10/2021-ലെ LF/14089/SP.cell/CSC/A1/2013 ഉത്തരവ് പ്രകാരം ടിയാളുകളുടെ സർചാർജ്ജ് ഒഴിവാക്കിയതായും ലോക്കൽ ഫണ്ട് ഡയറക്ടർ അറിയിച്ചതായി നഗരസഭ റിപ്പോർട്ട് ചെയ്യുന്നു. പരസ്യ നികുതിയുടെ അവകാശം ഏറ്റെടുത്ത ശ്രീ രഘുവരൻ എന്ന വ്യക്തി മരണപ്പെട്ടതായുള്ള വിവരവും നഗരസഭ അറിയിച്ചിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | കത്തകാവകാശത്തിൽ നിന്ന് തന്നെ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ.രഘുവരൻ 15.10.2008 ൽ സെക്രട്ടറിക്ക് അപേക്ഷ നല്കി. ശ്രീ. രഘുവരൻ സമർപ്പിച്ച അപേക്ഷ പരിഗണിക്കുന്നതിനുവേണ്ടി ബഹുമാനപ്പെട്ട ചെയർമാന് സമർപ്പിക്കുവാൻ 15.10.2008-ൽ സെക്രട്ടറി ഉത്തരവിട്ടെങ്കിലും സെക്ഷൻ ക്ലാർക്കായ ശ്രീ. തോമസ് അപേക്ഷ കൈപ്പറ്റി ഫയലിൽ ചേർത്തതല്ലാതെ തുടർനടപടികൾ സ്വീകരിച്ചില്ല. പ്രസ്തുത അപേക്ഷ ചെയർമാൻെറ 16.02.2009 ലെ ഉത്തരവു പ്രകാരം കൗൺസിലിൻെറ പരിഗണനയ്ക്കായി സമർപ്പിച്ചുവെങ്കിലും തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല എന്നും ശ്രീ. രഘുവരൻ പരസ്യ നികുതിദായകരിൽ നിന്ന് തുടർന്നും നികുതി ഈടാക്കി വരുന്നുവെന്നും ഫയൽ പരിശോധനയിൽ നിന്ന് വ്യക്തമായി. സെക്രട്ടറി 1/2009 നമ്പരായി ശ്രീ.രഘുവരന് ഒരു ഡിസ്ട്രെയിന്റ് വാറൻറ് നഗരസഭ റവന്യൂ ഇൻസ്പെക്ടർ മുഖാന്തിരം പുറപ്പെടുവിച്ചെങ്കിലും ഇയാൾ നഗരസഭാ പരിധിയ്ക്ക് പുറത്താണ് താമസം എന്ന കാരണം പറഞ്ഞ് റവന്യൂ ഇൻസ്പെക്ടർ വാറൻറ് മടക്കി നല്കുകയാണ് ചെയ്തത്. തുടർന്ന് ശ്രീ. രഘുവരനിൽ നിന്ന് പരസ്യ നികുതി ഇനത്തിൽ നഗരസഭയ്ക്ക് ലഭിക്കേണ്ടിയിരുന്ന 1,45,414/-രൂപ(2,16,414/-71,000) പലിശ സഹിതം ഈടാക്കുന്നതിന് കേസ് ഫയൽ ചെയ്യുന്നതിന് (റ്റി 9/12513/68(എ)7-കത്ത് പ്രകാരം) അഡ്വ.എലിസബത്ത് ജോർജ്ജിനെ ചുമതലപ്പെടുത്തി.<br><br>**<u>പരിശോധനയിൽ കണ്ട അപാകതകൾ:-</u>** | |

| | | | | |
|---|---|---|---|---|
| | | | 1. ലേലത്തിൽ പങ്കെടുക്കുന്നവർ നിരതദ്രവ്യമായി 50,000/- രൂപ ഒടുക്കണമെന്ന ലേലവ്യവസ്ഥ പാലിച്ചിട്ടില്ല.<br><br>2. ലേലവ്യവസ്ഥകൾ പ്രകാരം 50,000/- രൂപയ്ക്ക് മുകളിൽ വരുന്ന തുകയ്ക്ക് 1,50,000/- രൂപയ്ക്കുള്ള സോൾവെന്സി സർട്ടിഫിക്കറ്റ് /ബാങ്ക് ഗ്യാരൻറി ഹാജരാക്കേണ്ടതാണ്. എന്നാൽ പരസ്യ നികുതി പിരിവ് അവകാശം ലേലം കൊണ്ട ശ്രീ.രഘുവരൻ സോൾവെൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.<br><br>3. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലത്തുകയുടെ മൂന്നിലൊന്ന ഭാഗം ഉടൻതന്നെ ഒടുക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ 30.07.2008 ന മുൻപ് നടന്ന (ലേലഡയറി ഹാജരാക്കാത്തതിനാൽ ലേലതീയതി വ്യക്തമല്ല) ലേലത്തിൻെറ തുക 05.08.2008 ,06.08.2008 എന്നീ തീയതികളിലാണ് ശ്രീ. രഘുവരൻ ഒടുക്കിയിരിക്കുന്നത്.<br><br>4. ലേലം സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ 3 ദിവസത്തിനകം മതിയായ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ഉടമ്പടി എഴുതി ഒപ്പ് വെച്ച് ഹാജരാക്കണമെന്ന വ്യവസ്ഥ പാലിച്ചില്ല. കരാർ ചമയ്ക്കാതെ ലേലക്കാരന് പരസ്യനികുതി പിരിയ്ക്കാനുള്ള അവകാശം നല്കിയത് ലേലവ്യവസ്ഥയ്ക്ക് വിരുദ്ധമാണ്. ഇത് സെക്ഷൻ ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ, റവന്യൂ ഓഫീസർ, സെക്രട്ടറി എന്നിവരുടെ ഭാഗത്തുള്ള ഗുരുതരമായ വീഴ്ചയാണ്.<br><br>5. ലേലം പിടിച്ചയാൾ ലേല സംഖ്യ മുഴുവൻ 2009 സെപ്തംബറിന | |

| | | | | |
|---|---|---|---|---|
| | | | മുൻപ് ഒടുക്കാതിരിക്കുകയോ, സോൾവെൾസി സർട്ടിഫിക്കറ്റ് ഹാജരാക്കാതിരിക്കുകയോ, കരാർ ഉടംബടി ഒപ്പ് വെച്ച് ഹാജരാക്കാതിരിക്കുകയോ ചെയ്താൽ നിരതദ്രവ്യം മുൻസിപ്പൽ ഫണ്ടിൽ മുതൽക്കൂട്ടുന്നതിന് വ്യവസ്ഥയുണ്ടായിരിക്കേ തുടർ നടപടി ഒന്നും സ്വീകരിക്കാതെ രസീതു ബുക്ക് സീൽ ചെയ്ത് പരസ്യ നികുതി പിരിവിനായി കൊടുത്തത് ഉദ്യോഗസ്ഥരുടെ വീഴ്ചയാണ്.<br><br>5. കളക്ടർ പരസ്യം പ്രദർശിപ്പിക്കുന്നതിന് നിരോധിച്ചിട്ടുണ്ടെന്നും ആയതിനാൽ വരുമാനം കുറവാണെന്നും കുത്തകാവകാശത്തിൽ നിന്നും ഒഴിവാക്കണമെന്നും ലേലക്കാരൻ ആവശ്യപ്പെട്ടപ്പോൾ അതിൻെറ യാഥാർത്ഥ്യം മനസ്സിലാക്കുവാൻ നഗരസഭ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. 31.03.2009 ലും ശ്രീ. രഘുവരൻ പരസ്യ നികുതി പിരിവ് നടത്തുന്നുണ്ടെന്ന് സെക്ഷൻ ക്ലാർക്ക് തന്നെ ഫയലിൽ രേഖപ്പെടുത്തിയതിൻെറ നിജസ്ഥിതി പരിശോധിക്കാനും നഗരസഭ നടപടിയൊന്നും സ്വീകരിച്ചിട്ടില്ലായെന്നത് ഗുരുതരമായ വീഴ്ചയാണ്.<br><br>7 പരസ്യനികുതി പിരിവിൻെറ കുത്തകാവകാശത്തിൽ നിന്ന് ഒഴിവാക്കണമെന്ന് ആവശ്യപ്പെട്ട ലേലക്കാരനിൽ നിന്നും അധികാരപത്രം, രസീതു ബുക്കുകൾ എന്നീവ തിരികെ വാങ്ങുവാൻ നഗരസഭ അധികൃതർ നടപടി സ്വീകരിച്ചിട്ടില്ല.<br><br>മേൽ അപാകങ്ങളുടെ വെളിച്ചത്തിൽ നഗരസഭയ്ക്ക് നഷ്ടമായ 1,45,414/- രൂപയും പിഴപ്പലിശയും ഉത്തരവാദികളായ സെക്ഷൻ ക്ലാർക്ക്, റവന്യൂ ഇൻസ്പെക്ടർ,റവന്യൂ സുപ്രണ്ട് സെക്രട്ടറി | |

| | | | | |
|---|---|---|---|---|
| | | | എന്നിവരിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.<br><br>ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്നതായും നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ടും 28.05.2012 ൽ ആലപ്പുഴ മുനിസിപ്പൽ ലോക്കൽ ഫണ്ട് ഓഡിറ്റ് ഡെപ്യൂട്ടി ഡയറക്ടർ നല്കിയ എൽ.എഫ് എ(എം.1) 173/12-ാം നമ്പർ കത്തിന് നഗരസഭ മറുപടി ലഭ്യമാക്കിയിട്ടില്ല.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥരുടെ പേരും മേൽവിലാസവും:-<br><br>1. ശ്രീ. റ്റി. സന്തോഷ്, സെക്രട്ടറി, അഴകത്ത്, തെക്കേവിള, കൊല്ലം 691016<br><br>2. ശ്രീമതി. അനിലകുമാരി, റവന്യൂ സുപ്രണ്ട്, അമ്പാടി, എസ്,എൻ പുരം പി.ഒ, തിരുവിഴ ചേർത്തല<br><br>3. ശ്രീമതി നബീസാ ബി.വി റവന്യൂ സുപ്രണ്ട് സുമയ്യാസ്.<br><br>വെള്ളക്കിണർ,ആലപ്പുഴ<br><br>4. ശ്രീ. ആർ.ഷാജി, റവന്യൂ ഇൻസ്പെക്ടർ ചേറായിൽ ഹൗസ്,തൈക്കൽ പി.ഒ, ചേർത്ത<br><br>5. ശ്രീ.പി.ജെ.തോമസ്, സെക്ഷൻ ക്ലാർക്ക്, ചിന്നത്തോപ്പിൽ | |

| | | | | |
|---|---|---|---|---|
| | | | ഹൗസ്,വഴിച്ചേരി വാർഡ്, ആലപ്പുഴ | |
| 6 | 4.13 | **തൃശ്ശൂർ** | **വനിതാ വ്യവസായകേന്ദ്രം പ്രവർത്തന സജ്ജമായില്ല - സജ്ജമായില്ല- നിഷ്ക്രിയ നിക്ഷേപം 10,97,913/- രൂപ(2-12) ഓഡിറ്റ് റിപ്പോർട്ട് വർഷം -2008-09 ഖണ്ഡിക 2-12 ഇ വനിതാ വ്യവസായ കേന്ദ്രം പണി പൂർത്തീകരിച്ചിട്ടും, വാടകയിനത്തിൽ 10,41,600/- രൂപ ചെലവഴിച്ച് നിർമ്മിച്ച കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു.**<br><br>തൃശ്ശൂർ നഗരസഭയിലെ കുർക്കഞ്ചേരി മേഖലയിൽ 14 മുറികളോട്ടു കൂടിയ പനമുക്ക് വനിതാ വ്യവസായ കേന്ദ്രം തൊഴിൽ രഹിതർക്ക് തൊഴിൽ നല്കുക എന്ന ലക്ഷ്യത്തോടെ 2000-01 ൽ 10,97,913/- രൂപയ്ക്ക് പൂർത്തീകരിച്ചു. ഇലക്ട്രിഫിക്കേഷൻ വർക്കുകളും സാനിട്ടേഷൻ വർക്കുകൾക്കുമായി 17.10.2002 ൽ നിർമ്മിതികേന്ദ്രവുമായി കരാറിൽ ഏർപ്പെട്ട് 3,65,000/- രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും ചെയ്തു. ആകെ 1,20,500/- രൂപ അഡ്വാൻസ് നല്കി. 2008-09 വർഷം കെട്ടിടത്തിലേയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കിയെങ്കിലും വെള്ളം ലഭ്യമായിട്ടില്ല.<br><br>2001 ഏപ്രിൽ മുതൽ ഒരു മുറിയ്ക്ക് പ്രതിമാസം 775/ രൂപ നിരക്കിൽ 7 വ്യവസായ സംരഭകർക്ക് മുറി അനുവദിച്ച് | നഗരസഭയോട് കൂട്ടിച്ചേർത്ത കുർക്കാഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രദേശത്തുണ്ടായിരുന്ന സ്ഥാപനമായിരുന്നു പ്രസ്തുത കെട്ടിടം. പ്രസ്തുത കെട്ടിടത്തിലെ താഴത്തെ നിലയിലുള്ള ഏഴ് കടമുറികൾ ലൈസൻസ് വ്യവസ്ഥയിൽ വനിതകൾക്കായി നല്കിയിട്ടുണ്ടായിരുന്നു. ആയത് പ്രകാരം നഗരസഭയ്ക്ക് പ്രതിമാസം ലൈസൻസ് ഫീ ഇനത്തിൽ 15367/- രൂപ ലഭിക്കുന്നുണ്ട്. 2013-16 കാലഘട്ടത്തിൽ മാത്രമാണ് ഒന്നാം നിലയിലെ ഏഴ് മുറികൾ 4500 രൂപയ്ക്ക് ശ്രീമതി മരിയാ ജയിംസ് ഏറ്റെടുത്തിരുന്നെതെങ്കിലും ടിയാരി സംരഭം നഷ്ടത്തിലായതിനെ തുടർന്ന് ടി മുറികൾ ഒഴിയുകയാണുണ്ടായത്. തുടർന്ന് പലതവണ പത്രമാധ്യമങ്ങളിലൂടെ പരസ്യം നല്കി ടെണ്ടർ/ലേല/ ഓഫർ നടപടികൾ സ്വീകരിച്ചിട്ടും ആരുമേറ്റെടുക്കാത്ത പ്രസ്തുത മുറികൾ ഒഴിഞ്ഞുകിടക്കുകയാണ്.<br><br>ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 14/05/2018 ലെ |

| | | | | |
|---|---|---|---|---|
| | | | നല്കിയിരുന്നു. എന്നാൽ വെള്ളം/ വൈദ്യുതി എന്നിവയുടെ അഭാവം നിമിത്തം പതിനാല് മുറികളും ഉപയോഗയോഗ്യമായില്ല.<br><br>വ്യവസായ കേന്ദ്ര നിർമ്മാണം പൂർത്തിക്കരിച്ചിട്ടും നാളിതുവരെ പ്രവർത്തന സജ്ജമാക്കാതിരുന്നതുമൂലം 2008-09 വരെ വാടകയിനത്തിൽ ഏകദേശം 10,41,600/- രൂപയുടെ (775x14x12x8) റവന്യൂ നഷ്ടം നഗരസഭയ്ക്ക് സംഭവിച്ചിട്ടുണ്ട്.<br><br>ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്ന വിവരം അറിയിച്ച് തൃശ്ശൂർ നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 08.05.2012 ലെ എൽ .എഫ് . ആർ ടി .സി 08-249/2012 നമ്പർ കത്ത് നല്കിയിരുന്നു. ആയതിന് മറുപടിയായി 14 മുറികളിൽ 10 മുറികൾ 2 തവണ ടെണ്ടർ ചെയ്തതിൽ ആരും തന്നെ പങ്കെടുത്തിരുന്നില്ല എന്നും 4 മുറികൾ ലൈസൻസ് വ്യവസ്ഥയിൽ നല്കിയിട്ടുണ്ട്. എന്നുമാണ് നഗരസഭാ സെക്രട്ടറി അറിയിച്ചിരിക്കുന്നത്(2012 മെയ്)<br><br>നിർമ്മാണം പൂർത്തിയായി പതിനൊന്ന് വർഷം കഴിഞ്ഞിട്ടും അടിസ്ഥാന സൗകര്യങ്ങളുടെ അഭാവം നിമിത്തം പതിനാല് മുറികളുള്ള വനിതാ വ്യവസായ കേന്ദ്രം വാടകയ്ക്ക് നല്കുവാൻ കഴിയാത്തിതനാൽ 10,97,913/-രൂപ ചെലവഴിച്ച് പണിത കെട്ടിടം നിഷ്ക്രിയ ആസ്തിയായി അവശേഷിക്കുന്നു. | 24-ാം നമ്പർ തീരുമാനപ്രകാരം ഒന്നാം നിലയിലെ ഏഴ് മുറികൾ ഹാളാക്കി പരിവർത്തനം ചെയ്യുന്നതിന് തീരുമാനിച്ചിരുന്നുവെങ്കിലും 02.09.2018 ൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം ചേരുകയും പ്രസ്തുത മുറികൾ ഹാളാക്കി മാറ്റുവാൻ സാധിക്കുകയില്ലെന്ന് കോർപ്പറേഷന്റെ സാങ്കേതിക വിഭാഗം റിപ്പോർട്ട് നല്കിയതിന്റെ അടിസ്ഥാനത്തിൽ 13.09.2018 ലെ ധനകാര്യ സ്റ്റാൻറിംഗ് കമ്മിറ്റിയുടെ 15-ാം നമ്പർ തീരുമാനപ്രകാരം നിയമാനുസൃത വാടക ഈടാക്കി ടി കെട്ടിടം ചെറുകിട യൂണിറ്റ് തുടങ്ങുന്നതിനായി കുടുംബശ്രീയ്ക്ക് കൈമാറുന്നതിന് ശുപാർശ ചെയ്തുവെങ്കിലും ടി കെട്ടിടത്തിൽ ഇലക്ട്രിസിറ്റി, വാട്ടർ കണ്കഷനുകളുടെ അപര്യാപ്ത സംബന്ധിച്ചും കിണർ, ബോർവെൽ,, പൊതുവായ ഇലക്ട്രിക് കണക്ഷൻ പോയിൻറിംഗ്, ഗേറ്റ് ഫിക്സിംഗ് എന്നീ പ്രവർത്തികൾ അത്യാവശ്യമായി ചെയ്യേണ്ടതുണ്ടെന്നും ആയത് പ്രകാരം വനിതാ വ്യവസായ കേന്ദ്രത്തിലെ ഒഴിവുള്ള മുറികൾ നിലവിലെ സാഹചര്യത്തിൽ ടെണ്ടർ ചെയ്യാൻ യോഗ്യമല്ലെന്ന് കുർക്കഞ്ചേരി സോണൽ അസിസ്റ്റൻറ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് കിണർ/കുഴൽകിണർ നിർമ്മിക്കുന്നതിനും ആവശ്യമായ മറ്റു മെയിൻറനൻസ് പ്രവർത്തികളും നടത്തുന്നതിന് അസിസ്റ്റൻറ് എൻജിനീയർ നിർദ്ദേശം |

| | | | | |
|---|---|---|---|---|
| | | | | നല്കിയിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നത് കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് വിനീതമായി അപേക്ഷിക്കുന്നു ഇത് സംബന്ധിച്ച പരിശോധനയുടെ ഭാഗമായി കൂടുതൽ വരുമാന സാദ്ധ്യതയുള്ള രൂപത്തിലുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിച്ച് സ്ഥാപനത്തിന്റെ പ്രവർത്തനം ഫലപ്രദമാക്കാൻ സർക്കാർ നഗരസഭയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| 7 | **തൃശ്ശൂർ നഗര സഭ** | **4.14** | **പൊളിച്ചുമാറ്റിയ കെട്ടിടത്തിന് "സംരക്ഷണ" പദ്ധതി ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-09 ഖണ്ഡിക 3-24 സ്ഥലപരിശോധന, കെട്ടിട പരിശോധന തുടങ്ങിയ പ്രാഥമിക നടപടികൾ പോലും പാലിക്കാതെ സ്കൂൾ കെട്ടിട ഭാഗങ്ങളുടെ മെയിൻറനൻസിനായി പദ്ധതി തയ്യാറാക്കി**<br><br>**മെയിൻറനൻസ് നടത്തേണ്ട കെട്ടിടം കോർപ്പറേഷനെ അറിയിക്കാതെ സ്കൂൾ അധികൃതർ പൊളിച്ചുമാറ്റി- മെയിൻറനൻസിന് കോസ്റ്റ് ഫോർഡിന് നല്കിയ മുൻകൂർ തുക തിരികെ ലഭിച്ചിട്ടില്ല.**<br><br>തൃശ്ശൂർ ഗവൺമെൻറ് മോഡൽ ഗേൾസ് ഹൈസ്കൂളിലെ | കെട്ടിടം പൊളിച്ച് നീക്കപ്പെട്ട സാഹചര്യത്തിൽ നഗരസഭ നോൺ റോഡ് മെയിൻറനൻസ് ഗ്രാൻറിൽ ഉൾപ്പെട്ട പ്രസ്തുത പ്രവർത്തി ചെയ്യാൻ സാധിക്കാത്തതിനാൽ മൊബിലൈസേഷൻ അഡ്വാൻസ് തുകയായ 79,796/- രൂപ 24.04.2013 ൽ 01/11301500023 രസീത് നമ്പർ പ്രകാരം നഗരസഭ ഫണ്ടിൽ വരവ് വച്ചിട്ടുള്ളതുമാണ്. ഈ സാഹചര്യം കണക്കിലെടുത്ത് ഓഡിറ്റ് പരാമർശം ഒഴിവാക്കി നല്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭ സമിതി മുൻപാകെ അഭ്യർത്ഥിക്കുന്നു. |

| | | | | | |
|---|---|---|---|---|---|
| | | | ഉപയോഗശൂന്യമായ ടോയ്ലറ്റ് ബ്ലോക്കിൻെറ ഓട് മേൽക്കൂര മാറ്റി ആർ.സി റൂഫ് ആക്കുന്നതിനും തറയിൽ ടൈൽസ് വിരിക്കുന്നതിനും സ്റ്റാഫ് റൂം, സ്കൂൾ വരാന്ത, കഞ്ഞിപ്പുര എന്നിവ റിപ്പയർ ചെയ്യുന്നതിനും സൈക്കിൾ ഷെഡ് പണിയുന്നതിനും ലക്ഷ്യമിടുന്ന 4 ലക്ഷം രൂപ അടങ്കലുള്ള പദ്ധതിയ്ക്ക് ജില്ലാ പ്ലാനിംഗ് കമ്മിറ്റി അംഗീകാരം നല്കി(നം.എസ് 422/08)<br><br>ടെണ്ടർ ചെയ്തപ്പോൾ ഏറ്റെടുക്കുവാൻ ആളില്ലാത്തതിനാൽ പ്രവർത്തി കോസ്റ്റ് ഫോർഡിനെ ഏൽപ്പിക്കുകയും 25.03.2008 ൽ കരാറിലേൽപ്പെട്ട് 79,796/- മുൻകൂർ നല്കുകയും ചെയ്തു. പ്രവർത്തി തുടങ്ങുന്നതിനു മുന്നോടിയായി സ്ഥലം പരിശോധയ്ക്ക് എത്തിയ കോസ്റ്റ് ഫോർഡ് അധികൃതർക്ക് അറ്റകുറ്റപണി നടത്തേണ്ട കെട്ടിടമോ ഭാഗങ്ങളോ കാണാനായില്ലെന്ന് 26.08.2008 ലെ കത്തിൽ കോസ്റ്റ് ഫോർഡ് ഡയറക്ടർ കോർപ്പറേഷൻ സെക്രട്ടറിയെ അറിയിച്ചു. മരം വീണ് കെട്ടിടം അപകടാവസ്ഥയിലായിരുന്നതിനാലാണ് പൊളിച്ച് നീക്കിയത് എന്ന് സ്കൂൾ അധികൃതർ വിശദീകരിച്ചു.(2009 മാർച്ച്). അധികാര വികേന്ദ്രീയകരണ ഫലമായി കോർപ്പറേഷൻ അധികാരപരിധിയിൽ പെട്ട് സ്കൂൾ കെട്ടിടത്തിൻെറ അപകടാവസ്ഥ കോർപ്പറേഷനെ അറിയിക്കാതെ പൊളിച്ചു മാറ്റിയ സ്കൂൾ അധികൃതരുടെ നടപടി ക്രമവിരുദ്ധമാണ്.<br><br>സ്ഥലപരിശോധന, കെട്ടിട പരിശോധന, സ്കൂൾ അധികൃതരുമായി കൂടിയാലോചന തുടങ്ങിയ പ്രഥമിക നടപടികൾ പാലിക്കാതെയാണ് പദ്ധതിയും എസ്റ്റിമേറ്റും | |

| | | | | |
|---|---|---|---|---|
| | | | തയ്യാറാക്കിയിരിക്കുന്നത് എന്ന് ഇതിൽ വ്യക്തമാണ്.<br><br>എസ്റ്റിമേറേറ് തുകയിൽ വർദ്ധനവ് വരുത്താതെ എസ്റ്റിമേറ്റ് പുതുക്കി തയ്യറാക്കി കോസ്റ്റ് ഫോർഡിനെ കൊണ്ട് തന്നെ പ്രവർത്തി നടത്തുന്നതിന് കൗൺസിൽ തീരുമാനിച്ചു. (നം.38/27.12.08). കോസ്റ്റ് ഫോർഡ് എസ്റ്റിമേറ്റ് നല്കാത്തതിനാൽ 2009-10 വർഷം പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രോജക്ട് സ്പിൽ ഓവറായി നടത്തുന്നതിന് കൗൺസിൽ തീരുമാനിച്ചിരുന്നു. എന്നാൽ കോസ്റ്റ് ഫോർട് നാളിതുവരെ എസ്റ്റിമേറ്റ് സമർപ്പിക്കുയോ പ്രവർത്തി ആരംഭിക്കുകയോ ചെയ്തിട്ടില്ല.<br><br>ഖണ്ഡിക സമാഹൃത ഓഡിറ്റ് റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്ന വിവരം അറിയിച്ച് തൃശ്ശൂർ നഗരസഭാ ഓഡിറ്റ് സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 08.05.2012 ലെഎൽ.എഫ്.പി ആർ.സി 08/249/2012 നമ്പർ കത്ത് നഗരസഭ സെക്രട്ടറിയ്ക്ക് നല്കിയിരുന്നു. ആയതിന് മറുപടിയായി കോർപ്പറേഷൻ അസിസ്റ്റൻറ് എൻജിനീയറുടെ 08.08.2011 ലെ റിപ്പോർട്ട് പ്രകാരം മുൻകൂർ നല്കിയ 79,796/- രൂപ പലിശ സഹിതം തിരികെ ഈടാക്കുവാൻ നടപടികൾ സ്വീകരിച്ചുവരുകയാണെന്ന് സെക്രട്ടറി അറിയിച്ചിട്ടുണ്ട്.(മെയ് 2012)<br><br>പ്രോജക്ടിൻെറ നിർവ്വഹണസാധ്യത പരിശോധിക്കാതെ 2008-09 വർഷം കോസ്റ്റ്ഫോർഡിൻെറ അക്കൗണ്ടിൽ നിക്ഷേപിച്ച 79,796/- രൂപ നാലു വർഷമായി നിഷ്ക്രിയമായി കിടക്കുകയാണ്. തൊഴിലാളികളുടെ കൂലിയിനത്തിലും പണിസാധനങ്ങളുടെ | |

| | | | | |
|---|---|---|---|---|
| | | | വിലയിനത്തിലും ഈ നാലുവർഷം കൊണ്ട് കാര്യമായ വർദ്ധനവ് വന്നിട്ടുള്ളതിനാൽ പ്രസ്തുത അടങ്കൽ(4,00,000/-രൂപ) കൊണ്ട് ഇനി പ്രോജക്ട് നടപ്പിലാക്കാൻ കഴിയാത്ത അവസ്ഥയാണ്.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:-<br><br>ശ്രീ. പി. എം. ദേവരാജൻ ,സെക്രട്ടറി(റിട്ട:)<br><br>നിള , ചേറ്റുപുഴ പി.ഒ തൃശ്ശൂർ. | |
| 8 | 4.21 | വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത് | **ദേശീയ തൊഴിലുറപ്പ് പദ്ധതി- ആവശ്യകത പരിശോധിക്കാതെ പൈപ്പുകൾ വാങ്ങിക്കൂട്ടി ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009,ഖണ്ഡിക-3-15 - വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ പൈപ്പുകൾ വാങ്ങിപൈപ്പുകൾ ഇറക്കുന്നതിന് മുൻപ് സ്ഥാപനത്തിന് 7 ലക്ഷം രൂപ അഡ്വാൻസ് നല്കി വാങ്ങിയ മുഴുവൻ പൈപ്പുകളും ഉപയോഗപ്രദമാക്കിയിട്ടില്ല.**<br><br>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി വിവിധ പ്രദേശങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് 2008-2009-ൽ ആകെ 17,53,675/- ലക്ഷം രൂപയുടെ 312 പൈപ്പുകൾ മുക്കം, തുളുവനാനിക്കൽ പൈപ്പ്സിൽ നിന്നും വാങ്ങിയിട്ടുണ്ട്. വാങ്ങിയ പൈപ്പുകളുടെ വില ചുവടെ ചേർക്കുന്നു:- | ആകെ വാങ്ങിയ 312 പൈപ്പുകളിൽ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം 141 പൈപ്പുകൾ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് ബോധ്യപ്പെട്ടിട്ടുണ്ട്. തുടർ പരിശോധനകളിൽ 120 പൈപ്പുകൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്. നിലവിൽ പുതിയ റോഡ്ഡു നിർമ്മാണത്തിന്റെ ഭാഗമായി റോഡിന്റെ ഉയരവും വീതിയും കൂട്ടിയതിനാലും പുതിയ കൾവെർട്ട് നിർമ്മിച്ചതിനാലും പൈപ്പുകൾ കാണാൻ കഴിയാത്ത സാഹചര്യമാണെന്നും പ്രാദേശിക പരിശോധനയിൽ വ്യക്തമായിട്ടുണ്ട്. 39 പൈപ്പുകൾ സ്ഥാപിച്ചത് സംബന്ധിച്ചത് കണ്ടെത്താൻ സാധിച്ചിട്ടില്ല . 2008-09 കാലയളവിലാണ് പ്രസ്തുത പൈപ്പുകൾ വിവിധ |

| | | | | |
|---|---|---|---|---|
| | | | എണ്ണം/നിരക്ക്<br><br>1. അടി പൈപ്പ് 44 x 1850 = 81,4000/-രൂപ<br><br>2. അടി പൈപ്പ് 120 x 4218 = 5,06,160/-രൂപ<br><br>3. അടി പൈപ്പ് 133 x 7365 = 9,79,545/-രൂപ<br><br>4. അടി പൈപ്പ് 15 x 12438 = 1,86,570/-രൂപ<br><br>**ആകെ = 17,53,675/-രൂപ**<br><br>പൈപ്പ് വാങ്ങുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നില്ല. പൈപ്പ് സപ്ലൈ ചെയ്യുന്നതിന് മൂന്ന് ടെണ്ടറുകൾ ലഭിച്ചതിൽ അംഗീകരിച്ച ടെണ്ടർ ആയ തുളുവനാനിക്കൽ പൈപ്പുമായി നെഗോസിയേഷനും നടത്തിയിരുന്നില്ല. പൈപ്പുകൾ ഇറക്കുന്നതിന് മുൻപ് തന്നെ സ്ഥാപനത്തിൽ 7 ലക്ഷം രൂപ (ഡി ഡി നം.224629 തീയതി 21.03.2009 പ്രകാരം) അഡ്വാൻസ് നല്കിയിരുന്നു. സ്ഥലം പരിശോധനയിൽ ഭൂരിഭാഗം പൈപ്പുകളും ഉപയോഗിക്കാതെ കിടക്കുന്നതായും ഉപയോഗിച്ചവ തന്നെ ശരിയായ രീതിയിൽ സ്ഥാപിക്കാത്തതിനാൽ തകർച്ചാ ഭീഷണി നേരിടുന്നതായും ബോധ്യപ്പെടുകയുണ്ടായി. ഇതിൽ 181 പൈപ്പുകൾ ഭാഗികമായോ/ശരിയായോ ഉപയോഗിച്ചതായും 67 എണ്ണം ഉപയോഗിക്കാത്തതായും കാണുകയുണ്ടായി. 64 എണ്ണം | പ്രദേശങ്ങളിൽ ഉപയോഗപ്പെടുത്തിയിട്ടുള്ളത് നിലവിൽ പ്രസ്തുത റോഡുകളിൽ പലതിലും റിപ്പയർ പ്രവർത്തികൾ നടത്തിട്ടുള്ളതിനാൽ ആയത് പൂർണ്ണമായും കണ്ടെത്തുന്നത് അപ്രായോഗികമാണ്. ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ശ്രീ. ജോസ് കുമാർ പി.എം. സെക്രട്ടറി ഇൻ ചാർജ്ജ് 31.10.2017 തീയതിയിൽ സർവീസിൽ നിന്നും വിരമിച്ചിട്ടുള്ളതാണ്. കണ്ടെത്താൻ ബാക്കിയുള്ള 39 പൈപ്പുകളുടെ വിലയായ 31,154/- രൂപ ടിയാളുടെ ഡി സി ആർ ജിയിൽ നിന്ന് ഈടാക്കുന്നതിന് സമ്മതമാണെന്ന് ടിയാൻ അറിയിച്ചിട്ടുണ്ട് ടി തുക എത്രയും പെട്ടെന്ന് ഈടാക്കുന്നതിന് സർക്കാർ നിർദ്ദേശം നല്കിയിട്ടുണ്ട്. |

| | | | | |
|---|---|---|---|---|
| | | | എവിടെ സ്ഥാപിച്ചു എന്നു വിശദീകരിച്ചിട്ടില്ല. ആവശ്യകത സംബന്ധിച്ച പഠനത്തിൻെറയോ റിപ്പോർട്ടിൻെറയോ അടിസ്ഥാനത്തിലല്ല പൈപ്പുകൾ വാങ്ങിയത്. പ്രസ്തുത വിഷയം സംബന്ധിച്ച് സമഗ്ര അന്വേഷണം ആവശ്യമാണ്.<br><br>ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്ന വിവരം വയനാട് ജില്ലാ സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 21.05.2012 -ലെ എൽ.എഫ്(ഡബ്ല്യു) പി.2-318/12-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.<br><br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ.<br><br>ശ്രീ എം. ജോസ് കുമാർ, സെക്രട്ടറി ഇൻ ചാർജ്ജ്<br><br>പരിയാരത്തുവീട് ബൈബിൾ ലാൻറ്, പൊഴുതന, കൽപ്പറ്റ. | |
| 9 | 4.23 | **മയ്യിൽ ഗ്രാമപഞ്ചായത്ത്** | **മണൽ വിൽപ്പന പഞ്ചായത്ത് വിഹിതം ഈടാക്കിയതിൽ കുറവ് 4,28,536/-രൂപ-ഓഡിറ്റ് റിപ്പോർട്ട് വർഷം 2008-2009, ഖണ്ഡിക 2-3-പഞ്ചായത്തിന് ലഭിക്കേണ്ട വിഹിതം കൃത്യമായി ഒടുക്കിയിട്ടില്ല.-പഞ്ചായത്തിന് 4,28,536/-രൂപയുടെ വരവ് നഷ്ടം**<br><br>മയ്യിൽ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് ഒരു ലോഡ് മണലിന്റെ വിൽപന വില 800/- രൂപയാണ്. ഇതിൽ | 2007-08 വർഷത്തെ മുൻകൂർ തുകയായി ലഭിച്ച 3,70,678/- രൂപ 2007-08 വർഷത്തിൽ തന്നെ വരവായി ചേർത്തിരുന്നു. ആയതിനാലാണ് പ്രസ്തുത തുക 2008-09 വർഷത്തിൽ കുറവായി രേഖപ്പെടുത്തപ്പെട്ടത്. ആ.യതിൻെറ ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് ബോധ്യപ്പെട്ടുകയുണ്ടായി. നിശ്ചിത കാലാവധി കഴിഞ്ഞതിനാൽ 4,27,701-/രൂപ ഡെപ്പോസിറ്റ് ഇനത്തിൽ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് |

| | | | | |
|---|---|---|---|---|
| | | | കൂലിച്ചെലവായ 409/- രൂപയും അനുബന്ധചെലവായ 391/- രൂപയും (പഞ്ചായത്ത് വിഹിതം 135/- രൂപ, റിവർമാനേജ്മെന്റ് ഫണ്ട് 135/- രൂപ, റോയൽറ്റി 50/- രൂപ, വിൽപ്പന നികുതി (വാറ്റ്) 32/- രൂപ, ഇൻകം ടാക്സ് 18/- രൂപ, വാച്ച്മാൻ കൂലി 10/- രൂപ, ഓഫീസ് ചെലവ് 11 രൂപ) ഉൾപ്പെട്ടിട്ടുണ്ട്.<br>ഒരു ലോഡ് മണൽ വിൽക്കുമ്പോൾ 391/- രൂപയാണ് ഗ്രാമപഞ്ചായത്ത് ഫണ്ടിൽ അടയ്ക്കുന്നത്. കൂലിച്ചെലവായ 409/- രൂപ ഗ്രാമപഞ്ചായത്തിൽ അടയ്ക്കുന്നില്ല. 30 ദിവസത്തേയ്ക്കുള്ള തുക മുൻകൂറായി വാങ്ങി അതനുസരിച്ച് എല്ലാ ആഴ്ചകളിലും മണൽ പാസ് ഒപ്പിട്ട് കടവുകളിലെ വാച്ച്മാൻ വശം നൽകുന്ന രീതിയാണ് തുടർന്നു വരുന്നത്.<br>രേഖകൾ പരിശോധിച്ചപ്പോൾ 2008-2009 സാമ്പത്തിക വർഷം 13016 പാസ്സുകൾക്കുള്ള തുക പഞ്ചായത്ത് ഫണ്ടിൽ നിന്നും ബന്ധപ്പെട്ട വകുപ്പിൽ അടച്ചതായും അത്രയും തന്നെ പാസ്സുകൾ നൽകിയതായും കണ്ടു. 13016 പാസ്സുകൾ നൽകിയ ഇനത്തിൽ 50,89,256/- രൂപ (13016 X 391) പഞ്ചായത്തിൽ അടക്കേണ്ടതുണ്ട്. എന്നാൽ കാഷ് ബുക്ക്, വരവ് രജിസ്റ്റർ, വാർഷിക കണക്കുകൾ എന്നിവ പ്രകാരം 4660720/- രൂപ മാത്രമാണ് പഞ്ചായത്തിൽ അടച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച രജിസ്റ്ററുകൾ പരിശോധിച്ചതിൽ നിന്നും താഴെപ്പറയുന്ന കടവുകളിലേയ്ക്ക് മണൽ പാസ്സുകൾ നൽകിയ വകയിൽ 4,28,536/- രൂപ പഞ്ചായത്തിൽ ഒടുക്കിയിട്ടില്ല എന്ന് വ്യക്തമായി. | കണ്ടുകെട്ടുകയുണ്ടായി. പ്രസ്തുത തുകയിൽ 3,92,965-/ രൂപയും മണൽ വില്പനയുമായി ബന്ധപ്പെട്ട് ,ഡെപ്പോസിറ്റായി ലഭിച്ചതാണ്. ഓഡിറ്റ് പരാമർശ പ്രകാരം കുറവ് വന്ന തുക 57868/-രൂപ (4,28536-370668=57868) ഡെപ്പോസിറ്റിൽ നിന്നും കണ്ടെത്തി ക്രമീകരിക്കുകയും ചെയ്തിരുന്നു. 57,868/- രൂപയുടെ കുറവാണ് 2007-2009 വർഷങ്ങളിൽ ഉണ്ടായത്. മണലിനത്തിൽ ഡിപ്പോസിറ്റായി ലഭിച്ച 3,92,965/- രൂപ നിശ്ചിത കാലാവധി കഴിഞ്ഞതിനാൽ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽ കൂട്ടുകയുണ്ടായി. 2007-08,2008-09 വർഷങ്ങളിൽ മണൽ വില്പനയിൽ പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലായെന്ന് ബന്ധപ്പെട്ട രേഖകൾ പരിശോധിച്ച് പഞ്ചായത്ത് ഭരണസമിതിയ്ക്ക് ബോധ്യപ്പെട്ടിട്ടുള്ളതാണെന്നും സാമ്പത്തിക നഷ്ടമൊന്നും ഉണ്ടാകാത്തതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് അപേക്ഷ സർക്കാരിൽ നല്കുന്നതാണെന്നും പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. മേൽ അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് യുക്തമായ തീരുമാനം സർക്കാർ കൈക്കൊള്ളുന്നതാണെന്ന് ബഹുമാനപ്പെട്ട സമിതി മുൻപാകെ അറിയിക്കുന്നു. |

| കടവിൻെറ | നല്കിയ | അടവാക്കേ | അടവാക്കി | കുറവ് വന്ന |
|---|---|---|---|---|

| പേര് | മണൽ പാസ്സുകളുടെ എണ്ണം | ണ്ട തുക(രൂപ) | യ തുക(രൂപ) | തുക(രൂപ) |
|---|---|---|---|---|
| 1. പറശ്ശിനി | 3416 | 13,35,656/- | 13,13,760/- | 21.896/- |
| 2. മുല്ലക്കൊടി | 2470 | 9,65,770/- | 8,21,100/- | 1,44,670/- |
| 3. കണ്ടക്കൈ | 2470 | 9,65,770/- | 9,50,130/- | 15,640/- |
| 4.ചെക്കിക്കടവ് | 2430 | 9,50,130/- | 9,30,580/- | 19,550/- |
| 5. ചീരാച്ചേരി | 1015 | 3,96,865/- | 2,34,600/- | 1,62,265/- |
| 6. ആയ്യാർ മുനമ്പ് | 1215 | 4,75,065/- | 4,10,550/- | 64,515/- |
| ആകെ | 13016 | 50,89,256/- | 46,60,720/- | 4,28,536/- |

ഒടുക്കിൽ കുറവ് വന്ന 4,28,536/- രൂപ ഉത്തരവാദിയായവരിൽ നിന്നും പലിശ സഹിതം ഈടാക്കേണ്ടതാണ്.

പ്രസ്തുത ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശുപാർശ ചെയ്യുന്ന വിവരം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

| | | | | |
|---|---|---|---|---|
| | | | എൽ.എഫ്/കെ.എൻ. ആർ/ബി1/628/12-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 30.05.2012-ലെ സെക്രട്ടറിയുടെ മറുപടിയിൽ 2007-08, 2008-09, 2009-10 വർഷങ്ങളിൽ കുടിശ്ശികയായി 11,51,291/- രൂപ അടച്ചതായി പറഞ്ഞിട്ടുണ്ട്. തുകയുടെ വർഷം തിരിച്ചുള്ള വിശദവിവരം ലഭ്യമല്ലെന്നും അടച്ചതായി പറയുന്ന തുക 2009-10 വർഷത്തെ യഥാർത്ഥ വരവിൽ ഉൾപ്പെടുന്നത് മാത്രമാണെന്നും രജിസ്റ്ററുകളുടെ പരിശോധനയിൽ നിന്നും വ്യക്തമായി.<br>ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:-<br><br>പി.കെ.പ്രേമൻ<br>സെക്രട്ടറി, ജൂനിയർ സൂപ്രണ്ട്<br>(പൂഴാതി ഗ്രാമപഞ്ചായത്ത്, കണ്ണൂർ)<br>പഴുന്നും കുട്ടത്തിൽ ഹൗസ്,<br>മുയിപ്പോത്ത്.പി.ഒ, (വഴി) മേപ്പയ്യൂർ,<br>കോഴിക്കോട് | |
| 10 | 4.24 | കണ്ണൂർ നഗരസഭ | **ഖരമാലിന്യ പ്ലാന്റ്- പിൻവലിച്ച പദ്ധതി വിഹിതം വിനിയോഗിച്ചില്ല.-ഓഡിറ്റ് റിപ്പോർട്ട് വർഷം-2008-2009 ഖണ്ഡിക 3-10-സർക്കാർ ഉത്തരവിന് വിരുദ്ധമായി 56,57,671/- രൂപ ബാങ്കിൽ നിക്ഷേപിച്ചു-പദ്ധതി നിർവ്വഹണത്തിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ചിട്ടില്ല-31.05.2010-ൽ പ്രസ്തുത അക്കൗണ്ടിൽ പലിശ ഉൾപ്പെടെ 58,74,599/- രൂപയുണ്ട്.** | ഖരമാലിന്യ സംസ്കരണം എന്ന പ്രോജക്ടിനാവശ്യമായ 80% തുക കേന്ദ്ര സർക്കാരിൽ നിന്നും, 10% സംസ്ഥാന സർക്കാരിൽ നിന്നും, 10% നഗരസഭാ ഫണ്ടിൽ നിന്നുമാണ് വഹിക്കേണ്ടിയിരുന്നതാണ്. ടി പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമായിട്ടില്ലാത്തതാണ്. നഗരസഭ വിഹിതമായ |

| | | | | |
|---|---|---|---|---|
| | | | യു.ഐ.ഡി.എസ്.എസ്.എം.റ്റി പദ്ധതി പ്രകാരം ഖരമാലിന്യ സംസ്കരണ പ്ലാന്റ് നിർമ്മിക്കുന്നതിന് നഗരസഭയുടെ വിഹിതമായ 56,57,671/- രൂപ 2008-09 വർഷത്തെ പദ്ധതി വിഹിതത്തിൽ നിന്നും ബിൽ നമ്പർ 121/08-09 പ്രകാരം 31.03.2009-ന് പിൻവലിച്ച് സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ കണ്ണൂർ സിവിൽ സ്റ്റേഷൻ ബ്രാഞ്ചിലെ 67079546575 നമ്പർ എസ്.ബി അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്നു. എന്നാൽ കണ്ണൂർ നഗരസഭയുടെ 12.05.2010-ലെ ഇ 4-17190/08 എം. പ്രവർത്തന പുരോഗതി റിപ്പോർട്ട് പ്രകാരം ഈ പദ്ധതി ഒരു പുരോഗതിയും കൈവരിച്ചിട്ടില്ല. ബാങ്ക് അക്കൗണ്ടിന്റെ പരിശോധനയിൽ ഈ തുക നാളിതുവരെ വിനിയോഗിച്ചിട്ടില്ലെന്നും വ്യക്തമായി.<br>സ.ഉ (പി) 177/2006/ധന, തീയതി 12.04.2006-ലെ ഖണ്ഡിക 8-3 ൽ പിൻവലിച്ചതും, വിനിയോഗിക്കാത്തതുമായ തുക 30 ദിവസത്തിനകം തിരിച്ചടയ്ക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. നഗരസഭ പ്രസ്തുത തുക നാളിതുവരെ വിനിയോഗിക്കുകയോ, കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് തിരിച്ചടയ്ക്കുകയോ ചെയ്തിട്ടില്ല. ഇത് സർക്കാർ ഉത്തരവിന്റെ ലംഘനമാണ്. ഈ വിഷയം സംബന്ധിച്ച് 08.06.2010-ന് നഗരസഭ സെക്രട്ടറിയോട് വിശദീകരണം ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെട്ടിരുന്നു. 19.06.2010-ന് ഇ 4/18872/08-ാം നം കത്ത് പ്രകാരം ലഭ്യമാക്കിയ വിശദീകരണത്തിന് ഈ പ്രോജക്ടിന് നാളിതുവരെ കേന്ദ്ര സർക്കാർ അംഗീകാരം ലഭിച്ചിട്ടില്ല എന്നും ആയത് ലഭ്യമായാൽ തുക വിനിയോഗിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. കേന്ദ്ര സർക്കാർ അംഗീകാരം ആവശ്യമായ പദ്ധതിയ്ക്ക് ആയത് | (10%) 5657671/- രൂപ എസ് ബി ടിയിൽ ആരംഭിച്ച 67079546575 നമ്പർ അക്കൗണ്ടിൽ പ്രത്യേകമായി നിക്ഷേപിച്ചിരുന്നത് ഓഡിറ്റ് പരാമർശങ്ങൾ പരിഹരിക്കുന്നതിനായി പലിശയുൾപ്പെടെയുള്ള 89,01,052/-രൂപ(എൺപത്തിയൊൻപത് ലക്ഷത്തി ആയിരത്തി അന്പത്തി രണ്ട് രൂപ മാത്രം) 30.12.2021 ന് കണ്ണൂർ ജില്ലാ ട്രഷറിയിൽ കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് ഒടുക്കിയിട്ടുള്ളതായി നഗരകാര്യ ഡയറക്ടേറ്റിൽ നിന്നും അറിയിപ്പ് ലഭിച്ചിട്ടുണ്ട്.പകർപ്പ് ഉള്ളടക്കം ചെയ്യുന്നു,(അനുബന്ധം-1). ടി സാഹചര്യത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കണമെന്ന് ബഹുമാനപ്പെട്ട നിയമസഭാ സമിതിയോട് അഭ്യർത്ഥിക്കുന്നു. |

ലഭ്യമാക്കാതെ പദ്ധതി വിഹിതത്തിൽ നിന്നും തുക പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ച നഗരസഭയുടെ നടപടി ന്യായീകരിക്കാവുന്നതല്ല. അതിനാൽ ബിൽ നം.121/08-09 പ്രകാരം പിൻവലിച്ചതും നാളിതുവരെ വിനിയോഗിക്കാത്തതുമായ 56,57,671/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തി. 31.05.2010-ൽ ഈ അക്കൗണ്ടിൽ പലിശ ഉൾപ്പെടെ 58,74,599/- രൂപയുണ്ട്.

ഈ ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം ഡെപ്യൂട്ടി ഡയറക്ടർ 07.06.2012-ലെ എൽ.എഫ്.സി.എം.3/150/12-ാം കത്ത് പ്രകാരം നഗരസഭാ സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. 30.04.2012-ലെ നഗരസഭയുടെ മറുപടിയിൽ പ്രസ്തുത തുക ഇതുവരെ ചെലവഴിച്ചിട്ടില്ലെന്നും പദ്ധതിയ്ക്ക് സർക്കാർ അംഗീകാരം ലഭിച്ചാലുടൻ ചെലവഴിക്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ:-

ബി.കെ.ബാലരാജ്, അഡീഷണൽ സെക്രട്ടറി
സിവിൽ സ്റ്റേഷൻ റോഡ്, കോപ്പ, മുട്ടത്തൊടി, വിദ്യാനഗർ
പി.ഒ,,കാസർഗോഡ്.



M.S. BIJUKUTTAN
Additional Secretary to Govt.
Local Self Government Dept.
Govt. Secretariat, Tvpm.
PEN. 101250

(അനുബന്ധം -1)

# കണ്ണൂർ നഗരസഭ

അഡീഷണൽ സെക്രട്ടറി
മുനിസിപ്പൽകോർപ്പറേഷൻ
കണ്ണൂർ.

മുനിസിപ്പൽ കോർപ്പറേഷൻ ഓഫീസ്,
പി.ബി.നമ്പർ: 39,
കണ്ണൂർ-670001.
ഫോൺ : 0497 2700141
ഇമെയിൽ:
kannurmunicipalcorporation@gmail.com

ഭരണഭാഷ- മാതൃഭാഷ

എ3-13522/13

തീയ്യതി: 30-12-2021

നഗരകാര്യ ഡയരക്ടർ,
തിരുവനന്തപുരം.

സർ,

വിഷയം:- കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ - അക്കൗണ്ട്സ് വിഭാഗം - 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് - തുക തിരിച്ചടച്ച വിവരം അറിയിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) അങ്ങയുടെ 23/12/2021ലെ എഫ്2-24751/2021 നമ്പർ കത്ത്.
2) ബഹു.നഗരസഭാ കൗൺസിലിന്റെ 28-12-2021 ലെ 41-ാം നമ്പർ തീരുമാനം.

*******************

മേൽ വിഷയത്തിലെക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കണ്ണൂർ നഗരസഭ യു.ഐ.ഡി.എസ്.എസ്.എം.ടി പദ്ധതി പ്രകാരം 2008-09 വർഷത്തെ നഗരസഭാ വിഹിതമായി പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് എസ്ബിടി ബാങ്കിൽ 67079546575 നമ്പർ അക്കൗണ്ടിൽ നിക്ഷേപിച്ച 5657671/- രൂപ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് 2011-12 ഖണ്ഡിക 4.24 പരാമർശ പ്രകാരം തടസ്സപ്പെടുത്തിയ തുക നിലവിലുള്ള പലിശയുപ്പെടെ 8901052/- രൂപ 30-12-2021 ന് കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കിയിട്ടുള്ള വിവരം അറിയിച്ചു കൊള്ളുന്നു. .

45

വിശ്വസ്തതയോടെ,

ഉള്ളടക്കം: ട്രഷറി ചെലാൻ, പകർപ്പ്

സെക്രട്ടറി
കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ

കേരള സർക്കാർ

ചലാൻ

ഫോറം ടി ആർ 12

അസ്സൽ

ജില്ലാ ട്രഷറി/ഭാരതീയ സ്റ്റേറ്റ് ബാങ്ക്/ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് ........(സ്ഥലം) ൽ പണം ഒടുക്കുന്നതിനുള്ള ചലാൻ

| കമ്പ്യൂട്ടർ ക്രമ നമ്പർ | RP [illegible] | തീയതി | 30 | 12 | 2021 |
|---|---|---|---|---|---|

| ശീർഷകം | 3604 | — | 00 | — | 911 | — | 99 ROP |
|---|---|---|---|---|---|---|---|

ഡി.ഡി.ഒ. കോഡ്: (വകുപ്പ്) [ ] ഡി.ഡി.ഒ. 19014700005

എസ്.ഡി.ഒ. കോഡ് [ ]

| പണമൊടുക്കുന്ന ആളിന്റെ പേരും ആർക്കുവേണ്ടിയാണോ പണമൊടുക്കുന്നത് അയാളുടെ പേരും വിലാസവും | പണമൊടുക്കുന്നതിന്റെ ഉദ്ദേശ്യവും അധികാരപ്പെടുത്തിയ ഉത്തരവിന്റെ അതും | തുക രൂപയിൽ | ബാങ്കിനുള്ള ഉത്തരവ് |
|---|---|---|---|
| SECRETARY MUNICIPAL CORPORATION KANNUR | Balance amount of UIDSSMT project fund refund to govt. Grg = 56576671 Int = 32433381 / 8901052 | 89,01,052/- | ശരി. പണം സ്വീകരിച്ച് രസീത് നൽകുക |
| പണം ഒടുക്കുന്നയാളിന്റെ ഒപ്പ് | ആകെ | 8901,052/- | ട്രഷറി ഓഫീസർ |

ആകെത്തുക അക്കത്തിൽ Eighty nine lakhs one thousand and fifty two only

SECRETARY MUNICIPAL CORPORATION KANNUR

ഒടുക്കുന്നയാളിൽ നിന്നും ........ രൂപ മാത്രം) സ്വീകരിച്ചു.

തീയതി 30 / 12 / 2021 (മുദ്ര)

ട്രഷറർ/ക്യാഷ്യർ ഒപ്പ് ട്രഷറി ഓഫീസർ/ബാങ്ക് മാനേജർ

കുറിപ്പ് —1. പണം സ്വീകരിക്കുന്ന ട്രഷറിയുടെയോ ബാങ്കിന്റെയോ മുദ്ര പതിപ്പിക്കണം.

2. [illegible]

3. [illegible]

KLC2021933902V2m